# പതിനഞ്ചാം കേരള നിയമസഭ

# പതിനാലാം സമ്മേളനം

2025 ഒക്ടോബർ 9, വ്യാഴം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--341]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
| --- | --- |
| കൃഷി വകുപ്പ് മന്ത്രി | : 3634 മുതൽ 3717 വരെ |
| ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി | : 3718 മുതൽ 3831 വരെ |
| ഗതാഗത വകുപ്പ് മന്ത്രി | : 3832 മുതൽ 3893 വരെ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി | : 3894 മുതൽ 3928 വരെ |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി | : 3929 മുതൽ 3974 വരെ |

## കാർഷികരംഗത്തേക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കാൻ നടപടി

3634 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികരംഗത്തേക്ക് കൂടുതൽ യുവാക്കൾ വരുന്നതിനു വിമുഖത കാട്ടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) കാർഷികരംഗത്തേക്ക് വരുന്ന യുവാക്കളെ പരിശീലിപ്പിക്കാനും അവരുടെ കഴിവിനനുസൃതമായി പ്രോത്സാഹിപ്പിക്കാനും സ്വീകരിച്ച നടപടി വിശദമാക്കാമോ?

## പാലക്കാട് ജില്ലയിലെ സ്മാർട്ട് കൃഷിഭവനുകൾ

3635 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ?

## വിത്ത് ബാങ്ക് രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

3636 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അപൂർവ്വയിനം നാടൻ വിത്തുകളുടെയും ജൈവ സർട്ടിഫിക്കേഷൻ നേടിയ പച്ചക്കറികളുടെയും സംരക്ഷണത്തിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പരമ്പരാഗത വിത്തുകളും കാർഷികോല്പന്നങ്ങളും സംരക്ഷിക്കുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള വിത്ത് ബാങ്ക് രൂപീകരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ ഇതിനായുള്ള നടപടിയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ?

**<u>കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്ന നൂതനകൃഷിമുറകൾ</u>**

3637 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിക്കടിയുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾ മൂലം സംസ്ഥാനത്ത് കാർഷിക മേഖലയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കാലാവസ്ഥാ വ്യതിയാനം സംസ്ഥാനത്തെ കാർഷിക മേഖലയെ എങ്ങനെയെല്ലാം ബാധിക്കുമെന്ന് പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കാലാവസ്ഥാ വ്യതിയാനത്തിനനുസൃതമായി സംസ്ഥാനത്ത് കാർഷിക കലണ്ടറിൽ മാറ്റം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്ന തരത്തിലുള്ള നൂതന കൃഷിമുറകൾ പ്രചരിപ്പിക്കുന്നതിനും വ്യാപകമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ കാർഷികമേഖലയുടെ സമഗ്രവികസനം</u>**

3638 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷികമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കൃഷി വകുപ്പ് മുഖേന കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികളും പ്രത്യേക കർമ്മപരിപാടികളും സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

**<u>കാർഷികവിളകളുടെ സംഭരണം</u>**

3639 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ സംഭരിക്കപ്പെടുന്ന വിളകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ സംഭരിക്കുന്ന നെല്ല്, നാളികേരം, റബർ എന്നിവയ്ക്ക് നിലവിൽ നൽകുന്ന വില എത്രയാണെന്ന് അറിയിക്കാമോ;

(സി) സംസ്ഥാന സർക്കാർ സംഭരിച്ചിട്ടുള്ള നെല്ല്, നാളികേരം, റബർ എന്നിവയുടെ വില കർഷകർക്ക് നൽകാൻ ബാക്കിയുണ്ടെങ്കിൽ ഓരോ കർഷകർക്കും എത്ര തുക നൽകാനുണ്ടെന്ന് ജില്ലതിരിച്ച്, സംഭരണ കേന്ദ്രങ്ങൾ തിരിച്ച് അറിയിക്കാമോ;

(ഡി) സംഭരിക്കുന്ന നെല്ല്, നാളികേരം, റബ്ബർ തുടങ്ങിയ വിളകൾക്ക് കേന്ദ്രസർക്കാർ അനുവദിക്കുന്ന തുകയുടെയും സംസ്ഥാന സർക്കാർ അനുവദിക്കുന്ന തുകയുടെയും വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) സംസ്ഥാന സർക്കാർ സംഭരിച്ചിട്ടുള്ള നെല്ല്, നാളികേരം തുടങ്ങിയ വിളകൾക്ക് കേന്ദ്രസർക്കാർ അനുവദിക്കേണ്ടിയിരുന്ന തുക എത്രയാണെന്നും അതിൽ ഇനി അനുവദിക്കാനുള്ളത് എത്ര തുകയാണെന്നും അറിയിക്കാമോ;

(എഫ്) സംസ്ഥാന സർക്കാർ സംഭരിക്കുന്ന മറ്റ് വിളകൾക്ക് നിലവിൽ നൽകുന്ന വില എത്രയാണെന്ന് അറിയിക്കാമോ;

(ജി) സംഭരിക്കുന്ന മറ്റ് വിളകൾക്ക് കേന്ദ്രസർക്കാർ അനുവദിക്കുന്ന തുകയുടെയും സംസ്ഥാന സർക്കാർ അനുവദിക്കുന്ന തുകയുടെയും വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## കാർഷികോല്പന്നങ്ങൾക്ക് വിപണി കണ്ടെത്തൽ

3640 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കാർഷികോല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) അതിനായി ശാസ്ത്ര, സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി നടത്തിയ ഇടപെടൽ വിശദമാക്കാമോ;

(സി) കാർഷികോല്പന്നങ്ങളുടെ സംസ്കരണത്തിൽ നിന്നുള്ള വരുമാനം, അനുബന്ധ വരുമാനങ്ങൾ എന്നിവ കർഷകർക്ക് ലഭ്യമാകാൻ നടത്തിയ ഇടപെടൽ വിശദമാക്കാമോ?

## കോട്ടയം ജില്ലയിലെ അഗ്രോപാർക്കുകൾ

3641 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എവിടെയെല്ലാമാണ് അഗ്രോപാർക്കുകൾ സ്ഥാപിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) കോട്ടയം ജില്ലയിൽ അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച**

3642 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ കാർഷികോല്പന്നങ്ങൾക്കാണ് വിലയിടിവ് നേരിടുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് കൂടുതൽ ആഘാതം ചെലുത്തുന്നവ ഏതൊക്കെയെന്ന് അറിയിക്കുമോ;

(സി) വിലയിടിവ് തടയുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ട്; പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമാണോ; എങ്കിൽ വിശദമാക്കാമോ?

**കാർഷികമേഖലയുടെ ശാക്തീകരണം**

3643 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷികമേഖല ശാക്തീകരിക്കുന്നതിന് പ്രത്യേകിച്ച് ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി 2016 മേയ് മാസം മുതൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) വിഷരഹിത ഭക്ഷണം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ 2016 മേയ് മാസം മുതൽ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ?

**ജൈവ വളങ്ങളുടെ സർക്കാർ ഏജൻസി**

3644 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ സംസ്ഥാനാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കൈപ്പമംഗലം ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് പ്രൊഡ്യൂസർ കമ്പനിയെ ജൈവവളങ്ങളുടെ വിതരണം നടത്തുന്ന സ്കീമുകളിൽ, സർക്കാർ ഏജൻസിയായി ഉൾപ്പെടുത്തുന്നതിനാവശ്യമായ എന്തു നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

**കാട്ടാക്കട നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിലെ കൃഷിയിടങ്ങൾ**

3645 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ 6 പഞ്ചായത്തുകളിലായി എത്ര കൃഷിയിടങ്ങളുണ്ടെന്നും ഏതൊക്കെ കൃഷിയിനങ്ങളാണുള്ളതെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; കഴിഞ്ഞ 10 വർഷത്തിനുള്ളിൽ തരിശുഭൂമി കണ്ടെത്തി കൃഷി യോഗ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; അവയുടെ വിസ്തൃതി പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

## മോര്യാ കാപ്പ് നവീകരണ പദ്ധതി

3646 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽപ്പെട്ട നന്നമ്പ്ര പഞ്ചായത്തിലെ കാർഷിക ജലസേചന പദ്ധതിയായ മോര്യ കാപ്പ് നവീകരണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പദ്ധതിയുടെ നവീകരണവുമായി ബന്ധപ്പെട്ട് കൃഷിവകുപ്പ് തയ്യാറാക്കിയ പ്രൊപ്പോസൽ അടങ്ങിയ ഫയലിന്റെ നിലവിലെ സ്ഥിതി, പ്രവർത്തി ആരംഭിക്കുന്നതിന് ഇനിയും ആവശ്യമായ അനുമതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) ടി പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ പൂർത്തികരിച്ച നടപടികളുടെ വിശദാംശങ്ങൾ ഫയൽ നമ്പറുകൾ സഹിതം വ്യക്തമാക്കാമോ?

## പേരാമ്പ്ര മണ്ഡലത്തിൽ കാർഷിക മേഖലയിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ

3647 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പേരാമ്പ്ര മണ്ഡലത്തിലെ കാർഷിക മേഖലയിൽ അനുവദിച്ചിട്ടുള്ള പദ്ധതികളുടെയും ഓരോന്നിനും അനുവദിച്ചിട്ടുള്ള തുകയുടെയും വിശദാംശം ലഭ്യമാക്കാമോ; അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) മണ്ഡലത്തിൽ കൂത്താളി കൃഷി ഫാമിൽ ഒരു കോക്കനട്ട് പാർക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് ചുമതലപ്പെട്ട ഏജൻസി ഏതാണെന്നും പദ്ധതിയുടെ നിലവിലെ പുരോഗതി എന്താണെന്നും വിശദമാക്കാമോ?

## കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ

3648 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഇതിനോടകം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം കാര്യങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കായംകുളം മണ്ഡലത്തിൽ കൃഷിവകുപ്പ് നടപ്പാക്കിയ പദ്ധതികൾ

3649 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ കൃഷിവകുപ്പ് നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെ; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

## നെല്ലിന്റേയും നാളികേരത്തിന്റേയും ഉല്പാദന ക്ഷമത

3650 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെയും നാളികേരത്തിന്റെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) ഇതിലേയ്ക്കായി എന്തെല്ലാം കർമ്മപദ്ധതികൾക്കാണ് സർക്കാർ രൂപം നൽകിയിട്ടുള്ളത്;

(സി) കഴിഞ്ഞവർഷത്തേക്കാൾ ഉല്പാദനം ഉയർന്നിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എത്രകണ്ട് ഉല്പാദനം വർദ്ധിച്ചു എന്ന് വിശദമാക്കാമോ?

## കൂൺഗ്രാമം പദ്ധതി

3651 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഹോർട്ടികോർപ്പ് മിഷനും പട്ടികവർഗ്ഗ വകുപ്പും സംയുക്തമായി വാമനപുരം മണ്ഡലത്തിലെ നന്ദിയോട് ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കുന്ന കൂൺഗ്രാമം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും പട്ടികവർഗ്ഗ വികസനവകുപ്പ് മുഖാന്തിരമുള്ള ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ എന്നും വിശദമാക്കാമോ?

## കൊണ്ടോട്ടി മണ്ഡലത്തിൽ നടപ്പാക്കിയ വിവിധ കാർഷികപദ്ധതികൾ

3652 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൃഷി വകുപ്പ് കൊണ്ടോട്ടി മണ്ഡലത്തിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കേരഗ്രാമം പദ്ധതി കൊണ്ടോട്ടി മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തിൽ നടപ്പിലാക്കിയെന്നും ഇതുമൂലം എന്തെല്ലാം സഹായങ്ങളാണ് കേരകർഷകർക്ക് ലഭ്യമായതെന്നും വിശദമാക്കുമോ?

## നെന്മാറ നിയോജകമണ്ഡലത്തിൽ കൂൺഗ്രാമം പദ്ധതി

3653 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ കൂൺഗ്രാമം പദ്ധതി തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തു നടപടിയാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതി എന്ന് തുടങ്ങാൻ കഴിയുമെന്നും അതിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും വിശദമാക്കുമോ?

**പുതുതായി കാർഷികരംഗത്ത് കടന്നുവരുന്ന വ്യക്തികൾക്കുള്ള ആനുകൂല്യങ്ങൾ**

3654 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി കാർഷികരംഗത്ത് കടന്നുവരുന്ന വ്യക്തികൾക്ക് എന്തൊക്കെ സൗകര്യങ്ങളും ആനുകൂല്യങ്ങളുമാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇവർക്ക് കാർഷികരംഗത്ത് മികവ് പുലർത്തുന്നതിനായി വകുപ്പ് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്?

**തരിശുരഹിത കേരളം പദ്ധതി**

3655 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശുരഹിത കേരളം പദ്ധതിയുടെ പ്രവർത്തനങ്ങൾ നിലവിൽ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(ബി) തരിശുരഹിത പഞ്ചായത്താക്കി ഉയർത്തുന്നതിന് മണലൂർ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെ തിരഞ്ഞെടുത്തിട്ടുണ്ടെന്നും എന്തെല്ലാം പ്രവൃത്തികളാണ് ഇതുമായി ബന്ധപ്പെട്ട് ആസൂത്രണം ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ; ഈ പ്രവൃത്തികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

**കോതമംഗലം മണ്ഡലത്തിലെ ആർ. ഐ. ഡി. എഫ്. പദ്ധതി**

3656 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ. ഐ. ഡി. എഫ്. പദ്ധതി മുഖേന കാർഷിക മേഖലയിൽ ഏതെല്ലാം തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോതമംഗലം മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക മേഖലയിൽ എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തികൾക്ക് ചെലവായ തുക, അവയുടെ നിലവിലെ പുരോഗതി എന്നിവയും വ്യക്തമാക്കാമോ;

(സി) കോതമംഗലം മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതിയെന്തെന്നും വ്യക്തമാക്കാമോ?

**സംയോജിത ബഹുവിള പുരയിടകൃഷിയെ പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ച നടപടി**

3657 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അയൽക്കൂട്ട ക്ലസ്റ്ററുകളുടെ അടിസ്ഥാനത്തിൽ സംയോജിത ബഹുവിള പുരയിടകൃഷിയെ പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) ഇതിനായി വിത്ത്, വളം തുടങ്ങിയവയുടെ വിതരണം സർക്കാർ നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) സംയോജിത ബഹുവിള പുരയിടകൃഷിയുടെ ഭാഗമായി ചെറുകിട യന്ത്രവല്ക്കരണം, സസ്യസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ സംയോജിതമായി നടത്താൻ സർക്കാർ നടത്തിയ ഇടപെടൽ വിശദമാക്കുമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ ആർ. ഐ. ഡി. എഫ്. പദ്ധതി

3658 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂഞ്ഞാർ മണ്ഡലത്തിൽ ആർ. ഐ. ഡി. എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്; പ്രസ്തുത പ്രവൃത്തികൾക്കായി ആകെ എത്ര തുക ചെലവാക്കിയിട്ടുണ്ട്; അവയുടെ പുരോഗതി അറിയിക്കാമോ;

(ബി) ആർ. ഐ. ഡി. എഫ്. പദ്ധതിയിലുൾപ്പെടുത്തുന്നതിനായി പൂഞ്ഞാർ മണ്ഡലത്തിൽ നിന്ന് പുതിയതായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിന്റെ നിലവിലെ സ്ഥിതി എന്തെന്നും അറിയിക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിൽ കൃഷിവകുപ്പ് നടപ്പാക്കിയ പദ്ധതികൾ

3659 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷിവകുപ്പ് കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(സി) പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## കൃഷിവകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ

3660 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ കൃഷിവകുപ്പ് മുഖേന നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## അരൂർ മണ്ഡലത്തിലെ കൃഷിഭവനുകൾ വഴി നടപ്പാക്കിയ പദ്ധതികൾ

3661 **ശ്രീമതി ദെലീമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം

മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അരൂർ മണ്ഡലത്തിലെ കൃഷിഭവനകൾ വഴി കൃഷിവകുപ്പ് നടപ്പാക്കിയ വിവിധ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ഫണ്ട്</u>**

3662 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ഫണ്ട് എത്രയാണെന്ന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**<u>കോഴിക്കോട് ജില്ലയിലെ കൂൺ ഗ്രാമം പദ്ധതി</u>**

3663 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ ബ്ലോക്കുകളിലാണ് കൂൺ ഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്നും പദ്ധതിയിൽ സർക്കാർ എന്തൊക്കെ സഹായങ്ങളാണ് കൂൺ കർഷകർക്ക് നൽകുന്നതെന്നും വിശദമാക്കാമോ;

(ബി) കൃഷിവകുപ്പിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന കൂൺ കൃഷിയുടെ ഉല്പാദനവും വിതരണവും നടത്തുന്ന സൊസൈറ്റികളോ കമ്പനികളോ നിലവിലുണ്ടോ; എങ്കിൽ അത് ഏതൊക്കെ ജില്ലകൾ കേന്ദ്രീകരിച്ചാണ് പ്രവർത്തിച്ച വരുന്നതെന്നും സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്നും വിശദമാക്കാമോ?

**<u>കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിലെ നെൽക്കൃഷി പ്രോത്സാഹനം</u>**

3664 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിലെ നെൽക്കൃഷി പ്രോത്സാഹനത്തിനായി സംസ്ഥാന സർക്കാർ 2025-26 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ മൊത്തം തുക എത്രയാണ്;

(ബി) 2025-26 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയിൽ ഇതുവരെ യഥാർത്ഥമായി ചെലവഴിച്ചതും വിതരണം ചെയ്തതും നെല്ല സംഭരണത്തിനായി പ്രത്യേകിച്ച് മാറ്റിവച്ചതും ചെലവഴിച്ചതും എത്ര തുകയാണെന്ന് വിശദമാക്കാമോ;

(സി) 2021-ൽ നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ കുട്ടനാട് മേഖലയിലെ കർഷകർക്ക് ലഭിക്കാനുള്ള കുടിശിക എത്രയാണെന്ന് വിശദമാക്കാമോ;

(ഡി) കുടിശിക തീർക്കുന്നതിനായി സ്വീകരിച്ച നടപടിക്രമം എന്തൊക്കെയാണെന്നും കുടിശിക പൂർണമായി വിതരണം ചെയ്യാൻ ലക്ഷ്യമിടുന്ന സമയപരിധി എത്രയാണെന്നും വ്യക്തമാക്കാമോ; 2025-2026 സാമ്പത്തിക വർഷം കുട്ടനാട്

മേഖലയിലെ എത്ര ഹെക്ടർ ഭൂമിയിൽ നെൽക്കൃഷി നടത്തുന്നുണ്ടെന്നും ഇതിന് സർക്കാർ നൽകുന്ന പ്രോത്സാഹന നടപടികൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ;

(ഇ) നെല്ല് സംഭരണ വിതരണ നടപടികളിൽ വന്ന താമസത്തിന് പ്രധാന കാരണങ്ങൾ എന്തൊക്കെയാണെന്നും ഭാവിയിൽ കർഷകർക്ക് സമയബന്ധിതമായി തുക ലഭ്യമാക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടി എന്തൊക്കെയാണെന്നും വിശദീകരിക്കാമോ?

**<u>പച്ചക്കറികളിലെ വിഷാംശം ശാസ്ത്രീയമായി നിരീക്ഷിക്കുന്നതിനു സ്വീകരിച്ച നടപടി</u>**

3665 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറികളിലെ വിഷാംശം ശാസ്ത്രീയമായി നിരീക്ഷിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) ഉത്തമ കാർഷിക പ്രയോഗങ്ങൾ പ്രചരിപ്പിക്കുന്നതിനും ഉറവിട ട്രെയിസിംഗ് പ്ലാറ്റ്ഫോമുകൾ സൃഷ്ടിക്കുന്നതിനും സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) പച്ചക്കറിയിൽ വിഷാംശം, മായം എന്നിവ തടയാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്; വിശദമാക്കുമോ?

**<u>വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്താൻ നടപടി</u>**

3666 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് അടക്കമുള്ള എല്ലാ വിളകളുടെയും വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്താൻ സർക്കാർ നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ;

(ബി) ഉയർന്ന ഉല്പാദനക്ഷമതയും രോഗപ്രതിരോധശേഷിയുമുള്ള വിത്തിനങ്ങൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) ഉപ്പുരസം കൂടുതലുള്ള ഭൂമിയിൽ കൃഷി ചെയ്യാവുന്ന നെല്ലിനങ്ങൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

**<u>നെൽക്കൃഷിഭൂമിയുടെ ആധുനിക ഡാറ്റാബേസ് സൃഷ്ടിക്കാൻ നടപടി</u>**

3667 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**

**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മുഴുവൻ നെൽ കൃഷിഭൂമിയുടെയും ആധുനിക ഡാറ്റാ ബെയ്സ് സൃഷ്ടിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നെൽക്കൃഷി ചെയ്യുന്ന ഓരോ വയലും ജി. പി. എസ്. മായി ബന്ധപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) തരിശുഭൂമി നിർമ്മാർജന പരിപാടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**<u>കൈപ്പാട് കൃഷി</u>**

3668 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പാട് കൃഷി വിപുലപ്പെടുത്തുന്നതിനായി നാളിതുവരെയായി സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ ജില്ലയിലാണ് കൈപ്പാട് കൃഷിക്ക് അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കാമോ?

**<u>കുറ്റ്യാടി മണ്ഡലത്തിലെ നാളികേര ഉല്പാദനം</u>**

3669 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 വർഷം മുതൽ ഇതുവരെ കുറ്റ്യാടി മണ്ഡലത്തിലെ നാളികേര ഉല്പാദനം സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് തിരിച്ചും വർഷം തിരിച്ചും വ്യക്തമാക്കാമോ;

(ബി) നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കുറ്റ്യാടി മണ്ഡലത്തിൽ കൃഷിവകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>കേരഗ്രാമം പദ്ധതിയുടെ ആനുകൂല്യങ്ങൾ</u>**

3670 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള കേരഗ്രാമം പദ്ധതികളുടേയും കൃഷിസമൃദ്ധി പദ്ധതികളുടേയും വിശദാംശവും അവയുടെ നിലവിലെ സ്ഥിതിയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ നൽകാമോ;

(ബി) കേരഗ്രാമം പദ്ധതിയിലൂടെ എന്തൊക്കെ ആനുകൂല്യങ്ങളും സഹായങ്ങളുമാണ് കേര കർഷകർക്ക് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ?

**<u>കേരഗ്രാമങ്ങൾ</u>**

3671 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ കേരഗ്രാമങ്ങൾ എത്രയെണ്ണം യാഥാർത്ഥ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## മലപ്പുറം മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി

3672 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കേരഗ്രാമം പദ്ധതി നാളിതുവരെ നടപ്പാക്കിയിട്ടുണ്ടെന്നും അവയുടെ പുരോഗതിയും വെളിപ്പെടുത്തുമോ;

(ബി) നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും സമഗ്ര നാളികേരകൃഷി വികസനത്തിനുമായി കേരഗ്രാമം പദ്ധതി സഹായിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഈ സാമ്പത്തികവർഷം മലപ്പുറം മണ്ഡലത്തിലെ ശേഷിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽകൂടി പദ്ധതി നടപ്പാക്കുമോ; വ്യക്തമാക്കുമോ?

## കുണ്ടറ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

3673 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിൽ നടപ്പാക്കിവരുന്ന കേരഗ്രാമം പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് നൽകാമോ?

## തെങ്ങു കൃഷി പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതികൾ

3674 **ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെങ്ങ് കൃഷി കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പുതുതായി തെങ്ങു കൃഷി ആരംഭിക്കുന്ന കർഷകരുടെ തെങ്ങിൻ തൈകൾ അഞ്ചുവർഷം തികയുന്നതിന് മുൻപ് രോഗങ്ങളാൽ നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ സാഹചര്യത്തിൽ തെങ്ങു കൃഷി ചെയ്യാൻ തയ്യാറുള്ള കർഷകർക്ക് തുടക്കം മുതൽ 8 വർഷം വരെയെങ്കിലും തൈകളുടെ പരിചരണം, വളം ചെയ്യൽ, മരുന്നു പ്രയോഗം എന്നിവയുമായി ബന്ധപ്പെട്ട് കൃഷിഭവനുകൾ മുഖേന ഒരു സമഗ്ര പദ്ധതി തയ്യാറാക്കി നടപ്പിലാക്കുമോ; വിശദാംശം നൽകുമോ?

## റബ്ബർ സംഭരണ പദ്ധതി

3675 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ വിവിധ ഘട്ടങ്ങളിലായി പ്രഖ്യാപിച്ചിട്ടുള്ള റബ്ബർ സംഭരണ നടപടിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) സംഭരണ പദ്ധതികളുടെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാനായോ; ഇത് സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ;

(സി) സർക്കാരിന്റെ നിലവിലുള്ള സംഭരണ നടപടികളിലൂടെ റബ്ബർ വില എത്രത്തോളം പിടിച്ചുനിർത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) റബ്ബർ സംഭരണ പദ്ധതികൾക്കായി നിലവിലെ സർക്കാർ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## <u>കേരള കാർഷിക കടാശ്വാസ കമ്മീഷൻ കുടിശിക</u>

3676 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കേരള കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത കടശ്വാസ തുക എത്രയാണ്; ഇതിൽ എത്ര കോടി രൂപ വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) 2025 ഓഗസ്റ്റ് 31 വരെ കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത എത്ര കോടി രൂപയുടെ കടാശ്വാസം നിലവിൽ കുടിശിക ആയിട്ടുണ്ട്; ഇതനുസരിച്ച് കടാശ്വാസം ലഭിക്കാനുള്ള കർഷകരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## <u>കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം</u>

3677 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി പ്രധാന തൊഴിലായി സ്വീകരിച്ചിട്ടുള്ള എത്രപേരുണ്ട്; ഓരോ വിളയും കൃഷി ചെയ്യുന്നവരുടെ എണ്ണം എത്ര; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ കർഷകരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; കൃഷി ആദായകരമല്ലാതാകുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മങ്കട നിയോജകമണ്ഡലത്തിൽ കൃഷി പ്രധാന തൊഴിലായി സ്വീകരിച്ചിട്ടുള്ള എത്രപേരുണ്ടെന്നും ഓരോ വിളയും കൃഷി ചെയ്യുന്നവരുടെ എണ്ണം എത്രയെന്നും എന്തെല്ലാം തരത്തിലുള്ള പ്രതിസന്ധികളാണ് കർഷകർ നേരിടുന്നതെന്നും ഇത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ഡി) മങ്കട നിയോജകമണ്ഡലത്തിൽ കൃഷിനാശം നേരിട്ട കർഷകർ എത്രയെന്നും അവർക്കായി എത്ര രൂപയുടെ നഷ്ടപരിഹാരം വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; നഷ്ടപരിഹാരം അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

## തിരുവനന്തപുരം ജില്ലയിൽ കൃഷിവകുപ്പ് കർഷകർക്ക് നടപ്പാക്കുന്ന പദ്ധതികൾ

3678 **ശ്രീ. കെ. ആൻസലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലയിലെ കർഷകർക്കായി കൃഷിവകുപ്പ് പുതിയതായി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയിലും തിരുവനന്തപുരം ജില്ലയിലെ ബ്ലോക്ക് തലത്തിൽ അനുവദിച്ച പദ്ധതികളും അതിനനുവദിച്ച ഫണ്ടും എത്രയെന്ന് വിശദമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ

3679 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ അടയ്ക്കാകൃഷിക്ക് മഹാളി രോഗം ഉൾപ്പെടെയുള്ള വിവിധ രോഗം ബാധിച്ചതിനാൽ അടയ്ക്കാ കർഷകർക്ക് പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു പരിഹാരനടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) അടയ്ക്കാകർഷകർക്ക് പ്രത്യേക പാക്കേജ് അനുവദിച്ച് അവരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ ആനുകൂല്യങ്ങൾ

3680 **ശ്രീ. എൻ. ഷംസുദ്ദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള എത്ര കർഷകർ ഉണ്ടായിരുന്നു; തുടർന്നുള്ള ഓരോ വർഷങ്ങളിലും ബോർഡിൽ അംഗത്വമുള്ള കർഷകത്തൊഴിലാളികളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) നിലവിൽ ബോർഡിൽ അംഗത്വമുള്ള കർഷകർക്ക് ക്ഷേമനിധി ആനുകൂല്യമായി എത്ര കോടി രൂപ നൽകാൻ ഉണ്ടെന്നും എത്ര മാസത്തെ ആനുകൂല്യമാണ് മുടങ്ങിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) ക്ഷേമനിധി ആനുകൂല്യങ്ങൾ മുടങ്ങുന്നതുകൊണ്ടും കൂടുതൽ കർഷകർ ക്ഷേമനിധിയിൽ ചേരാൻ മടിക്കുന്നത് കൊണ്ടുമാണോ കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വം എടുക്കുന്നവരുടെ എണ്ണം കുറയുന്നത് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

## പാട്ടത്തിനെടുത്ത ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർക്ക് ലൈസൻസ്

3681 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടത്തിനെടുത്ത ഭൂമിയിൽ കൃഷിചെയ്യുന്ന കർഷകർക്കായി സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ലൈസൻസ് ലഭിച്ചാൽ കർഷകർക്ക് ഭൂവുടമയുടെ രേഖകളില്ലാതെ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പാട്ടക്കർഷകർക്ക് നൽകുന്ന ലൈസൻസിന്റെ കാലാവധി എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഭൂവുടമകൾക്ക് ഭൂമി തിരികെ ലഭിക്കുമോയെന്ന ആശങ്ക ഒഴിവാക്കാൻ സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

## കൃഷിക്കാരുടെ വരുമാനത്തിൽ 50 ശതമാനം വർദ്ധനവ്

3682 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിക്കാരുടെ വരുമാനത്തിൽ അൻപത് ശതമാനം വർദ്ധനവ് സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇപ്രകാരം വരുമാനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) കേരളത്തിലെ പ്രധാനപ്പെട്ട കൃഷികളുടെ തറവില കാലോചിതമായി പരിഷ്കരിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കേരളത്തിലെ അടയ്ക്കാ കർഷകർ

3683 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അടയ്ക്കാ കർഷകരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഏറ്റവും കൂടുതൽ അടയ്ക്കാ കർഷകർ ഉള്ള നിയോജകമണ്ഡലം ഏതാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് എവിടെയാണ് ഏറ്റവും ഗുണനിലവാരമുള്ള അടയ്ക്ക ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഈ അടയ്ക്കയുടെ പ്രത്യേകത എന്താണെന്ന് വിശദമാക്കാമോ;

(ഡി) വിദേശ രാജ്യങ്ങളിലേക്ക് സംസ്ഥാനത്തുനിന്ന് അടയ്ക്ക കയറ്റുമതി ചെയ്യാറുണ്ടോയെന്നും എങ്കിൽ ഏതു മണ്ഡലത്തിൽ നിന്നുള്ള അടയ്ക്കയാണ് കൂടുതലായി കയറ്റുമതി ചെയ്യുന്നതെന്നും വ്യക്തമാക്കാമോ;

(ഇ) കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന് എന്തു പരിഹാര നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകുന്ന കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം

3684 **ശ്രീ. കെ. ജെ. മാക്സി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനായി കേന്ദ്ര സഹായം ലഭ്യമാകുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) കാലാവസ്ഥാ വ്യതിയാനം മൂലം കൃഷി നശിച്ച എല്ലാ കർഷകർക്കും നഷ്ടപരിഹാരം ലഭിക്കുന്നതിന് പ്രത്യേക പാക്കേജ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) കൃഷിയും വിളവെടുപ്പും കാലാവസ്ഥാ വ്യതിയാനത്തിനനുസൃതമായി ക്രമീകരിച്ച് കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്നതിനുള്ള സാധ്യതകളെ സംബന്ധിച്ച് പ്രത്യേക പഠനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## പെരിന്തൽമണ്ണ താലൂക്കിലെ കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം

3685 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ താലൂക്ക് പരിധിയിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിലുണ്ടായ പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരത്തുക വിതരണം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) നഷ്ടപരിഹാരത്തുക ലഭിക്കാത്ത കർഷകർക്ക് എപ്പോൾ വിതരണം ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ?

## മുണ്ടേരി സീഡ് ഫാമിനെ ഫാം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

3686 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 505 ഹെക്ടർ വിസ്തൃതിയുള്ള മുണ്ടേരി സീഡ് ഫാമിന്റെ എത്ര സ്ഥലമാണ് നിലവിൽ കൃഷി ചെയ്യുവാനായി ഉപയോഗപ്പെടുത്തുന്നതെന്ന് അറിയിക്കാമോ; ഫാമിന്റെ അവശേഷിക്കുന്ന പ്രദേശത്തേക്കുകൂടി കൃഷി വ്യാപിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ചാലിയാർ പുഴയുടെ ഓരത്ത് പശ്ചിമഘട്ട മലനിരകളാൽ ചുറ്റപ്പെട്ട മനോഹരമായ കാർഷിക ഭൂപ്രകൃതിയും ഫാം ഹൗസുകളുടെ ലഭ്യതയുമുള്ള മുണ്ടേരി സീഡ് ഫാമിനെ ഫാം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവൻ പദ്ധതി

3687 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ മണ്ഡലത്തിൽ എത്ര കൃഷിഭവനുകളെയാണ് സ്മാർട്ട് ആക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം എത്ര തുകയാണ് ഇവയ്ക്ക് ചെലവഴിക്കുന്നതെന്നും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരവും ലഭ്യമാക്കാമോ;

(സി) മാരാരിക്കുളം വടക്ക് പഞ്ചായത്തിലെ കൃഷിഭവൻ സ്മാർട്ട് ആക്കുന്നതിന് നിലവിൽ എന്തു നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

## സംസ്ഥാനത്ത് തരിശ് ഭൂമിയിലെ കൃഷി

3688 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തരിശ് ഭൂമിയിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കി വരുന്നത്; വിശദമാക്കാമോ;

(ബി) ഈയിനത്തിൽ 2024-25 വർഷത്തിൽ എത്ര രൂപ ചിലവഴിച്ചു; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) തരിശ് ഭൂമിയിൽ കൃഷി ഏറ്റെടുത്ത് നടപ്പിലാക്കിയ ഏതൊക്കെ കർഷകർക്ക്/ കർഷക കൂട്ടായ്മകൾക്ക് ധനസഹായം ഇനി നൽകുവാനുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) സഹായം ലഭിച്ചിട്ടില്ലെന്നുള്ള പരാതി രേഖാമൂലം ആരെങ്കിലും നൽകിയിട്ടുണ്ടോ; എങ്കിൽ അതിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഇ) പരാതിക്കാർക്ക് ധനസഹായം അനുവദിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കുറ്റ്യാടി മണ്ഡലത്തിലെ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കൽ

3689 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെയായി കുറ്റ്യാടി മണ്ഡലത്തിലെ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ എത്ര വിസ്തൃതിയിലുള്ള തരിശുനിലങ്ങൾ കൃഷിയിടങ്ങളാക്കി മാറ്റിയിട്ടുണ്ടെന്നും അതുവഴി ഉണ്ടായ കാർഷികോല്പാദനം സംബന്ധിച്ച വിവരങ്ങൾ കൃഷിയുടെ ഇനം സഹിതം വിശദമാക്കാമോ?

## തൃശ്ശൂർ ജില്ലയിൽ വിള ഇൻഷ്വറൻസ് കുടിശിക നൽകാൻ നടപടി

3690 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തവരിൽ വിളനാശം സംഭവിച്ച മുഴുവൻ കർഷകർക്കും ഇൻഷ്വറൻസ് ആനുകൂല്യം നൽകാനായിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) തൃശ്ശൂർ ജില്ലയിൽ വിള ഇൻഷ്വറൻസ് ഇനത്തിൽ കുടിശികയുണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ; പ്രസ്തുത കുടിശിക എന്നത്തേക്ക് വിതരണം ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ;

(സി) മണലൂർ നിയോജക മണ്ഡലത്തിൽ വിള ഇൻഷ്വറൻസ് പദ്ധതിയിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും നാശനഷ്ടം സംഭവിച്ച എത്ര കർഷകർക്ക് ഇതുവരെ ഇൻഷ്വറൻസ് ആനുകൂല്യം വിതരണം ചെയ്തെന്നും അറിയിക്കാമോ; കുടിശികയുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകാമോ;

(ഡി) വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ എത്ര രൂപ വിതരണം ചെയ്തെന്ന് അറിയിക്കാമോ?

## വിള ഇൻഷ്വറൻസ് പദ്ധതി

3691 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വിള ഇൻഷ്വറൻസ് പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്കായി അപേക്ഷ സമർപ്പിച്ചതിൽ ഇനി എത്ര തുക വിതരണം ചെയ്യാൻ അവശേഷിക്കുന്നുണ്ട്; വിശദമാക്കുമോ;

(സി) വിളനാശത്തിനായി പ്രഖ്യാപിച്ച നഷ്ടപരിഹാരത്തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കാമോ?

## കീടനാശിനിയുടെ അമിത ഉപയോഗം തടയാൻ നടപടി

3692 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികോല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അമിതമായ തോതിൽ കീടനാശിനികൾ ഉപയോഗിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കീടനാശിനികളുടെ വില്പനയും ഉപയോഗവും നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും എന്തെങ്കിലും മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ കൃഷിമേഖലയെ കീടനാശിനി വിമുക്തമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

## രാസവളക്ഷാമം പരിഹരിക്കാൻ നടപടി

3693 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വളങ്ങൾക്ക് ക്ഷാമം അനുഭവപ്പെടുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഓരോ കാർഷിക സീസണിലും സംസ്ഥാനത്തിന് ആവശ്യമായി വരുന്ന വളത്തിന്റെ അളവ് വ്യക്തമാക്കുമോ; നിലവിൽ വളത്തിന്റെ ലഭ്യതയിൽ സംസ്ഥാനത്തിന്റെ ആവശ്യം നിറവേറ്റപ്പെടുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) കർഷകർക്ക് വളം ലഭ്യമാകുന്നതിൽ ദൗർലഭ്യം നേരിടുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവ പരിഹരിക്കുന്നതിൽ സർക്കാർ സംവിധാനങ്ങളിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ; വിവരിക്കാമോ?

## <u>കേരളഗ്രോ ബ്രാൻഡ് ഷോപ്പുകൾ</u>

3694 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനത്തിനായുള്ള കേരളഗ്രോ ബ്രാൻഡ് ഷോപ്പ് എത്ര ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

## <u>ക്ലൺഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

3695 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹോൾട്ടികൾച്ചർ മിഷൻ മുഖേന നടപ്പാക്കുന്ന ക്ലൺഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി പുതുതായി ഏതൊക്കെ നിയോജകമണ്ഡലങ്ങളെയും കൃഷി ഭവനുകളെയുമാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും പ്രസ്തുത പദ്ധതിയിലൂടെ കർഷകർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്നും വിശദമാക്കാമോ?

## <u>ഹോർട്ടികോർപ്പ് മുഖേന ഫാം ക്ലബ്ബുകൾ രൂപീകരിക്കാൻ നടപടി</u>

3696 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരിൽ നിന്ന് ഉല്പന്നങ്ങൾ സംഭരിച്ച് വിതരണം ചെയ്യുന്നതിനായി ഹോർട്ടികോർപ്പ് ഫാം ക്ലബ്ബുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) സംഭരിക്കുന്ന ഉല്പന്നങ്ങൾ വിതരണം ചെയ്യാൻ എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഫലവൃക്ഷ തൈകളുടെ വിതരണ മേഖലയിൽ ഹോർട്ടികോർപ്പ് ഇടപെടൽ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എപ്രകാരമെന്ന് അറിയിക്കാമോ?

## <u>അമേരിക്ക ഇറക്കുമതി തീരുവ വർദ്ധിപ്പിച്ചപ്പോൾ കാർഷികോല്പന്ന കയറ്റുമതിയിലുണ്ടാകുന്ന പ്രതിസന്ധി</u>

3697 **ശ്രീ. എം. എം. മണി**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ . കെ .ഡി .പ്രസേനൻ**

**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നിന്നും കാർഷികോല്പന്നങ്ങളും മൂല്യവർദ്ധിതോല്പന്നങ്ങളും ഏതെല്ലാം രാജ്യങ്ങളിലേക്കാണ് കയറ്റുമതി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇന്ത്യൻ ഉല്പന്നങ്ങൾക്ക് അമേരിക്ക ഇറക്കുമതി തീരുവ ഏകപക്ഷീയമായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ കാർഷികോല്പന്ന കയറ്റുമതിയേയും കാർഷിക മേഖലയേയും ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നിലവിൽ ഉണ്ടാകാനിടയുള്ള പ്രതിസന്ധിയെ അതിജീവിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായാഭ്യർത്ഥന നടത്തിയിട്ടുണ്ടോ; എങ്കിൽ അതിനോട് കേന്ദ്ര സർക്കാരിന്റെ സമീപനം എന്താണെന്ന് അറിയിക്കാമോ?

## കർഷകർക്ക് ആവശ്യമായ കൃഷി ഉപകരണങ്ങൾ ലഭ്യമാകുന്ന സ്ഥാപനങ്ങൾ

3698 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് ആവശ്യമായ കൃഷി ഉപകരണങ്ങളും അനുബന്ധ സാധനങ്ങളും ലഭിക്കുന്നതിനുള്ള സർക്കാർ സ്ഥാപനങ്ങൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുവെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ ലഭിക്കുന്ന ഉപകരണങ്ങൾക്ക് സർക്കാർ സബ്സിഡി അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) എങ്കിൽ ഓരോ ഉപകരണത്തിന്റെയും നിലവിലുള്ള വിലയെത്രയെന്ന് വിശദമാക്കാമോ?

## പുഞ്ചക്കൊല്ലി അളക്കൽ പ്രദേശത്തെ തോട്ടത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി

3699 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ പുഞ്ചക്കൊല്ലി അളക്കൽ പ്രദേശത്തെ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളയുടെ കീഴിൽവരുന്ന തോട്ടത്തിലേക്കുള്ള പാലം 2019ലെ പ്രളയത്തിൽ തകർന്നത് മൂലം പ്രസ്തുത തോട്ടത്തിലെ തൊഴിലാളികൾക്ക് തോട്ടത്തിലേക്ക് ജോലിക്കായി വരുന്നതിനും തോട്ടത്തിലെ ഉല്പന്നങ്ങൾ വിപണനത്തിനായി പുറത്തു കൊണ്ടുപോകുന്നതിനും ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കൂത്തുപറമ്പ് മണ്ഡലത്തിലെ ബയോ റിസോഴ്സ് കം അഗ്രോ സർവ്വീസ് സെന്റർ

3700 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിൽ നവോദയ കുന്നിൽ കൃഷിവകുപ്പിന് കീഴിലുള്ള ബയോ റിസോഴ്സ് കം അഗ്രോ സർവ്വീസ് സെന്ററിന്റെ പ്രവർത്തന പുരോഗതി വിശദീകരിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് വേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ?

## ആലത്തൂർ മണ്ഡലത്തിൽ നബാർഡിന്റെ സഹായത്തോടെ അനുവദിച്ച പദ്ധതികൾ

3701 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ മണ്ഡലത്തിൽ നബാർഡിന്റെ സഹായത്തോടെ അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വിവരിക്കാമോ; ഈ പ്രവൃത്തികളിൽ ഏതൊക്കെ പുരോഗമിച്ചുവരുന്നെന്നും ഏതൊക്കെ മുടങ്ങിപ്പോയിയെന്നും പട്ടിക രൂപത്തിൽ ലഭ്യമാക്കാമോ;

(ബി) മുടങ്ങിപ്പോയ പദ്ധതികളിൽ എന്ത് തുടർനടപടി സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ?

## കാർഷിക കോളേജ് ആരംഭിക്കുന്നതിന് നടപടി

3702 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ കാർഷിക കോളേജ് ആരംഭിക്കുന്നതിനായി എന്തെല്ലാം സാധ്യതാപഠനങ്ങളാണ് കൃഷി വകുപ്പ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കാർഷിക കോളേജിന് ആവശ്യമായ സ്ഥലവും മറ്റു സൗകര്യങ്ങളും കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## കാസർഗോഡ് ജില്ലയിലെ സ്മാർട്ട് കൃഷിഭവനുകൾ

3703 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഏതൊക്കെ കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതിയിലേക്ക് കൃഷിഭവനുകളെ തിരഞ്ഞെടുക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) 2025-2026 വർഷത്തിൽ ഈ പദ്ധതിക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## സ്മാർട്ട് കൃഷിഭവൻ

3704 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാരിന്റെ കാലയളവിൽ എത്ര കൃഷിഭവനുകൾ സ്മാർട്ടാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) മലപ്പുറം ജില്ലയിൽ സ്മാർട്ടാക്കിയ കൃഷിഭവനുകളുടെ എണ്ണം താലൂക്ക് തിരിച്ച് ലഭ്യമാക്കുമോ?

## സ്മാർട്ട് കൃഷിഭവനുകൾ

3705 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ എത്ര കൃഷിഭവനുകളാണ് സ്മാർട്ട് കൃഷിഭവനുകളായിട്ടുള്ളത്; അത് എവിടെയെല്ലാമെന്നും ഏതൊക്കെയാണെന്നും വിശദമാക്കാമോ?

## പാറശ്ശാല മണ്ഡലത്തിലെ കൃഷിഭവനുകൾ ഹൈടെക് ആയി ഉയർത്തുന്നതിനുള്ള നടപടി

3706 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ വിവിധ കൃഷിഭവനുകൾ മുഖേന 2016 മേയ് മുതൽ 2025 വരെ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് കൃഷി നശിച്ച എത്ര കർഷകർക്ക് സാമ്പത്തികസഹായം നൽകിയിട്ടുണ്ടെന്ന് കൃഷിഭവൻ തിരിച്ച് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ എത്ര കൃഷിഭവനുകൾ ഹൈടെക്ക് ആയി ഉയർത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പാറശ്ശാല മണ്ഡലത്തിലെ കൃഷിഭവനുകൾ ഹൈടെക് ആയി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കോട്ടക്കൽ മണ്ഡലത്തിലെ കൃഷിഭവനുകളുടെ നവീകരണം

3707 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കൃഷിഭവനുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി നടപ്പാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) മണ്ഡലത്തിലെ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനാക്കി മാറ്റുന്നതിന് എന്തെല്ലാം പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ; മണ്ഡലത്തിൽനിന്നും ഏതെല്ലാം കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നറിയിക്കുമോ;

(സി) കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം കൃഷിഭവന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ഡി) ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 28 പദ്ധതി പ്രകാരമുള്ള സ്മാർട്ട് കൃഷിഭവനകളുടെ പട്ടികയിൽ ഇരിമ്പിളിയം കൃഷിഭവനെ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കൃഷിഭവനെ സ്മാർട്ട് കൃഷിഭവനായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## <u>കൃഷി ഭവനകളിലെ സ്റ്റാഫ് പാറ്റേൺ</u>

3708 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് കൃഷിഭവനകളിലെ സ്റ്റാഫ് പാറ്റേണിനെക്കുറിച്ച് വിശദമാക്കാമോ; പാലാ നിയോജകമണ്ഡലത്തിലെ കൃഷിഭവനകളിൽ സ്റ്റാഫ് പാറ്റേൺ പ്രകാരമല്ലാതെ പ്രവർത്തിക്കുന്ന കൃഷിഭവനകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; സ്റ്റാഫ് പാറ്റേൺ കുറവ് വന്നത് ഏത് തീയതി മുതലാണെന്നും സ്റ്റാഫ് പാറ്റേൺ പുനസ്ഥാപിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്നും ഇത് സംബന്ധിച്ച നടപടിക്രമം എന്താണെന്നും വിശദമാക്കാമോ;ആയതിനു നടപടി സ്വീകരിക്കേണ്ടത് ഏത് തസ്തികയിലുള്ള ഉദ്യോഗസ്ഥനാണെന്നു കൂടി അറിയിക്കാമോ;

(ബി) പാലാ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും കൃഷി ഭവനകളിൽ കൃഷി അസിസ്റ്റന്റ് തസ്തിക റദ്ദാക്കുകയോ പുനക്രമീകരിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കോട്ടയം ജില്ലയിലെ കൃഷിഭവനകളിൽ അനുവദിച്ചിട്ടുള്ള അസിസ്റ്റന്റ് കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് ഗ്രേഡ് 1, ഗ്രേഡ് 2 എന്നീ തസ്തികകളുടെ എണ്ണം എത്ര വീതമെന്ന് വിശദമാക്കാമോ;

(ഡി) കുറുർ കൃഷിഭവനിൽ 3 കൃഷി അസിസ്റ്റന്റ് തസ്തിക മുമ്പ് നിലവിലുണ്ടായിരുന്നോയെന്നും ഒരു തസ്തിക ഒഴിച്ചിട്ടിരിക്കുന്നതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ?

## <u>പരിയാരം ഗ്രാമപഞ്ചായത്തിലെ വെജിറ്റബിൾ ആൻഡ് ബനാന പാക്ക് ഹൗസ്</u>

3709 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിലെ വെജിറ്റബിൾ ആൻഡ് ബനാന പാക്ക് ഹൗസ് ഉദ്ഘാടനം കഴിഞ്ഞിട്ടും തുറന്ന് പ്രവർത്തിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ;

(സി) ഈ പ്രവൃത്തിക്കായി ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ;

(ഡി) ഈ പ്രവൃത്തിക്കായി സ്ഥാപിച്ച ആധുനിക ഉപകരണങ്ങളുടെയും മെഷിനറികളുടെയും വിശദവിവരം ലഭ്യമാക്കുമോ;

(ഇ) പ്രവർത്തിക്കാത്തതുമൂലം ഇതിനുള്ളിൽ സ്ഥാപിച്ചിട്ടുള്ള ആധുനിക ഉപകരണങ്ങളും മെഷീനറികളും ജനറേറ്ററും ഉപയോഗമില്ലാതെ

നശിക്കുകയാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(എഫ്) വെജിറ്റബിൾ ആൻഡ് ബനാന പാക്ക് ഹൗസിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ?

## കൈപ്പാട് കൃഷിരീതി

3710 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങളിലാണ് കൈപ്പാട് കൃഷി രീതി പിന്തുടർന്നു വരുന്നത്; ആകെ എത്ര ഏക്കർ സ്ഥലത്താണ് ഈ കൃഷിരീതി നിലവിലുള്ളത്;

(ബി) വടകര നിയോജക മണ്ഡലത്തിലെ ഏറാമല പഞ്ചായത്തിൽ 17 ഏക്കർ സ്ഥലത്ത് കൈപ്പാട് കൃഷി നടപ്പാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ കൃഷിരീതിയുടെ ഗുണദോഷങ്ങൾ സംബന്ധിച്ച് സർക്കാർ ആധികാരിക പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ കൃഷി രീതി കൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഇ) കൈപ്പാട് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക; വിശദമാക്കുമോ;

(എഫ്) ഈ കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിനായി ധനസഹായം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കുമോ?

## കുൺകൃഷി വ്യാപനത്തിന് സ്വീകരിച്ച നടപടി

3711 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുൺകൃഷി വ്യാപനത്തിന് സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കുൺകൃഷി ചെയ്യുന്നതിന് കർഷക ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) കുൺകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) കുൺകൃഷി വ്യാപനത്തിന് കർഷകർക്ക് സാമ്പത്തികസഹായം നൽകുന്നുണ്ടോ; വിശദാംശം നൽകാമോ?

## കോങ്ങാട് മണ്ഡലത്തിലെ കൃഷിവകുപ്പ് പദ്ധതികൾ

3712 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ കൃഷിവകുപ്പ് അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരം നൽകാമോ;

(ബി) നിലവിൽ നടത്തിവരുന്നതും ഇനി നടപ്പാക്കാനുള്ളതുമായ പദ്ധതികളുടെ വിശദാംശം നൽകാമോ?

## കൃഷിവകുപ്പുമായി ബന്ധപ്പെട്ട പരസ്യങ്ങളുടെ വിശദാംശം

3713 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശങ്ങൾ, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക വ്യക്തമാക്കാമോ?

## സോയിൽ സർവേ വകുപ്പ് കർഷകർക്ക് നൽകിയ മാർഗ്ഗനിർദേശങ്ങൾ

3714 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷത്തെ കാലപരിധിയിലെ കാലവസ്ഥാവ്യതിയാനങ്ങളെ അടിസ്ഥാനമാക്കി സോയിൽ സർവേ വകുപ്പ് കർഷകർക്ക് എന്തെല്ലാം നിർദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇതിന്റെ ഫലമായി കർഷകർക്ക് ഉണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിൽ സോയിൽ കൺസർവേഷൻ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

3715 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

## ട്രാക്റ്റർ പാത്ത് വേയ്സ് സംരക്ഷണ ഭിത്തി നിർമ്മാണം

3716 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നഗരസഭയിൽ ഈസ്റ്റ് വില്ലൂർ ഭാഗത്ത് ഇരണിയൽ തോടിനോട് ചേർന്നുള്ള ട്രാക്റ്റർ പാത്ത് വേയ്സ് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പ്രവൃത്തി സോയിൽ കൺസർവേഷൻ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മതിയായ തുക വകയിരുത്തി സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>കാർഷിക സർവകലാശാലയിലെ ഫീസ് വർദ്ധനവ്</u>

3717 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിലെ കോഴ്സുകളുടെ ഫീസ് വർദ്ധിപ്പിക്കുകയുണ്ടായോ; എങ്കിൽ ഫീസ് വർദ്ധിപ്പിക്കാൻ ഇടയായ സാഹചര്യം വിശദമാക്കുമോ;

(ബി) ഏതെല്ലാം കോഴ്സുകളുടെ ഫീസാണ് വർദ്ധിപ്പിച്ചിട്ടുള്ളത്; വർദ്ധനയ്ക്കുശേഷം ഓരോ കോഴ്സിനും നൽകേണ്ട ഫീസിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഫീസ് വർദ്ധിപ്പിച്ചതോടെ സ്വകാര്യ എൻജിനീയറിങ് കോളേജുകളിലെ ബി.ടെക് കോഴ്സുകളുടേതിന് സമാനമായതോ അതിൽ കൂടുതലോ ഫീസ് നൽകേണ്ട സാഹചര്യമുണ്ടായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ കോളേജുകളിൽ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കാൻ ആഗ്രഹിക്കുന്ന സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്ത ഈ ഫീസ് വർദ്ധന ലഘൂകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വ്യക്തമാക്കുമോ?

## <u>മലബാർ മേഖലയിലെ ഉന്നത വിദ്യാഭ്യാസം</u>

3718 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. ടി. വി. ഇബ്രാഹിം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് മലബാർ മേഖലയിൽ മതിയായ സ്ഥാപനങ്ങൾ ഇല്ല എന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ എന്തെങ്കിലും നിർദേശങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) മലബാർ മേഖലയിലെ ഉന്നതവിദ്യാഭ്യാസ പഠന സൗകര്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

## <u>ഉന്നതവിദ്യാഭ്യാസ മേഖലയിലെ നൂതന കോഴ്സുകൾ</u>

3719 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നതവിദ്യാഭ്യാസ മേഖലയിൽ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഉന്നതവിദ്യാഭ്യാസ മേഖലയിൽ നൂതന കോഴ്സുകൾ ആരംഭിക്കാൻ സ്വീകരിച്ച

നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) വിദേശ സർവകലാശാലകളുമായി ചേർന്ന് സംസ്ഥാനത്ത് ഉന്നതപഠനം സാധ്യമാക്കുന്നതിന് സർവകലാശാലകൾ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

**സർക്കാർ/എയ്ഡഡ് കോളേജുകളിലെ പുതിയ കോഴ്സുകൾ**

3720 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ എത്ര സർക്കാർ/എയ്ഡഡ് കോളേജുകൾ നിലവിലുണ്ടെന്ന വിവരം ലഭ്യമാക്കാമോ; പ്രസ്തുത കോളേജുകളിൽ പുതിയ കാലഘട്ടത്തിന് അനുസൃതമായുള്ള കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**നാല് വർഷ ബിരുദ കോഴ്സുകൾ ആരംഭിച്ചതിലൂടെ ഉണ്ടായ മാറ്റങ്ങൾ**

3721 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാല് വർഷ ബിരുദ കോഴ്സുകൾ ആരംഭിച്ചതിലൂടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗുണകരമായ എന്തെങ്കിലും മാറ്റം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ബി. എഡ്. കോഴ്സുകളുടെ ഭാവി എന്താണ്; ഇവ ഏത് രീതിയിൽ ഏകോപിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) നിലവിലുള്ള ബി. എഡ്. കോഴ്സ് പൂർത്തീകരിച്ചവർക്ക് അദ്ധ്യാപക നിയമനത്തിന് അർഹത ലഭിക്കുന്നതിന് ഭാവിയിൽ എന്തെങ്കിലും തടസ്സം നേരിടുമോ എന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**ഉന്നത വിദ്യാഭ്യാസ വകുപ്പ് മുഖേനയുള്ള വിവിധ നിർമ്മാണ പ്രവൃത്തികൾ**

3722 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം മണ്ഡലത്തിൽ ഉന്നതവിദ്യാഭാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) പൂർത്തിയാകാത്ത പ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

**പുതു തലമുറ കോഴ്സുകൾ**

3723 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ തലമുറയെ ആകർഷിക്കുന്നതും അവർക്ക് ഏറെ ഗുണകരമായതുമായ കോഴ്സുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ കോളേജുകളിൽ ഈ കോഴ്സുകൾ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(സി) 1500-ൽ അധികം കുട്ടികൾ പഠിക്കുന്ന എത്ര സർക്കാർ കോളേജുകളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; ഈ കോളേജുകളുടെ പേരുവിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കോളേജുകളിൽ മേൽ പരാമശിച്ച കോഴ്സുകൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലാത്ത കോളേജുകളിൽ എപ്പോൾ തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

## ഉന്നതവിദ്യാഭ്യാസ മേഖലയുടെ സംരക്ഷണം

3724 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ഉന്നതവിദ്യാഭ്യാസ മേഖലയെ തകർക്കാൻ ശ്രമിക്കുന്ന ചില ശക്തികൾ, സംസ്ഥാനത്തെ സർവകലാശാലകളുടെ പ്രവർത്തനങ്ങളെ തകിടം മറിക്കുന്നതിന് ശ്രമങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സർവകലാശാലകളുടെ പ്രവർത്തനങ്ങളെ തകിടം മറിക്കുന്നതിനായി വൈസ് ചാൻസലർമാരുടെ നിയമനത്തിൽ അനിശ്ചിതത്വം സൃഷ്ടിക്കുന്നതിന് നടത്തുന്നതായി പറയപ്പെടുന്ന ശ്രമങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; ;

(സി) ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർവകലാശാലകളിലെ വൈസ് ചാൻസലർമാരുടെ നിയമനം നടത്തുന്നതിന് നിലവിലുള്ള നടപടി ക്രമങ്ങൾ എപ്രകാരമാണെന്ന് വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ സർവകലാശാലകളുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താൻ നടത്തുന്ന ശ്രമങ്ങൾക്കിടയിലും ഉന്നതവിദ്യാഭ്യാസ മേഖലയിൽ മികച്ച നേട്ടങ്ങൾ കൈവരിക്കുന്നതിന് സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികൾ

3725 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയ്ക്കും ചെലവഴിച്ച തുക എത്രയാണെന്നും പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

## കെ-റീപ്പ് പദ്ധതി

3726 **ശ്രീ. സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന കെ-റീപ്പ് പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളുടെ വിശദാംശം തീയതികൾ സഹിതം വ്യക്തമാക്കാമോ;

(ബി) കെ-റീപ്പ് പദ്ധതി നടപ്പിലാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന തിരഞ്ഞെടുത്ത എം. കെ. സി. എൽ. എന്ന കമ്പനി ആരുടെ ഉടമസ്ഥതയിൽ ഉള്ളതാണെന്നും കമ്പനിയെ സംബന്ധിച്ചുള്ള ലഭ്യമായ വിവരങ്ങളും വ്യക്തമാക്കാമോ; പ്രസ്തുത കമ്പനി സർക്കാർ ഉടമസ്ഥതയിൽ ഉള്ളതാണെങ്കിൽ ആയത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) കെ-റീപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാരും വിവിധ സർവകലാശാലകളും നാളിതുവരെ ചെലവഴിച്ച തുകയുടെയും വിവിധ സർവകലാശാലകളിൽ വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കിയ തുകയുടെയും സർവകലാശാലകൾ-കേരള ഹയർ എജ്യൂക്കേഷൻ കൗൺസിൽ-അസാപ്പ് കേരള-എം. കെ. സി. എൽ. എന്നിവ തമ്മിലുള്ള സാമ്പത്തിക ഇടപാടുകളുടെയും വിശദാംശം ബന്ധപ്പെട്ട രേഖകൾ സഹിതം ലഭ്യമാക്കാമോ;

(ഡി) കെ-റീപ്പ് പദ്ധതി നടത്തിപ്പിന്റെ ഭാഗമായി സർക്കാരും ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളും നാളിതുവരെ ഇറക്കിയ ഉത്തരവുകളുടേയും സർക്കുലറുകളുടെയും പകർപ്പുകൾ പ്രസ്തുത ഉത്തരവുകളുടെ സൂചനയിൽ പ്രതിപാദിച്ചിട്ടുള്ള മുൻകാല ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ സഹിതം ലഭ്യമാക്കാമോ ;

(ഇ) കേരള സർവകലാശാല കെ-റീപ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്നും സർവകലാശാല തലത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള എതിർപ്പ് സർക്കാരിനെയോ ബന്ധപ്പെട്ട ഏജൻസികളെയോ അറിയിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; ആയതിന്റെ വിശദ വിവരങ്ങൾ ബന്ധപ്പെട്ട കത്തുകളും ആധാരമായ റിപ്പോർട്ടുകളും രേഖകളും സഹിതം ലഭ്യമാക്കാമോ?

## കണ്ണൂർ വനിതാ കോളേജിൽ നിർമ്മിക്കുന്ന ഗ്രൗണ്ട് ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി

3727 **ശ്രീ. കെ.വി.സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ ഉൾപ്പെടുത്തി കണ്ണൂർ വനിതാ കോളേജിൽ നിർമ്മിക്കുന്ന ഗ്രൗണ്ട് ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി എന്താണെന്ന് അറിയിക്കാമോ;

(ബി) എന്തൊക്കെ പ്രവൃത്തികളാണ് നിർമ്മാണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അവ ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## റൂസ പദ്ധതിയുടെ ഫണ്ട് വിനിയോഗം

3728 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസരംഗത്ത് മാറ്റങ്ങൾ കൊണ്ടുവരുന്നതിനും കേന്ദ്ര - സംസ്ഥാന വിഹിതങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതുമായ രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റൂസ) പദ്ധതിക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്രസർക്കാർ വിഹിതമായി ലഭിച്ച തുകയുടെ വിശദാംശം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാന വിഹിതമായി നൽകിയിട്ടുള്ള തുകയുടെ വിശദാംശം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) 2021 മുതൽ പ്രസ്തുത പദ്ധതിക്ക് അനുവദിച്ച തുക എന്തിനെല്ലാമാണ് ചെലവഴിച്ചിട്ടുള്ളതെന്നും ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ?

## നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ

3729 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവേഷണ മേഖലയിലെ പ്രോത്സാഹനത്തിന്റെ ഭാഗമായി ആരംഭിച്ച നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ ഇതുവരെയായി എത്ര പേർക്ക് അനുവദിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര കോടി രൂപ ഒരു വർഷം ചെലവഴിക്കുന്നുണ്ടെന്നും അറിയിക്കാമോ?

## കോങ്ങാട് മണ്ഡലത്തിലെ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പ്രവൃത്തികൾ

3730 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശവും പുരോഗതി വിവരവും ലഭ്യമാക്കാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികൾ

3731 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## കോൺസ്റ്റിറ്റുവന്റ് കോളേജുകളായി ഉയർത്തുന്നതിന് നടപടി

3732 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത നിലവാരം പുലർത്തുന്നതും നൂറ് വർഷം പിന്നിട്ടതുമായ കോളേജുകളെ കോൺസ്റ്റിറ്റുവന്റ് കോളേജുകളായി ഉയർത്തുന്നതിനുള്ള നടപടികൾ

ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആദ്യ ഘട്ടത്തിൽ ഏതെല്ലാം കോളേജുകളെയാണ് കോൺസ്റ്റിറ്റുവന്റ് കോളേജുകളായി ഉയർത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കോളേജുകൾക്ക് കോൺസ്റ്റിറ്റുവന്റ് പദവി നൽകുന്നതിലൂടെ വിദ്യാഭ്യാസ നിലവാരത്തിലും ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലും ഉണ്ടാകുന്ന മാറ്റങ്ങൾ വ്യക്തമാക്കുമോ?

## ഉന്നതവിദ്യാഭ്യാസ മേഖലയിൽ കൊണ്ടു വന്നിട്ടുള്ള മാറ്റങ്ങൾ

3733 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉന്നതവിദ്യാഭ്യാസ മേഖലയിൽ കൊണ്ടു വന്നിട്ടുള്ള മാറ്റങ്ങൾ, പുതിയ പദ്ധതികൾ എന്നിവ സംബന്ധിച്ച് വിശദമാക്കാമോ?

## മട്ടന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

3734 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നത വിദ്യാഭ്യാസ വകുപ്പ് മുഖേന മട്ടന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## കോളേജുകളിലെയും സർവകലാശാലകളിലെയും വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും വിശദാംശം

3735 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ്, ഓട്ടോണമസ് എന്നീ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ വിവിധ പ്രോഗ്രാമുകളിൽ നിലവിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം, വിവിധ വിഷയങ്ങളിൽ അദ്ധ്യാപനം നടത്തുന്ന അദ്ധ്യാപകരുടെ എണ്ണം എന്നിവ വിഷയാടിസ്ഥാനത്തിൽ സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ സർവകലാശാല പഠനവകുപ്പുകളിൽ വിവിധ പ്രോഗ്രാമുകളിൽ നിലവിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം, വിവിധ വിഷയങ്ങളിൽ അദ്ധ്യാപനം നടത്തുന്ന അദ്ധ്യാപകരുടെ എണ്ണം എന്നിവ വിഷയാടിസ്ഥാനത്തിൽ സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ?

## സർവകലാശാലകളുടെ ഓഫ് ക്യാമ്പസുകളിലെ നിയമനത്തിൽ സംവരണം

3736 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളുടെ ഓഫ് ക്യാമ്പസുകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് നിലവിൽ നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓഫ് ക്യാമ്പസ് നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പൂജപ്പുര എൽ. ബി. എസ്. വനിത എൻജിനീയറിങ് കോളേജിൽ ഗസ്റ്റ് അദ്ധ്യാപക നിയമനം

3737 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂജപ്പുര എൽ. ബി. എസ്. വനിത എൻജിനീയറിങ് കോളേജിൽ മാത്തമാറ്റിക്സ്, ഫിസിക്സ് എന്നീ വിഷയങ്ങളിൽ ഗസ്റ്റ് അദ്ധ്യാപക നിയമനത്തിനുവേണ്ടി ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം ലിസ്റ്റിൽ ഉൾപ്പെടാത്ത വിരമിച്ച അദ്ധ്യാപകരെ നിയമിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഏത് സാഹചര്യത്തിലാണ് അപ്രകാരം നിയമനം നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനങ്ങൾ റദ്ദാക്കി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; നിയമവിരുദ്ധമായി ഗസ്റ്റ് അദ്ധ്യാപക നിയമനം നടത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ആശ്രിത നിയമനം നൽകുന്നതിനുള്ള നടപടി

3738 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി ഇൻ എഡ്യൂക്കേഷൻ, തൃശ്ശൂർ ഓഫീസിൽ സേവനത്തിലിരിക്കെ മരണപ്പെട്ട ശ്രീമതി അനിത എം. ബി., പാർട്ട്ടൈം സ്വീപ്പറുടെ മകൾ അനഘയ്ക്ക് ആശ്രിത നിയമനം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

## സർക്കാർ കോളേജുകളിൽ സ്ഥിരം പ്രിൻസിപ്പലിനെ നിയമിക്കാൻ നടപടി

3739 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർക്കാർ കോളേജുകളിൽ നിലവിൽ സ്ഥിരം പ്രിൻസിപ്പൽമാരുണ്ട്; സ്ഥിരം പ്രിൻസിപ്പൽമാരുടെ അഭാവം, കോളേജുകളുടെ പഠന- ഗവേഷണ പ്രവർത്തനങ്ങളെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ കോളേജുകളിൽ സ്ഥിരം പ്രിൻസിപ്പൽമാരെ നിയമിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയമ തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന്

വിശദമാക്കാമോ; ഉണ്ടെങ്കിൽ പ്രസ്തുത നിയമ തടസ്സങ്ങൾ നീക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## പട്ടാമ്പിയിൽ പുതിയ ബി. എഡ്. കോളേജ്

3740 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി എസ്. എൻ. ജി. എസ്. കോളേജ് കേന്ദ്രമാക്കി പുതിയ ബി. എഡ്. കോളേജും കോഴ്സും സർക്കാർ തലത്തിൽ ആരംഭിക്കുന്നതിന് നിർദേശമുണ്ടോ; വ്യക്തമാക്കാമോ?

## മങ്കട ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ വികസനം

3741 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ: എന്തെല്ലാം തരത്തിലുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ഈ കോളേജിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളേജിന്റെ നാക് ആക്രഡിറ്റേഷനുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യ വികസനം താമസംവിനാ നടപ്പാക്കേണ്ടതിനാൽ അടിയന്തരമായി ഫണ്ട് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## കൊണ്ടോട്ടി ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ

3742 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി ഗവൺമെന്റ് കോളേജിൽ നിലവിലുള്ള യു. ജി. , പി. ജി. കോഴ്സുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളേജിന്റെ പശ്ചാത്തല വികസനം കൂടി കണക്കിലെടുത്ത് പുതിയ യു. ജി. കോഴ്സും ടൂറിസം ആന്റ് ഹോട്ടൽ മാനേജ്മെന്റിൽ പി. ജി. കോഴ്സും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## സി. കെ. ജി. എം. ഗവൺമെന്റ് കോളേജിൽ നടപ്പാക്കിയ വികസനപ്രവർത്തനങ്ങൾ

3743 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയും തുടർന്ന് നാളിതുവരെയും പേരാമ്പ്ര മണ്ഡലത്തിലെ സി. കെ. ജി. എം. ഗവൺമെന്റ് കോളേജിൽ നടപ്പാക്കിയ വികസനപ്രവർത്തനങ്ങളുടെയും അനുവദിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) അവിടെ നിലവിലുള്ള അക്കാദമിക് ബ്ലോക്കിന്റെ പ്രവൃത്തി ഏത് ഏജൻസി മുഖേനയാണ് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ മേൽനോട്ടം കാര്യക്ഷമമല്ലാത്തതിനാൽ പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കെട്ടിടത്തിന് ഫയർ എൻ. ഒ. സി. ലഭിക്കുന്നതിന് പ്രസ്തുത ഏജൻസി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കി കെട്ടിടത്തിൽ ക്ലാസ്സുകൾ ആരംഭിക്കുന്നത് ഉൾപ്പടെയുള്ളവ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഈ വർഷം പുതുതായി പ്രസ്തുത കോളേജിന് വേണ്ടി എന്തൊക്കെ കാര്യങ്ങൾക്കാണ് ഫണ്ട് അനുവദിച്ചിരിക്കുന്നത്; വിശദാംശം നൽകാമോ?

## തിരുവനന്തപുരം ജില്ലയിൽ പുതിയ കോളേജുകൾ

3744 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പുതിയ കോളേജുകൾ ആരംഭിക്കുന്നതിന് റിപ്പോർട്ടുകൾ എന്തെങ്കിലും വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കോളേജുകൾ എവിടെയെല്ലാമാണ് ആരംഭിക്കുന്നതെന്നു വ്യക്തമാക്കാമോ?

## മഞ്ചേശ്വരം ഗോവിന്ദ പൈ സർക്കാർ കോളേജിൽ പുതിയ കോഴ്സുകൾ

3745 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഗോവിന്ദ പൈ സർക്കാർ കോളേജിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നത് പരിഗണനയിലുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## സി. കെ. ജി. മെമ്മോറിയൽ ഗവ. കോളേജിലെ കോഴ്സുകൾ

3746 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ സി. കെ. ജി. മെമ്മോറിയൽ ഗവ. കോളേജിൽ നിലവിൽ ഏതൊക്കെ കോഴ്സുകളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളേജിൽ 2016 മുതൽ ഏതൊക്കെ കോഴ്സുകളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ ഏതൊക്കെ കോഴ്സുകൾക്കാണ് പ്രൊപ്പോസൽ ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ജില്ലയിൽ സമീപത്തായി മറ്റ് ഗവ. കോളേജുകൾ ഇല്ലാത്ത സാഹചര്യവും മലയോര മേഖലയുടെ പ്രത്യേകതയും പരിഗണിച്ച് പ്രസ്തുത കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ബാലുശ്ശേരിയിലെ ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിലെ നിർമ്മാണ പ്രവൃത്തികൾ

3747 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരിയിൽ സ്ഥിതി ചെയ്യുന്ന ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിൽ നിലവിൽ എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് നടക്കുന്നത്; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കോളേജിൽ നിലവിൽ എത്ര കോഴ്സുകളാണുള്ളത്; പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**മൂന്നാർ ഗവ. ആർട്സ് കോളേജ് പുനർനിർമ്മാണം**

3748 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ തകർന്ന മൂന്നാർ ഗവ. ആർട്സ് കോളേജിന്റെ പുനർനിർമ്മാണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ചുമതല മറ്റൊരു ഏജൻസിക്ക് മാറ്റി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കാമോ?

**ശ്രീകൃഷ്ണ കോളേജിലെ ഫംഗ്ഷണൽ ഇംഗ്ലീഷ് കോഴ്സിന് അംഗീകാരം നൽകാൻ നടപടി**

3749 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ശ്രീകൃഷ്ണ കോളേജിൽ നിലവിൽ സെൽഫ് ഫിനാൻസിംഗ് വിഭാഗത്തിലുള്ള ഫംഗ്ഷണൽ ഇംഗ്ലീഷ് കോഴ്സ് എയ്ഡഡ് വിഭാഗത്തിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത കോളേജിൽ 1998 മുതൽ നിലവിലുള്ള ഈ കോഴ്സിനൊപ്പം തുടങ്ങിയ ബയോ കെമിസ്ട്രി വിഭാഗത്തിന് അംഗീകാരം ലഭിച്ചെങ്കിലും ഫംഗ്ഷണൽ ഇംഗ്ലീഷ് കോഴ്സിന് ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത കോഴ്സിന് അംഗീകാരം നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**എം. എസ്. സി. ഹോം സയൻസ് കോഴ്സ് ആരംഭിക്കാൻ നടപടി**

3750 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി കെ .എ. എച്ച്. എം. യൂണിറ്റി വിമൻസ് കോളേജിൽ പുതുതായി എം. എസ്. സി. ഹോം സയൻസ് കോഴ്സ് അനുവദിക്കാൻ കാലിക്കറ്റ് സർവകലാശാല സിൻഡിക്കേറ്റ് നൽകിയ ശിപാർശ പ്രകാരം ഈ വർഷം തന്നെ കോഴ്സ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ പരസ്യത്തിനായി ചെലവഴിച്ച തുക**

3751 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും ഈ സർക്കാറിന്റെ കാലയളവിൽ നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങൾ സംബന്ധിച്ച വിവരം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, ഈ കാലയളവിൽ പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സഹിതം വ്യക്തമാക്കാമോ?

**<u>കോ-ഓപ്പറേറ്റീവ് കോളേജുകൾ സംരക്ഷിക്കാൻ നടപടി</u>**

3752 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമാന്തര വിദ്യാഭ്യാസം നടത്തുന്ന എത്ര സഹകരണ കോളേജുകളുണ്ട്; ഇത്തരം കോ-ഓപ്പറേറ്റീവ് കോളേജുകൾക്ക് സർക്കാർ നൽകിവരുന്ന സാമ്പത്തിക സഹായങ്ങളുടെയും പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ കോഴ്സുകൾ ഭാഗികമായി നിർത്തിയതോടെ കോ-ഓപ്പറേറ്റീവ് കോളേജുകളിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞത് സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കോ-ഓപ്പറേറ്റീവ് കോളേജുകളെ സംരക്ഷിക്കാനും നിലനിർത്താനും സർക്കാർ എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

**<u>പുതുതായി ആരംഭിച്ചതും പ്രവർത്തനം അവസാനിപ്പിച്ചതുമായ കോളേജുകൾ</u>**

3753 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 2016 മുതൽ നാളിതുവരെ പുതുതായി ആരംഭിച്ച എഞ്ചിനീയറിംഗ്, മെഡിക്കൽ, ആർട്സ് ആൻഡ് സയൻസ് കോളേജുകൾ എന്നിവ എത്രയെന്ന വിവരം അഫിലിയേറ്റിങ് യൂണിവേഴ്സിറ്റി തിരിച്ച് നൽകാമോ; പ്രസ്തുത കാലയളവിൽ എത്ര എഞ്ചിനീയറിംഗ്, മെഡിക്കൽ, ആർട്സ് ആൻഡ് സയൻസ് കോളേജുകൾ പ്രവർത്തനം അവസാനിപ്പിച്ചുവെന്നും വ്യക്തമാക്കാമോ?

**<u>യു. ജി. സി. ഏഴാം ശമ്പള പരിഷ്കരണ കുടിശിക</u>**

3754 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. ഏഴാം ശമ്പള പരിഷ്കരണത്തെ തുടർന്ന് ജനവരി 2016 മുതൽ മാർച്ച് 2019 വരെയുള്ള ശമ്പളക്കുടിശിക കോളേജ് അദ്ധ്യാപകരുടെ പി. എഫ്.-ൽ ലയിപ്പിക്കുമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടും ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിന് ശേഷവും പ്രസ്തുത കുടിശിക അനുവദിക്കാത്തത്

എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; ഈ കാലയളവിലെ കുടിശിക ജീവനക്കാരുടെ പി.എഫ്.ലേക്ക് ലയിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) കുടിശികതുക അനുവദിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ; കുടിശികതുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും സർവീസ് സംഘടനകൾ നിവേദനം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ നിവേദനവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് കോടതി കേസുകൾ നിലവിലുണ്ടോ; നിവേദനങ്ങളും കേസ് നമ്പരും വേർതിരിച്ച് നൽകുമോയെന്ന് വ്യക്തമാക്കുമോ;

(സി) എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് ഈ സർക്കാരിന്റെ കാലയളവിൽ തന്നെ കുടിശിക അനുവദിക്കാൻ സാധിക്കുമോ; നഷ്ടപ്പെട്ട കേന്ദ്ര സഹായത്തിനുപകരം ഏത് ബദൽ സംവിധാനം ഉപയോഗിച്ചാണ് കുടിശിക തീർക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## <u>കേരളാ സയൻസ് സിറ്റിയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനം</u>

3755 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സയൻസ് സിറ്റിയുടെ ഒന്നാം ഘട്ടത്തിൽ പൂർത്തീകരിച്ച പ്രധാന പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഇനി എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) രണ്ടാം ഘട്ട വികസനത്തിനായി ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിലെ പ്രധാന നിർദേശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) രണ്ടാം ഘട്ട പദ്ധതിക്ക് കണക്കാക്കിയിട്ടുള്ള ആകെ ചെലവ് എത്രയാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിക്ക് അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കാമോ; ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഇ) രണ്ടാം ഘട്ടത്തിലെ പദ്ധതികളുടെ പൂർത്തീകരണത്തിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്ന പ്രധാന പ്രവർത്തനങ്ങൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വേഗത്തിലാക്കാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

## <u>കിഫ്ബി മുഖേനയുള്ള വികസന പ്രവർത്തനങ്ങൾ</u>

3756 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ കിഫ്ബി മുഖേന എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളതെന്നും അതിൽ എത്ര പദ്ധതികൾ

പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) ഇനിയും പൂർത്തീകരിക്കാൻ എത്ര പദ്ധതികൾ ഉണ്ടെന്ന് അറിയിക്കാമോ?

## പുതുതായി ആരംഭിച്ച സർക്കാർ, എയ്ഡഡ് കോളേജുകൾ

3757 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 01.06.2016ന് ശേഷം സംസ്ഥാനത്ത് പുതുതായി ആരംഭിച്ച സർക്കാർ, എയ്ഡഡ് കോളേജുകളുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തീയതിക്ക് ശേഷം പുതുതായി ആരംഭിച്ച എയ്ഡഡ് കോളേജുകളുടെ മാനേജ്മെന്റിന്റെ വിശദാംശം ലഭ്യമാക്കാമോ?

## അരൂർ മണ്ഡലത്തിലെ പള്ളിപ്പുറം ഐ. എച്ച്. ആർ. ഡി. കോളേജ്

3758 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ പള്ളിപ്പുറം ഐ. എച്ച്. ആർ. ഡി. കോളേജിന്റെ വികസനത്തിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുക അനുവദിച്ചുവെന്ന് വിശദമാക്കാമോ;

(ബി) പള്ളിപ്പുറം ഐ. എച്ച്. ആർ. ഡി. എഞ്ചിനീയറിംഗ് കോളേജിനോട് ചേർന്നുള്ള ടെക്നിക്കൽ സ്കൂളിന് ഏതെല്ലാം പ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ആശ്രിത നിയമനം നൽകാൻ നടപടി

3759 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ ഗവ. പോളിടെക്നിക് കോളേജിൽ ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ സേവനത്തിലിരിക്കെ മരണപ്പെട്ട അബി കെ. അലിയാരുടെ ഭാര്യ ശ്രീമതി ജാസ്മോൾ എ. എം. ആശ്രിത നിയമനത്തിനായി സമർപ്പിച്ച അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത വ്യക്തിക്ക് ഇതുവരെ നിയമനം നൽകിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് നിയമനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## മട്ടന്നൂർ ഗവ. പോളിടെക്നിക് കോളേജിലെ ലൈബ്രറി കം ഓഡിറ്റോറിയം നിർമ്മാണം

3760 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ ഗവ. പോളിടെക്നിക് കോളേജിലെ ലൈബ്രറി കം ഓഡിറ്റോറിയം നിർമ്മാണത്തിന്റെ പ്രവൃത്തി പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ്

പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**പോളിടെക്നിക്കുകളിലെ കരിക്കുലം, സിലബസ് പരിഷ്കരണം**

3761 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. എം.വിജിൻ**
**ശ്രീമതി ദെലീമ**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോളിടെക്നിക്കുകളിലെ കരിക്കുലം, സിലബസ് എന്നിവ പരിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പാഠ്യപദ്ധതി പരിഷ്കരണത്തിനനുസരിച്ച് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; നിർമ്മിത ബുദ്ധിയുമായി ബന്ധപ്പെട്ട കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ;

(സി) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് പോളിടെക്നിക്കുകളിൽ ക്യാമ്പസ് പ്ലേസ്മെന്റ് നിരക്കുകൾ ഉയർത്തുന്നതിന് ഏകീകൃത സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോ; അതിലൂടെ പ്ലേസ്മെന്റ് നിരക്കുകൾ ഉയർത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകാമോ?

**ആറ്റിങ്ങൽ ഗവൺമെന്റ് പോളിടെക്നിക്കിലെ വികസന പ്രവർത്തനങ്ങൾ**

3762 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതിയിൽ ഉൾപ്പെടുത്തി ആറ്റിങ്ങൽ ഗവൺമെന്റ് പോളിടെക്നിക്കിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**മഞ്ചേശ്വരം താലൂക്കിൽ പുതിയ പോളിടെക്നിക് തുടങ്ങാൻ നടപടി**

3763 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ പുതിയ പോളിടെക്നിക് തുടങ്ങുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ അംഗീകരിച്ച് പോളിടെക്നിക് എപ്പോൾ തുടങ്ങുമെന്ന് വിശദമാക്കാമോ?

**ചേലാട് പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ**

3764 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ചേലാട് പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ അവിടെ പഠനത്തിനായി കൂടുതൽ കമ്പ്യൂട്ടറുകൾ അനുവദിക്കുമോ; വ്യക്തമാക്കാമോ?

## വിദ്യാർത്ഥികളുടെ ആർജ്ജിത നൈപുണ്യ നിലവാര വർദ്ധനവ്

3765 **ഡോ. കെ. ടി. ജലീൽ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ വി കെ പ്രശാന്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൻജിനീയറിംഗ് കോളേജുകളിൽ പോളിടെക്നിക് ഡിപ്ലോമ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പോളിടെക്നിക് ഡിപ്ലോമ കോഴ്സുകളുടെ അവസാന സെമസ്റ്റർ ഇന്റേൺഷിപ്പിന് ഉപയോഗിക്കുന്നതിലൂടെ വിദ്യാർത്ഥികളുടെ ആർജ്ജിത നൈപുണ്യ നിലവാരത്തിൽ വർദ്ധനവ് ഉണ്ടാകുമെന്ന് കരുതാമോ; വിശദമാക്കാമോ;

(സി) നൈപുണ്യ നിലവാര വർദ്ധനവിനായി സ്വീകരിച്ചിട്ടുള്ള മറ്റ് നടപടികൾ വിശദമാക്കാമോ?

## ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ക്യാമ്പസുകളിൽ വ്യവസായ പാർക്കുകൾ

3766 **ശ്രീ. കെ.പി.മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ക്യാമ്പസുകളിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കൂത്തുപറമ്പ് മണ്ഡലത്തിലെ കൂത്തുപറമ്പ് വലിയ വെളിച്ചത്ത് പ്രവർത്തിച്ചു വരുന്ന കോളേജ് ഓഫ് അപ്ലൈഡ് സയൻസ് ക്യാമ്പസ് (ഐ. എച്ച്. ആർ. ഡി. ) കേന്ദ്രീകരിച്ച് വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് വകുപ്പ് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

## പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുള്ള പ്രായോഗിക പരിശീലനം

3767 **ശ്രീ. കെ. ജെ. മാക്സി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് പഠനകാലത്തുതന്നെ പ്രായോഗിക പരിശീലനം ഉറപ്പാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം നൽകുന്നതിന് അന്താരാഷ്ട്ര ഏജൻസികളുടെ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## പരപ്പനങ്ങാടി എൽ. ബി. എസ്. ഐ. ഐ. എസ്. റ്റി.

3768 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നിർദിഷ്ട പരപ്പനങ്ങാടി എൽ. ബി. എസ്. ഐ. ഐ. എസ്. റ്റി. ക്ക് സ്വന്തം ഭൂമിയും കെട്ടിടവും ലഭ്യമാക്കുന്ന പ്രവർത്തിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) ഈ പദ്ധതിക്ക് ആവശ്യമായ ഭൂമി കൈമാറുന്നതിന് സമ്മതം നൽകിയ ഉടമകൾക്ക് സർക്കാർ തുടർനടപടി സ്വീകരിക്കാത്തതിനാൽ ഉണ്ടായ പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സമ്മതപത്രം നൽകിയതിനാൽ പ്രസ്തുത ഭൂമി മറ്റു വ്യക്തികൾക്ക് വിൽപ്പന നടത്തുന്നതിന് നിലവിലെ ഭൂമിയുടെ ഉടമകൾക്ക് സാധ്യമാകാത്തതും അതേസമയം ഈ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ വർഷങ്ങളായി നടപടികൾ സ്വീകരിക്കാത്തതും കാരണം ഉണ്ടായിട്ടുള്ള പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണ്; ഉന്നത വിദ്യാഭ്യാസ വകുപ്പിലെയും ധനകാര്യ വകുപ്പിലെയും ബന്ധപ്പെട്ട ഫയലിന്റെ നമ്പറുകൾ വ്യക്തമാക്കാമോ;

(ഇ) ഈ പദ്ധതിക്ക് ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ വിശദമാക്കാമോ;

(എഫ്) ഈ പദ്ധതിക്ക് അനുമതി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രവൃത്തി എന്നേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

## ഗവേഷണവും അക്കാദമിക് സഹകരണവും പ്രോത്സാഹിപ്പിക്കുന്ന പദ്ധതി

3769 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ ഗവേഷണവും അക്കാദമിക് സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിദേശ സർവകലാശാലകളുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## സർവകലാശാല സ്കോളർഷിപ്പിനായി ലഭിച്ച അപേക്ഷകൾ

3770 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ 2024-25 കാലയളവിൽ വിവിധ സ്കോളർഷിപ്പുകൾ ലഭിക്കാൻ അപേക്ഷിച്ച വിദ്യാർത്ഥികളുടെ എണ്ണം, അനുവദിച്ചതിന്റെ ശതമാനം എന്നിവ സർവകലാശാലകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

## നാല്വ വർഷ ബിരുദ കോഴ്സുകളിലെ സീറ്റുവിവരം

3771 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ സർവകലാശാലകളിലെ പഠനവകുപ്പുകളിലും അഫിലിയേറ്റഡ് കോളേജുകളിലുമായി 2024-25 വർഷത്തിലെ

നാലു വർഷ ബിരുദ കോഴ്സുകളിൽ ആകെ എത്ര സീറ്റുകൾ ലഭ്യമായിരുന്നുവെന്നും ആകെ എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം അനുവദിച്ചുവെന്നും അവരിൽ എത്ര വിദ്യാർത്ഥികൾ രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തുവെന്നും വെവ്വേറെയായി വ്യക്തമാക്കാമോ?

## പരീക്ഷ ക്രമക്കേടുകൾ

3772 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 01.01.2024 മുതൽ 30.09.2025 വരെയുള്ള കാലയളവിൽ പരീക്ഷകേന്ദ്രങ്ങളിൽ നിന്നും/മൂല്യനിർണ്ണയ ക്യാമ്പുകളിൽ നിന്നും സർവകലാശാലകളിലേയ്ക്ക് റിപ്പോർട്ട് ചെയ്ത പരീക്ഷഹാളിൽ മൊബൈൽ ഫോൺ/സമാർട്ട് വാച്ച്, മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ ഉപയോഗിച്ചതുമായി ബന്ധപ്പെട്ട പരീക്ഷ ക്രമക്കേടുകളുടെ എണ്ണം എത്ര ; വിശദാംശങ്ങൾ വിവിധ പരീക്ഷകളുടെയടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത രീതിയിൽ പരീക്ഷാ ക്രമക്കേട് നടത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടവയിൽ കുറ്റവിമുക്തരാക്കപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണവും പേരും വെളിപ്പെടുത്താൻ സാധിക്കുമോ ; എങ്കിൽ ആയത് കോളേജിന്റെ പേര്, പരീക്ഷയുടെ വിശദാംശം എന്നിവയുൾപ്പെടെ പ്രോഗ്രാമുകൾ തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പരീക്ഷാ ക്രമക്കേടുകൾ പരിശോധിക്കാൻ സർവകലാശാലകൾ സ്വീകരിച്ച നടപടിക്രമം, വിദ്യാർത്ഥികളെ കുറ്റവിമുക്തരാക്കാൻ തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം എന്നിവ വിശദമാക്കാമോ;

(ഡി) ഇൻവിജിലേറ്റർ, ചീഫ് സൂപ്രണ്ട്, വിജിലൻസ് സ്ക്വാഡ്, മൂല്യ നിർണ്ണയ ക്യാമ്പ് ചെയർമാൻ, അഡീഷണൽ എക്സാമിനർ തുടങ്ങി വിവിധ തലങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ട പരീക്ഷാ ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്ത അദ്ധ്യാപകരെയോ ഉദ്യോഗസ്ഥരെയോ നേരിൽ കേൾക്കാതെ കുറ്റവിമുക്തരാക്കപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം എത്ര ; വിദ്യാർത്ഥികളുടെ പേര് വെളിപ്പെടുത്താൻ സാധിക്കുമോ ; എങ്കിൽ കോളേജിന്റെ പേര്, പരീക്ഷയുടെ വിശദാംശങ്ങൾ എന്നിവയുൾപ്പെടെ പ്രോഗ്രാമുകൾ തിരിച്ച് ലഭ്യമാക്കാമോ ;

(ഇ) ഇത്തരത്തിൽ വിദ്യാർത്ഥികളെ കുറ്റവിമുക്തരാക്കുന്നതിന് സർവ്വകലാശാലകൾ തീരുമാനമെടുത്തതിന്റെ കാരണം വ്യക്തമാക്കാമോ?

## നാല് വർഷ അണ്ടർ ഗ്രാജുവേറ്റ്, പി.ജി. കോഴ്സുകൾ

3773 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവകലാശാലകളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ്, സ്വയംഭരണ കോളേജുകളിൽ നാല് വർഷ അണ്ടർ ഗ്രാജുവേറ്റ്, പി.ജി. കോഴ്സുകളിൽ 2025-26 അദ്ധ്യയനവർഷത്തിൽ എത്ര സീറ്റുകൾ ഉണ്ടെന്നും എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയെന്നും സർവകലാശാല തിരിച്ചും കോളേജുകളുടെ ഇനം തിരിച്ചും വ്യക്തമാക്കാമോ?

## സർവകലാശാല വിദ്യാർത്ഥികളുടെ വിശദാംശം

3774 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24, 2024-25, 2025-26 എന്നീ അദ്ധ്യയന വർഷങ്ങളിൽ സംസ്ഥാനത്തെ സർവകലാശാലകളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ് സെൽഫ് ഫിനാൻസിംഗ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ വിവിധ ബിരുദ പ്രോഗ്രാമുകളിലെയും ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലെയും മറ്റു പ്രോഗ്രാമുകളിലെയും ഒന്നാം സെമസ്റ്റർ/ഒന്നാം വർഷ പ്രവേശനത്തിന് അപേക്ഷ നൽകിയ വിദ്യാർത്ഥികളുടെ ആകെ എണ്ണം, ലഭ്യമായ സീറ്റുകളുടെ ആകെ എണ്ണം, പ്രസ്തുത സീറ്റുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ആകെ എണ്ണം, ഒഴിഞ്ഞ് കിടക്കുന്ന സീറ്റുകളുടെ ആകെ എണ്ണം എന്നീ വിശദാംശം സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ബിരുദതലത്തിൽ നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കിയതിനുശേഷം വിവിധ ബിരുദ പ്രോഗ്രാമുകളിലെ പ്രവേശനത്തിന് അപേക്ഷ നൽകിയ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവോ വർദ്ധനവോ ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ബിരുദതലത്തിൽ നാലുവർഷബിരുദ പ്രോഗ്രാം നടപ്പിലാക്കിയതിനുശേഷവും വിവിധ ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള വിദ്യാർത്ഥി പ്രവേശനത്തിൽ ഗണ്യമായ കുറവ് കണ്ടുവരുന്നതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## പി.എം.ഉഷ പദ്ധതി

3775 **ശ്രീ. എ. പി. അനിൽ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ഉഷ പദ്ധതി പ്രകാരം കേരളത്തിലെ ഏതെല്ലാം സർവകലാശാലകൾക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട് എന്നും എത്ര തുക വീതമെന്നും വ്യക്തമാക്കാമോ;

(ബി) പദ്ധതി പ്രകാരം ഓരോ സർവകലാശാലയ്ക്കും സംസ്ഥാന സർക്കാർ നൽകേണ്ട തുക എത്ര വീതമെന്നും പ്രസ്തുത തുകയിൽ എത്ര രൂപ ഇതിനകം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## വിദ്യാർത്ഥികളുടെ പരീക്ഷസംബന്ധിയായ രജിസ്റ്ററുകൾ

3776 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ വിദ്യാർത്ഥികളുടെ പരീക്ഷ സംബന്ധിയായ വിവരങ്ങൾ പ്രത്യേക രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കാറുണ്ടായിരുന്നോയെന്ന് വിശദമാക്കാമോ; ഏതുവർഷം മുതലുള്ള വിശദാംശങ്ങളാണ് നിലവിൽ ഉപയോഗിച്ചുവരുന്ന സോഫ്റ്റ്‌വെയർ മുഖേന ലഭ്യമാകുന്നത്;

(ബി) ടാബുലേഷൻ രജിസ്റ്ററുകൾ ഉൾപ്പെടെയുള്ള പ്രസ്തുത രജിസ്റ്ററുകൾ എപ്പോഴെങ്കിലും നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2010 ജനുവരി മുതൽ നാളിതുവരെ വിവിധ

സർവകലാശാലകളിൽ നിന്നും നഷ്ടപ്പെട്ടതോ സ്റ്റോക്കിൽ കാണാതായതോ ആയ ടാബുലേഷൻ രജിസ്റ്ററുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) നഷ്ടപ്പെട്ടവയും സ്റ്റോക്കിൽ നിന്നും കാണാതായതുമായ ഇത്തരം ടാബുലേഷൻ രജിസ്റ്ററുകളുടെ വീണ്ടെടുപ്പിന് സർവകലാശാലകൾ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) വിദ്യാർത്ഥികൾ വിവിധ സർട്ടിഫിക്കറ്റുകൾ, ജന്യുവിനസ് വേരിഫിക്കേഷൻ എന്നിവയ്ക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ അവരുടെ പരീക്ഷാ വിവരങ്ങൾ ഉൾക്കൊള്ളുന്ന ടാബുലേഷൻ രജിസ്റ്ററുകളില്ലെങ്കിൽ പ്രസ്തുത സർട്ടിഫിക്കറ്റ് /വിവരം എപ്രകാരമാണ് സർവകലാശാലകൾ അനുവദിക്കുന്നതെന്നും അതിനു സ്വീകരിക്കുന്ന നടപടിക്രമങ്ങളും വിശദമാക്കാമോ;

(ഇ) തങ്ങളുടെ പരീക്ഷ സംബന്ധിയായ വിവരങ്ങൾ ഇത്തരം ടാബുലേഷൻ രജിസ്റ്ററുകളിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾ വിവിധ സേവനങ്ങൾക്ക് സമർപ്പിക്കുന്ന മാർക്ക് ലിസ്റ്റുകൾ വ്യാജമല്ലെന്ന് പരിശോധിച്ചുറപ്പുവരുത്താൻ സർവകലാശാലകൾ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ?

## <u>നാലുവർഷ ബിരുദ വിദ്യാർത്ഥികളുടെ എണ്ണം</u>

3777 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിലെ അഫിലിയേറ്റഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ വിവിധ നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ ഒന്നാം സെമസ്റ്ററിൽ 2024-25 അദ്ധ്യയനവർഷം പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ആകെ എണ്ണം ഓട്ടോണമസ് കോളേജുകൾ പ്രത്യേകമായും സർവ്വകലാശാല തിരിച്ചും ലഭ്യമാക്കാമോ;

(ബി) നാലുവർഷബിരുദ റെഗുലേഷൻ വ്യവസ്ഥ ചെയ്യുന്ന മൂന്നാം സെമസ്റ്ററിലെ മേജർ കോഴ്സ് സ്വിച്ചിംഗ് ഉപയോഗപ്പെടുത്തിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; തങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്ന കോളേജിൽ തന്നെ മേജർ സ്വിച്ചിംഗ് ഉപയോഗപ്പെടുത്തിയ വിദ്യാർത്ഥികളുടെ ആകെ എണ്ണം, മൂന്നാം സെമസ്റ്ററിൽ കോളേജ് മാറ്റത്തോടൊപ്പം മേജർ സ്വിച്ചിംഗ് ഉപയോഗപ്പെടുത്തിയ വിദ്യാർത്ഥികളുടെ ആകെ എണ്ണം എന്നിവയും ഓട്ടോണമസ് കോളേജുകളിലേത് പ്രത്യേകമായും ലഭ്യമാക്കാമോ;

(സി) തങ്ങളുടെ സർവകലാശാലയ്ക്കു കീഴിലുള്ള മറ്റു കോളേജുകളിലേക്ക് മൂന്നാം സെമസ്റ്ററിൽ കോളേജ് മാറ്റം ഉപയോഗപ്പെടുത്തിയ നിലവിലെ നാലുവർഷ ബിരുദ വിദ്യാർത്ഥികളുടെ എണ്ണം ഓട്ടോണമസ് കോളേജുകളിലേത് പ്രത്യേകമായും ലഭ്യമാക്കാമോ;

(ഡി) നാലുവർഷ ബിരുദ റെഗുലേഷൻ വ്യവസ്ഥ ചെയ്യുന്ന ഇന്റർയൂണിവേഴ്സിറ്റി ട്രാൻസ്ഫർ സൗകര്യം മൂന്നാം സെമസ്റ്ററിൽ ഉപയോഗപ്പെടുത്തിയ വിദ്യാർത്ഥികളുടെ എണ്ണം ലഭ്യമാക്കാമോ; അപ്രകാരം ഓരോ സർവകലാശാലയിലേക്കും സർവകലാശാലയിൽ നിന്നും മറ്റു സർവകലാശാലകളിലേക്കും കോളേജ് മാറ്റം ഉപയോഗപ്പെടുത്തിയ

നിലവിലെ നാലുവർഷ ബിരുദ വിദ്യാർത്ഥികളുടെ എണ്ണം ഓട്ടോണമസ് കോളേജുകളിലേത് പ്രത്യേകമായും ലഭ്യമാക്കാമോ?

## <u>പരീക്ഷകളുടെ പുനർ മൂല്യനിർണയം</u>

3778 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാല അഞ്ചാം സെമസ്റ്റർ ബി.എ, ബി.എസ്.സി, ബി.കോം, ബി.ബി.എ. നവംബർ-2022, നവംബർ-2023, നവംബർ-2024 റഗുലർ, സപ്ലിമെന്ററി പരീക്ഷകളുടെ വിവിധ കോഴ്സുകളുടെ(പേപ്പർ) പുനർ മൂല്യനിർണയത്തിന് നിയോഗിക്കപ്പെട്ട അദ്ധ്യാപകരുടെ ആകെ എണ്ണം, പ്രോഗ്രാം, പരീക്ഷ സെഷൻ എന്നിവ തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രോഗ്രാമുകളുടെ അഞ്ചാം സെമസ്റ്റർ പരീക്ഷകളുടെ നവംബർ-2022, നവംബർ- 2023, നവംബർ-2024 സെഷനുകളിൽ ഒരേ കോഴ്സിന്റെ (പേപ്പർ) പുനർമൂല്യ നിർണ്ണയത്തിൽ പങ്കെടുത്ത അദ്ധ്യാപകരുടെ എണ്ണവും വ്യത്യസ്ത കോഴ്സുകളുടെ (പേപ്പറുകളുടെ) പുനർമൂല്യ നിർണ്ണയത്തിൽ ഈ മൂന്ന് സെഷനുകളിലും പങ്കെടുത്ത അദ്ധ്യാപകരുടെ എണ്ണവും പ്രത്യേകം ലഭ്യമാക്കാമോ;

(സി) പരീക്ഷാ ഫലപ്രഖ്യാപനത്തിന് ശേഷം ഉത്തരപേപ്പറുകളുടെ സൂക്ഷ്മ പരിശോധനയ്ക്കും പകർപ്പിനും വേണ്ടി അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് അവ അനുവദിക്കുന്നതിന് സർവകലാശാലകൾ സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ഡി) 01.01.2023 മുതൽ 31.08.2025 വരെയുള്ള കാലയളവിൽ വിവിധ പരീക്ഷകളുടെ ഉത്തരപേപ്പറുകളുടെ പകർപ്പിന് വേണ്ടി അപേക്ഷിച്ച വിദ്യാർത്ഥികൾക്ക് പകർപ്പ് അനുവദിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഇ) പകർപ്പ് അനുവദിക്കാൻ കഴിയാത്ത വിദ്യാർത്ഥികളുടെ അപേക്ഷകളിൽ സർവകലാശാല സ്വീകരിച്ച തീരുമാനം ലഭ്യമാക്കാമോ; പ്രസ്തുത വിഷയത്തിൽ സർവകലാശാല സിൻഡിക്കേറ്റിന്റെ പരീക്ഷാ സ്ഥിരം സമിതി, സിൻഡിക്കേറ്റ് എന്നിവയെടുത്ത തീരുമാനം ലഭ്യമാക്കാമോ;

(എഫ്) ഇത്തരത്തിൽ പരീക്ഷാർത്ഥികൾക്ക് ഉത്തരക്കടലാസിന്റെ പകർപ്പ് നൽകാൻ കഴിയാത്തത് എന്തു കാരണത്താലാണെന്ന് വിശദക്കാമോ?

## <u>അഫിലിയേറ്റഡ് കോളേജുകളും സർവകലാശാലകളിലെ അനദ്ധ്യാപക തസ്തികകളും</u>

3779 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991-1992, 2001-2002, 2011-2012, 2021-2022 എന്നീ അദ്ധ്യയന വർഷങ്ങളിൽ സംസ്ഥാനത്തെ സർവകലാശാലകൾക്ക കീഴിൽ നിലവിലുണ്ടായിരുന്ന അഫിലിയേറ്റഡ് കോളേജുകളുടെ ആകെ എണ്ണം, പ്രസ്തുത കോളേജുകളിൽ പഠനം നടത്തിയ വിദ്യാർത്ഥികളുടെ ആകെ എണ്ണം എന്നിവ ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ്, ഓട്ടോണമസ് തിരിച്ചു ലഭ്യമാക്കാമോ;

(ബി) സർവകലാശാലകൾക്കു കീഴിൽ നിലവിലുള്ള അഫിലിയേറ്റഡ് കോളേജുകളുടെ ആകെ എണ്ണം, പ്രസ്തുത കോളേജുകളിൽ വിവിധ പ്രോഗ്രാമുകളിൽ നിലവിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ ആകെ എണ്ണം എന്നിവ ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ്, ഓട്ടോണമസ് തിരിച്ച് ലഭ്യമാക്കാമോ;

(സി) 1991, 2001, 2011, 2021 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തെ സർവകലാശാലകളിൽ നിലവിലുണ്ടായിരുന്ന വിവിധ അനദ്ധ്യാപക തസ്തികകളുടെ അംഗീകൃത എണ്ണം, തസ്തിക തിരിച്ച് ലഭ്യമാക്കാമോ ; ഇവയിൽ ടെക്നിക്കൽ, നോൺ ടെക്നിക്കൽ തസ്തികകളുടേത് പ്രത്യേകമായി ലഭ്യമാക്കാമോ ;

(ഡി) സർവകലാശാലകളിൽ നിലവിലുള്ള വിവിധ അനദ്ധ്യാപക തസ്തികകളുടെ അംഗീകൃത എണ്ണം, ഒഴിവുകൾ എന്നിവ തസ്തിക തിരിച്ച് ലഭ്യമാക്കാമോ; ഇവയിൽ ടെക്നിക്കൽ, നോൺ ടെക്നിക്കൽ തസ്തികകളുടേത് പ്രത്യേകമായി ലഭ്യമാക്കാമോ;

(ഇ) സർവകലാശാലകളിലെ അനധ്യാപക തസ്തികകളിൽ നിലവിൽ താൽക്കാലികമായി ജോലി ചെയ്യുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ; പ്രസ്തുത താൽക്കാലിക ജീവനക്കാരിൽ അംഗീകാരമില്ലാത്ത തസ്തികകളിൽ ജോലിചെയ്യുന്നവരുടെയും അംഗീകൃത തസ്തികകളുടെ അംഗബലത്തിൽ കവിഞ്ഞുള്ള തസ്തികകളിൽ ജോലി ചെയ്യുന്നവരുടെയും വിശദാംശം ലഭ്യമാക്കാമോ?

## നാലു വർഷ ബിരുദ കോഴ്സുകൾ

3780 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം സർവകലാശാലകളുടെ നേരിട്ടുള്ള പഠനവകുപ്പുകളിൽ നാലു വർഷ ബിരുദ കോഴ്സുകൾ നടത്തുന്നുവെന്ന് അറിയിക്കാമോ;

(ബി) ഓരോ യൂണിവേഴ്സിറ്റിയിലും എഫ്. വൈ. യു. ജി.(ഫോർ ഇയർ അണ്ടർ ഗ്രാജുവേറ്റ്), പി. ജി. കോഴ്സുകളിൽ ആകെ എത്ര വീതം സീറ്റുകളുണ്ടെന്നും 2024-25, 2025-26 എന്നീ അദ്ധ്യയന വർഷങ്ങളിൽ ഓരോന്നിലും ആകെ എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം അനുവദിച്ചുവെന്നും വ്യക്തമാക്കാമോ?

## സർവകലാശാലകളിലെ സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥരുടെ നിയമനം

3781 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 -ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി ) ആക്ട് (ആക്ട് 21 ഓഫ് 2019) പ്രകാരം സർവകലാശാലകളിലെ രജിസ്ട്രാർ, പരീക്ഷ കൺട്രോളർ, ഫിനാൻസ് ഓഫീസർ തുടങ്ങിയ പദവികളിൽ ഉദ്യോഗസ്ഥരുടെ സേവന കാലയളവ് 4 വർഷം അല്ലെങ്കിൽ 56 വയസ് ആയി പരിമിതപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ആക്ട് നിലവിൽ വന്നതിന് ശേഷം രജിസ്ട്രാർ, പരീക്ഷ കൺട്രോളർ, ഫിനാൻസ് ഓഫീസർ തുടങ്ങിയ തസ്തികകളിൽ ഏതെല്ലാം സർവകലാശാലകളിൽ സ്ഥിരനിയമനം നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; പ്രസ്തുത തസ്തികകളിൽ സ്ഥിരനിയമനം ലഭിച്ച ജീവനക്കാരുടെ പേര്,

തസ്തികയിൽ ചുമതലയേറ്റെടുത്ത തീയതി, പ്രൊബേഷൻ പൂർത്തീകരിച്ച തീയതി, കൈപ്പറ്റിയ പ്രതിമാസ വേതനം, അനുവദിച്ച വാർഷിക ഇൻക്രിമെന്റുകൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിൽ സ്ഥിരനിയമനം ലഭിക്കുകയും തുടർന്ന് പ്രൊബേഷൻ ഡിക്ലെയർ ചെയ്യുകയും ചെയ്ത വ്യക്തിയുടെ ആ തസ്തികയിലേക്കുള്ള നിയമനം അന്യത്ര സേവന പ്രകാരമാക്കി മാറ്റുന്നതിന് സർവകലാശാല ചട്ടങ്ങളിൽ വ്യവസ്ഥചെയ്തിട്ടുണ്ടോയെന്ന വിശദമാക്കാമോ; പ്രസ്തുത ചട്ടങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) സർവകലാശാലകളുടെ ആക്ട്, സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേൽ തസ്തികകളിൽ അന്യത്ര സേവന രീതിയിൽ നിയമിക്കപ്പെടുന്നതിനുള്ള അർഹത, യോഗ്യത എന്നിവ വിശദമാക്കാമോ;

(ഇ) 2019-ലെ 21-ാം ആക്ട് നിലവിൽ വന്നതിന് ശേഷം സർവകലാശാലകളിൽ രജിസ്ട്രാർ, പരീക്ഷ കൺട്രോളർ, ഫിനാൻസ് ഓഫീസർ തുടങ്ങിയ തസ്തികകളിൽ സ്ഥിരനിയമനം ലഭിക്കുകയും തുടർന്ന് പ്രൊബേഷൻ ഡിക്ലെയർ ചെയ്യുകയും ചെയ്ത സർവകലാശാല പഠനവകുപ്പുകളിലെ അധ്യാപകരെ, മേൽ തസ്തികകളിലെ കാലാവധി പൂർത്തിയാക്കിയ ശേഷം, സർവകലാശാല പഠനവകുപ്പുകളിലെ അധ്യാപക തസ്തികകളിൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; സ്റ്റാറ്റ്യൂട്ടറി ഓഫീസർ തസ്തികയിൽ നിന്നും വിടുതൽ ചെയ്ത ഇത്തരം അദ്ധ്യാപകരെ പുതിയ നിയമന പ്രക്രിയയുടെ ഭാഗമാക്കാതെ പഠനവകുപ്പുകളിലെ അവരുടെ മുൻ തസ്തികകളിൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് അനുവദിക്കുന്ന സർവകലാശാല ചട്ടങ്ങൾ വിശദമാക്കുമോ;

(എഫ്) പഠനവകുപ്പുകളിലെ അധ്യാപകർ മറ്റൊരു ജോലി ലഭിച്ച് വിടുതൽ ചെയ്തുകഴിഞ്ഞാൽ പഠനവകുപ്പുകളിലെ അവരുടെ തസ്തികയിലെ ലീൻ എത്ര കാലയളവിലേക്കാണെന്ന് വിശദമാക്കാമോ; ആയത് വ്യക്തമാക്കുന്ന സർവകലാശാല ചട്ടങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

## <u>പരീക്ഷ സംബന്ധിയായ ക്രമക്കേടുകൾ</u>

3782 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാഹാളിൽ വിദ്യാർത്ഥികളുടെ ഭാഗത്തു നിന്നുണ്ടാകുന്ന ഏതെല്ലാം പ്രവർത്തനങ്ങളെയും ഏതിന്റെയെല്ലാം ഉപയോഗത്തെയുമാണ് സർവകലാശാലകൾ പരീക്ഷ സംബന്ധിയായ ക്രമക്കേടുകൾ ആയി കണക്കാക്കുന്നതെന്ന് വിശദമാക്കാമോ; ഇത്തരം ക്രമക്കേടുകൾ വരുത്തുന്ന വിദ്യാർത്ഥികൾക്കെതിരെ സർവകലാശാലകൾ സ്വീകരിക്കുന്ന ശിക്ഷാ നടപടികൾ വിശദമാക്കാമോ;

(ബി) പരീക്ഷ ക്രമക്കേടുകൾ പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും അല്ലെങ്കിൽ മൂല്യനിർണ്ണയ ക്യാമ്പുകളിൽ നിന്നും സർവകലാശാലകളിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് മുതൽ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതു വരെ അല്ലെങ്കിൽ നടപടികളിൽ നിന്നും

ഒഴിവാക്കപ്പെടുന്നതുവരെ ഓരോ സർവകലാശാലയിലും അനുവർത്തിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) 01. 01. 2024 മുതൽ 30. 09. 2025 വരെയുള്ള കാലയളവിൽ പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും മൂല്യനിർണ്ണയ ക്യാമ്പുകളിൽ നിന്നും സർവകലാശാലകളിലേയ്ക്ക് റിപ്പോർട്ട് ചെയ്ത പരീക്ഷ ക്രമക്കേടുകളുടെ ആകെ എണ്ണം എത്രയാണ്; വിവിധ പരീക്ഷകളുടെ അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) 01. 01. 2024 മുതൽ 30. 09. 2025 വരെയുള്ള കാലയളവിൽ പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും മൂല്യനിർണ്ണയ ക്യാമ്പുകളിൽ നിന്നും സർവകലാശാലകളിലേയ്ക്ക് റിപ്പോർട്ട് ചെയ്ത പരീക്ഷാ ക്രമക്കേടുകളിൽ, എത്രയെണ്ണം സർവകലാശാല സിൻഡിക്കേറ്റോ പരീക്ഷാ സ്റ്റാന്റിംഗ് കമ്മിറ്റിയോ അല്ലെങ്കിൽ ബന്ധപ്പെട്ട സമിതിയോ പരിഗണിച്ചിട്ടുണ്ടെന്നും എത്രയെണ്ണത്തിൽ വിദ്യാർത്ഥികളെ കുറ്റവിമുക്തരാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) സിൻഡിക്കേറ്റിന്റെ പരീക്ഷാ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ അല്ലെങ്കിൽ ബന്ധപ്പെട്ട സമിതിയുടെയോ തീരുമാനപ്രകാരം മേൽ കാലയളവിൽ കുറ്റവിമുക്തരാക്കപ്പെട്ട വിദ്യാർത്ഥികളുടെ പേര് വിവരം വെളിപ്പെടുത്താൻ സാധിക്കുമോ; എങ്കിൽ അവരുടെ പേര്, കോളേജിന്റെ പേര്, പരീക്ഷയുടെ വിശദാംശം എന്നിവ പ്രോഗ്രാമുകൾ തിരിച്ച് വിശദമാക്കുമോ;

(എഫ്) മേൽ കാലയളവിൽ പരീക്ഷാക്രമക്കേടിന് വിദ്യാർത്ഥികളുപയോഗിച്ച വസ്തുക്കളും ക്രമക്കേട് നടത്തിയതിന്റെ രേഖകളും പരീക്ഷകേന്ദ്രങ്ങളിൽ/കോളജുകളിൽ നിന്നും ലഭ്യമാക്കിയ കേസുകളിലും വിദ്യാർത്ഥികളെ കുറ്റ വിമുക്തരാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ഉണ്ടെങ്കിൽ അത്തരം ക്രമക്കേടുകളിലുൾപ്പെട്ട വിദ്യാർത്ഥികളുടെ പേര്, കോളേജിന്റെ പേര്, പരീക്ഷയുടെ വിശദാംശം എന്നിവ പ്രോഗ്രാമുകൾ തിരിച്ചു ലഭ്യമാക്കാമോ?

## <u>വൈസ് ചാൻസലർ നിയമനത്തിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ</u>

3783 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സനീഷ്‌കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക
ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാല ആക്ട്, സ്റ്റാറ്റ്യൂട്ട് , ഓർഡിനൻസ് എന്നിവയിൽ പ്രതിപാദിക്കുന്ന വൈസ് ചാൻസലർ നിയമനത്തിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(ബി) യു. ജി. സി. പുറപ്പെടുവിച്ച 2025-ലെ കരട് റെഗുലേഷൻ പ്രകാരം സർവകലാശാലകളിലെ വൈസ് ചാൻസലർ നിയമനത്തിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) വൈസ് ചാൻസലറെ തിരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള സർവകലാശാല ചട്ടങ്ങളിലെ

വ്യവസ്ഥകളിൽ ഏതെങ്കിലും തരത്തിലുള്ള ഭേദഗതി വരുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന വിശദമാക്കാമോ;

(ഡി) സർവകലാശാലകളിലെ വൈസ് ചാൻസലർ നിയമനത്തിൽ സർക്കാരിന് കൂടുതൽ നിയന്ത്രണങ്ങൾ ലഭിക്കുന്ന തരത്തിൽ കൊണ്ടുവന്നതോ കൊണ്ടുവരാനുദ്ദേശിക്കുന്നതോ ആയ നിയമഭേദഗതികളുടെ വിശദാംശങ്ങളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ഇ) സർക്കാർ കൊണ്ടുവന്നതോ കൊണ്ടുവരാനുദ്ദേശിക്കുന്നതോ ആയ നിയമഭേദഗതികൾ വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട് യു. ജി. സി.യുടെ 2025-ലെ കരട് റെഗുലേഷനിലെ വ്യവസ്ഥകളുമായി ഏതെല്ലാം രീതിയിൽ വിഭിന്നമാണെന്ന് വിശദമാക്കാമോ?

## <u>സർവകലാശാലകൾക്ക് വകയിരുത്തിയ തുക</u>

3784 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഓരോ സർവകലാശാലയ്ക്കും കഴിഞ്ഞ 5 സാമ്പത്തിക വർഷങ്ങളിൽ പ്ലാൻ, നോൺ-പ്ലാൻ ഫണ്ട് ഇനത്തിൽ സർക്കാർ വിതരണം ചെയ്തതും ബജറ്റിൽ വകയിരുത്തിയതുമായ തുക എത്ര വീതം എന്ന വിവരം നൽകാമോ?

## <u>ഉത്തരപേപ്പറുകളുടെ പുനർ മൂല്യനിർണ്ണയത്തിൽ സർവകലാശാലകൾ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ</u>

3785 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പരീക്ഷകളുടെ ഫലപ്രഖ്യാപനത്തിന് ശേഷം ഉത്തരപേപ്പറുകളുടെ പുനർ മൂല്യനിർണ്ണയത്തിന് സർവകലാശാലകൾ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) ആദ്യ മൂല്യനിർണ്ണയം നടത്തിയ അദ്ധ്യാപകരെക്കാൾ യോഗ്യതയും അദ്ധ്യാപന പരിചയവുമുള്ള അദ്ധ്യാപകരെയാണോ പുനർ മൂല്യനിർണ്ണയത്തിന് ചുമതലപ്പെടുത്താറുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പുനർ മൂല്യനിർണ്ണയത്തിൽ ആദ്യ മൂല്യനിർണ്ണയത്തിൽ ലഭിച്ചതിനേക്കാൾ വളരെക്കൂടുതൽ മാർക്ക് ലഭിക്കുന്ന സാഹചര്യത്തിൽ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ഡി) 01. 01. 2023 മുതൽ 31. 08. 2025 വരെയുള്ള കാലയളവിൽ നടത്തിയ പരീക്ഷകളുടെ പുനർ മൂല്യനിർണയത്തിൽ 30 ശതമാനത്തിലധികം മാർക്ക് വ്യത്യാസം എത്ര ഉത്തരപേപ്പറുകളിൽ വന്നിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത പരീക്ഷകളുടെയും ഉത്തരപേപ്പറുകളുടെയും വിശദാംശങ്ങളും അവയിൽ കൈകൊണ്ട നടപടികളും വിശദമാക്കുമോ;

(ഇ) മേൽ കാലയളവിലെ പുനർ മൂല്യനിർണ്ണയങ്ങളിൽ 30 ശതമാനത്തിലധികം മാർക്ക് വ്യത്യാസം വന്നതുമൂലം ഉത്തരപേപ്പറുകൾ രണ്ടാമത് പുനർ മൂല്യനിർണ്ണയത്തിന് ചുമതലപ്പെടുത്തിയ അദ്ധ്യാപകർ പ്രസ്തുത വിഷയത്തിന്റെ യഥാർത്ഥ മൂല്യനിർണ്ണയത്തിലോ ഒന്നാം പുനർ മൂല്യനിർണ്ണയത്തിലോ പങ്കെടുത്തിരുന്നുവോയെന്ന് വ്യക്തമാക്കാമോ?

**ഉന്നത വിദ്യാഭ്യാസ മേഖലയെ ലോകോത്തര നിലവാരത്തിലേക്കുയർത്തുന്നതിന് വികസിത രാജ്യങ്ങളുമായുള്ള സഹകരണം**

3786 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ ലോകോത്തര നിലവാരത്തിലേക്കുയർത്തുന്നതിനായി നൂതന വിജ്ഞാന ശാഖകളിൽ വികസിത രാജ്യങ്ങളുമായുള്ള സഹകരണം സാധ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട തൊഴിൽ പരിശീലനം നൽകുന്നതിനായി അന്താരാഷ്ട്ര കമ്പനികളുമായി സഹകരിച്ച് ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**റോളർ സ്പോർട്സിനു അടിസ്ഥാന സൗകര്യം**

3787 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ റോളർ സ്പോർട്സ് (സ്കേറ്റിംഗ്) മത്സരങ്ങൾക്കുള്ള പരിശീലനത്തിനായി ബാങ്ക്ഡ് ട്രാക്ക് ആൻഡ് റോഡ് സർക്യൂട്ട് (Banked Track & Road Circuit) നിർമ്മിക്കുന്നതിനായി കേരള യൂണിവേഴ്സിറ്റി കാര്യവട്ടം ക്യാമ്പസിൽ കായിക വകുപ്പിന് സ്ഥലം അനുവദിച്ച് നൽകുന്നതിനായി സ്വീകരിച്ച നടപടി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ബാങ്ക്ഡ് ട്രാക്ക് ആൻഡ് റോഡ് സർക്യൂട്ട് (Banked Track & Road Circuit) നിർമ്മിക്കുന്നതിനായി എത്ര എക്കർ സ്ഥലമാണ് കായിക വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ളത്; സ്ഥലം അനുവദിച്ച് നൽകുന്നതിനായി കേരള യൂണിവേഴ്സിറ്റിയും കായിക വകുപ്പും പാലിക്കേണ്ട നടപടിക്രമങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) സ്കേറ്റിംഗിൽ മികച്ച നേട്ടങ്ങൾ കൈവരിച്ച കായിക താരങ്ങൾക്ക് സ്പോർസ് ക്വാട്ടയിൽ കോളേജ് അഡ്മിഷനായി എത്ര സീറ്റുകളാണ് കേരളത്തിലെ യൂണിവേഴ്സിറ്റികൾ അനുവദിച്ചിട്ടുള്ളത്; യൂണിവേഴ്സിറ്റി/ കോളേജ് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

**പെർഫോമിംഗ് ആർട്സ് വകുപ്പ് മുഖേന നടത്തുന്ന കോഴ്സുകൾ**

3788 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിയിൽ നിലവിൽ ഉണ്ടായിരുന്ന പെർഫോമിംഗ് ആർട്സ് വകുപ്പ് മുഖേന ഏതൊക്കെ കോഴ്സുകളാണ് നടത്തിയിരുന്നതെന്നും അവ നിർത്തലാക്കാനുള്ള കാരണവും വിശദമാക്കാമോ;

(ബി) നിർത്തലാക്കിയ കോഴ്സുകൾക്ക് പകരം പെർഫോമിംഗ് ആർട്സിൽ ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ഏതൊക്കെ സർവകലാശാലകളിലാണ് പെർഫോമിംഗ് ആർട്സ് കോഴ്സുകൾ നടത്തി വരുന്നതെന്നും വിവിധ സർവകലാശാലകൾ മുഖേന പ്രൊഫഷണലുകൾക്കായി ഈവനിംഗ് കോഴ്സുകൾ/വാരാന്ത്യ കോഴ്സുകൾ ആരംഭിക്കുന്നത് പരിഗണിക്കുമോയെന്നും വ്യക്തമാക്കാമോ?

## അദ്ധ്യാപക തസ്തികകളുടെ എണ്ണം

3789 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയിലെ വിവിധ അദ്ധ്യാപക തസ്തികകളുടെ അംഗീകൃത എണ്ണം പഠനവകുപ്പ് അടിസ്ഥാനത്തിൽ തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ നിലവിൽ ജോലിചെയ്യുന്ന അദ്ധ്യാപകരുടെ പേര്, സർവകലാശാലയിലെ അദ്ധ്യാപക ജോലിയിൽ പ്രവേശിച്ച തീയതി, തസ്തിക, നിയമനം നല്കിയത് ജനറൽ വിഭാഗത്തിൽ/സംവരണ വിഭാഗത്തിൽ ആണോ സംവരണ വിഭാഗത്തിലുള്ള നിയമനമാണെങ്കിൽ സംവരണ വിഭാഗത്തിന്റെ പേര് എന്നീ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത നിയമനങ്ങൾക്കവലംബിച്ച സംവരണക്രമം, റൊട്ടേഷൻ ചാർട്ടിന്റെ പകർപ്പുകൾ, പ്രസ്തുത തസ്തികകളുടെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററുകളുടെ പകർപ്പുകൾ എന്നിവയും ലഭ്യമാക്കാമോ?

## കുസാറ്റിന്റെ കുട്ടനാട് ക്യാമ്പസ് നവീകരിക്കാൻ നടപടി

3790 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന കുട്ടനാട്ടിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് കുസാറ്റിന്റെ കുട്ടനാട് ക്യാമ്പസ് നവീകരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ക്യാമ്പസിൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കുന്നതിനും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## കുസാറ്റിലെ അദ്ധ്യാപക നിയമനങ്ങൾ

3791 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ വിവിധ അംഗീകൃത അദ്ധ്യാപക തസ്തികകളുടെ എണ്ണം, പഠന വകുപ്പ് അടിസ്ഥാനത്തിൽ തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ നിലവിൽ ജോലിചെയ്യുന്ന അദ്ധ്യാപകരുടെ പേര്, സർവകലാശാലയിലെ അദ്ധ്യാപക ജോലിയിൽ പ്രവേശിച്ച തീയതി, തസ്തിക, നിയമനം നല്കിയത് ജനറൽ വിഭാഗത്തിൽ അല്ലെങ്കിൽ സംവരണ വിഭാഗത്തിലാണോ, സംവരണ വിഭാഗത്തിലുള്ള നിയമനം ആണെങ്കിൽ സംവരണ വിഭാഗത്തിന്റെ പേര് എന്നീ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത നിയമനങ്ങൾക്കവലംബിച്ച സംവരണക്രമം, റൊട്ടേഷൻ ചാർട്ടിന്റെ പകർപ്പുകൾ, പ്രസ്തുത തസ്തികകളുടെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററുകളുടെ പകർപ്പുകൾ എന്നിവയും ലഭ്യമാക്കുമോ?

## <u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല നിയമനങ്ങൾ</u>

3792 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ പഠനവകുപ്പുകളിലേക്കും സർവകലാശാലയുടെ കീഴിലുള്ള സ്വാശ്രയ സ്ഥാപനങ്ങളിലേക്കുമുള്ള വിവിധ അധ്യാപക തസ്തികകളിലേക്ക് നിയമനം അനുവദിക്കുന്നതിന് സ്വീകരിച്ചു പോരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) സർവകലാശാലയുടെ കീഴിലുള്ള വിവിധ സ്വാശ്രയ സ്ഥാപനങ്ങളിൽ നിലവിലുള്ള അധ്യാപക തസ്തികകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത തസ്തികകളിൽ സർക്കാർ അംഗീകൃത തസ്തികകൾ, അംഗീകാരമില്ലാത്ത തസ്തികകൾ എന്നിവയുടെ വിശദാംശം സ്ഥാപനം തിരിച്ചു ലഭ്യമാക്കാമോ;

(സി) പഠനവകുപ്പുകളിലെ സർക്കാർ അംഗീകൃത അധ്യാപക തസ്തികകളിലേക്കും, സ്വാശ്രയ സ്ഥാപനങ്ങളിലെ സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിലേക്കും നിയമനം നടത്തുന്നതിന് പ്രത്യേക വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാറുണ്ടോയെന്ന് വിശദമാക്കാമോ; പ്രസ്തുത തസ്തികകളിലേക്ക് സർവകലാശാല അവസാനമായി പുറപ്പെടുവിച്ച വിജ്ഞാപനങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) പഠനവകുപ്പുകളിലെ സർക്കാർ അംഗീകൃത അധ്യാപക തസ്തികകളിലേക്കും, സ്വാശ്രയ സ്ഥാപനങ്ങളിലെ സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിലേക്കുമുള്ള നിയമനങ്ങൾക്ക് ഒന്നിച്ചു ഒരു റൊട്ടേഷൻ ചാർട്ട് ആണോ അവലംബിക്കുന്നതെന്ന് വ്യക്തമാക്കാമോ; ആയതിനാധാരമായ നിയമം, ചട്ടം, സർക്കാർ ഉത്തരവ് എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഇ) കെ. എസ്. & എസ്. എസ്. ആറിലെ വ്യവസ്ഥകൾ സർവകലാശാലയിലെ അധ്യാപക നിയമനങ്ങൾക്ക് ബാധകമാണോ എന്ന് വ്യക്തമാക്കാമോ?

## <u>മഹാത്മാഗാന്ധി സർവകലാശാല നിയമനങ്ങൾ</u>

3793 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവകലാശാലയിലും അനുബന്ധ സ്ഥാപനങ്ങളിലും ആയി 2023 ഒക്ടോബർ 1 മുതൽ 2024 ജൂൺ വരെ അസിസ്റ്റന്റ് തസ്തികയിൽ വന്ന ഒഴിവുകളുടെ എണ്ണമെത്ര എന്നറിയിക്കാമോ; ഇവയിൽ എത്ര എണ്ണം പി . എസ്. സി. യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ എത്ര എണ്ണം എന്നറിയിക്കാമോ; എന്തു കൊണ്ട് റിപ്പോർട്ട് ചെയ്തില്ല എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ 2024 ജൂലൈ മുതൽ 2025 മെയ് 31 വരെ അസിസ്റ്റന്റ് തസ്തികയിൽ വരുന്ന ഒഴിവുകളുടെ എണ്ണം മാസം തിരിച്ച് ലഭ്യമാക്കാമോ; ഇവയിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണമെത്ര; റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ എത്ര എണ്ണം എന്നറിയിക്കാമോ; എന്തു കൊണ്ട് റിപ്പോർട്ട് ചെയ്തില്ല എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ 2024-2025 വർഷത്തിൽ ഡി. എ. കാറ്റഗറിക്കാരുടെ സൂപ്പർ ന്യൂമററി തസ്തിക ക്രമീകരണത്തിലേക്കായി മാറ്റിവെക്കപ്പെട്ട അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം എത്ര എന്നറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിശദീകരണത്തിനായി ഗവണ്മെന്റിലേക്കായി അയച്ച ഫയൽ നമ്പർ നൽകാമോ; ടി ഫയലിന്റെ നിലവിലെ സ്ഥിതി എന്താണ് എന്നറിയിക്കാമോ;

(ഡി) 2025 ജനുവരി 1 മുതൽ ഡിസംബർ 31 വരെ അസിസ്റ്റന്റ് തസ്തികയിലെ എത്ര ഒഴിവുകൾ ആണ് ബൈട്രാൻസ്ഫർ, കാറ്റഗറി ചേഞ്ച് എന്നീ വിഭാഗത്തിലേക്കുമായി മാറ്റിവെക്കപ്പെട്ടിട്ടുള്ളതെന്ന എണ്ണം വ്യക്തമാക്കാമോ;

(ഇ) 2025 ജൂൺ 1 മുതൽ 2026 ജൂൺ 1 വരെ അസിസ്റ്റന്റ് തസ്തികയിൽ വരുന്ന ഒഴിവുകളുടെ എണ്ണം മാസം തിരിച്ച് ലഭ്യമാക്കാമോ; ഇവയിൽ എത്ര എണ്ണം ബൈ ട്രാൻസ്ഫർ, കാറ്റഗറി ചേഞ്ച് എന്നിവക്കായി മാറ്റി വയ്ക്കും എന്നറിയിക്കാമോ?

## സർവകലാശാലകളിലെ കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തിക

3794 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവകലാശാലകളിലെ കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയുടെ എണ്ണം സർവ്വകലാശാല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ദിവസ വേതന/കരാർ വ്യവസ്ഥയിൽ പ്രസ്തുത തസ്തികയിൽ ജോലിചെയ്യുന്ന ആളുകളുടെ എണ്ണം ലഭ്യമാക്കാമോ;

(സി) കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയുടെ കാറ്റഗറി നമ്പർ 205/2021 പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ; റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ ദിവസവേതനാടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും നിയമനം നൽകുന്ന സർവകലാശാല രജിസ്ട്രാർക്കെതിരെ നടപടി കൈക്കൊള്ളുമോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

## സർവകലാശാല പഠനവകുപ്പുകളിലെ അധ്യാപക തസ്തികകൾ

3795 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാല പഠനവകുപ്പുകളിൽ 1991, 2001, 2011, 2021 എന്നീ വർഷങ്ങളിൽ നിലവിലുണ്ടായിരുന്ന, വിവിധ അംഗീകൃത അദ്ധ്യാപക തസ്തികകളുടെ എണ്ണം പഠനവകുപ്പ്, തസ്തിക എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) സർവകലാശാല പഠനവകുപ്പുകളിൽ നിലവിലുള്ള വിവിധ അംഗീകൃത അദ്ധ്യാപക തസ്തികകളുടെ എണ്ണം, ഒഴിവുകൾ എന്നിവ പഠനവകുപ്പ്, തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(സി) സർവകലാശാല പഠനവകുപ്പുകളിലെ വിവിധ പ്രോഗ്രാമുകളിൽ 1991-1992, 2001-2002, 2011-2012, 2021-2022, 2025-2026 എന്നീ അദ്ധ്യയന വർഷങ്ങളിൽ പഠനം നടത്തിയ/നടത്തുന്ന വിദ്യാർത്ഥികളുടെ എണ്ണം പ്രോഗ്രാം, പഠനവകുപ്പ് തിരിച്ച് ലഭ്യമാക്കാമോ;

(ഡി) സർവകലാശാല പഠനവകുപ്പുകളിലെ അദ്ധ്യാപകരുടെ ജോലിഭാരം കണക്കാക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ; നിലവിൽ ഏതെല്ലാം പഠനവകുപ്പുകളിൽ അംഗീകൃത അദ്ധ്യാപക തസ്തികകളിലെ എണ്ണത്തിനനുസൃതമായി ജോലിഭാരം ഇല്ലാത്ത അവസ്ഥയുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) സർവകലാശാല പഠനവകുപ്പുകളിൽ നിലവിൽ താത്കാലികമായി ജോലി ചെയ്യുന്ന അദ്ധ്യാപകരിൽ, അംഗീകാരമില്ലാത്ത തസ്തികകളിൽ ജോലിചെയ്യുന്നവരുടെയും അംഗീകൃത തസ്തികകളുടെ അംഗബലത്തിൽ കവിഞ്ഞുള്ള തസ്തികകളിൽ ജോലി ചെയ്യുന്നവരുടെയും വിശദാംശം ലഭ്യമാക്കാമോ;

(എഫ്) സർവകലാശാല പഠനവകുപ്പുകളിലെ നിലവിലുള്ള താത്കാലിക അദ്ധ്യാപകരിൽ കരാർ, ദിവസവേതനം, മണിക്കൂർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്നവരുടെ പഠനവകുപ്പ് തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ?

## സ്ഥിരം വൈസ് ചാൻസലർമാരുടെ നിയമനം

3796 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥിരം വൈസ് ചാൻസലർമാർ ഇല്ലാത്ത സർവകലാശാലകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) സെലക്ഷൻ കമ്മിറ്റിയിലേക്ക് സർവകലാശാല സെനറ്റുകൾ പ്രതിനിധിയെ നൽകാത്തതിനാലാണോ വൈസ് ചാൻസലർ നിയമനത്തിന് കാലതാമസം ഉണ്ടാകുന്നതെന്ന് വ്യക്തമാക്കാമോ?

## കുസാറ്റ് പഠനവകുപ്പുകളിലെയും, സ്വാശ്രയ സ്ഥാപനങ്ങളിലെയും അദ്ധ്യാപക നിയമനങ്ങൾ

3797 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയുടെ പഠനവകുപ്പുകളിലേക്കുള്ള വിവിധ അധ്യാപക തസ്തികകളിലേക്ക് നിയമനം അനുവദിക്കുന്നതിന് സ്വീകരിച്ചു പോരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയുടെ കീഴിലുള്ള സ്വാശ്രയ സ്ഥാപനങ്ങളിലേക്കുള്ള വിവിധ അധ്യാപക തസ്തികകളിലേക്ക് നിയമനം അനുവദിക്കുന്നതിന് സ്വീകരിച്ചു പോരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) സർവകലാശാലയുടെ കീഴിലുള്ള വിവിധ സ്വാശ്രയ സ്ഥാപനങ്ങളിൽ നിലവിലുള്ള അധ്യാപക തസ്തികകളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത തസ്തികകളിൽ സർക്കാർ അംഗീകൃത തസ്തികകൾ, അംഗീകാരമില്ലാത്ത തസ്തികകൾ എന്നിവയുടെ വിശദാംശം സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ;

(ഡി) പഠനവകുപ്പുകളിലെ സർക്കാർ അംഗീകൃത അധ്യാപക തസ്തികകളിലേക്കും സ്വാശ്രയ സ്ഥാപനങ്ങളിലെ സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിലേക്കും നിയമനം നടത്തുന്നതിന് പ്രത്യേകം പ്രത്യേകം വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാറുണ്ടോ; വിശദമാക്കാമോ; പ്രസ്തുത തസ്തികകളിലേക്ക് സർവകലാശാല അവസാനമായി പുറപ്പെടുവിച്ച വിജ്ഞാപനങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഇ) പഠനവകുപ്പുകളിലെ സർക്കാർ അംഗീകൃത അധ്യാപക തസ്തികകളിലേക്കും സ്വാശ്രയ സ്ഥാപനങ്ങളിലെ സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിലേക്കും ഉള്ള നിയമനങ്ങൾക്ക് ഒന്നിച്ച് ഒരു റൊട്ടേഷൻ ചാർട്ട് ആണോ അവലംബിക്കുന്നത്; വ്യക്തമാക്കാമോ; ആയതിനാധാരമായ നിയമം, ചട്ടം, സർക്കാർ ഉത്തരവ് എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(എഫ്) കെ. എസ്. &എസ്. എസ്. ആറിലെ വ്യവസ്ഥകൾ സർവകലാശാലയിലെ അധ്യാപക നിയമനങ്ങൾക്ക് ബാധകമാണോ; വിശദമാക്കാമോ?

## കാലിക്കറ്റ് സർവകലാശാലയിലെ അദ്ധ്യാപക നിയമനങ്ങൾ

3798 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാല 31.12.2019-ൽ പുറപ്പെടുവിച്ച ജി. എ-II/ സി1/156687/2019/എഡിഎംഎൻ, ജി. എII-സി1/162156/2019/എ ഡിഎംഎൻ, ജി. എ-II/സി1/104750/2019 എഡിഎംഎൻ എന്നീ വിജ്ഞാപനങ്ങൾ പ്രകാരമുള്ള നിയമന പ്രക്രിയ പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിജ്ഞാപനങ്ങൾ പ്രകാരമുള്ള നിയമനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്ത മാനവൽ ഫയലുകളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത മാനവൽ ഫയലുകളുടെ നോട്ട് ഫയൽ, കറന്റ് ഫയൽ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

## സർവകലാശാലകളിൽ അസിസ്റ്റന്റ് പ്രൊഫസർ സ്ഥിരം/കരാർ നിയമനത്തിനായുള്ള അപേക്ഷകൾ

3799 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിൽ വരുന്ന കേരളത്തിലെ വിവിധ സർവകലാശാലകളിൽ അസിസ്റ്റന്റ് പ്രൊഫസർ സ്ഥിരം/കരാർ നിയമനത്തിനായി അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പകർപ്പ് സഹിതം വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ അവയുടെ വിവരം, സംവരണ ക്രമം എന്നിങ്ങനെ തരം തിരിച്ച് വിശദവിവരം ലഭ്യമാക്കാമോ;

(സി) നിലവിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഏതൊക്കെ വിഷയങ്ങളിലാണ് സ്ഥിരം/കരാർ ജീവനക്കാരുടെ ഒഴിവുള്ളതെന്നും പ്രസ്തുത ഒഴിവുകളിൽ നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; ഉണ്ടെങ്കിൽ അവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

**<u>സർവകലാശാലകളിലെ അനധ്യാപക തസ്തികകളിലെ ഒഴിവുകൾ</u>**

3800 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമനം കേരള പബ്ലിക് സർവീസ് കമ്മീഷന് വിട്ട സർവകലാശാലകളിലെ അനധ്യാപക തസ്തികകളിലോരോന്നിലും നിലവിലുള്ള ഒഴിവുകളുടെ വിശദാംശം തസ്തിക തിരിച്ചു ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിലെ എത്ര ഒഴിവുകൾ നിലവിൽ കെ. പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നു വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിലെ ഏതെങ്കിലും ഒഴിവുകൾ കെ. പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യാതെയുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

**<u>കേരളത്തിലെ സർവകലാശാലകൾ അംഗീകരിച്ച തമിഴ്നാട് സർവകലാശാലകളിലെ കോഴ്സുകൾ</u>**

3801 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട് സർക്കാരിന്റെ കീഴിൽ വരുന്ന സർവകലാശാലകളിലെ (റെഗുലർ / വിദൂരം) ഏതൊക്കെ കോഴ്സുകൾക്ക് (ബിരുദാനന്തര ബിരുദം/ബിരുദം/പി.ജി. ഡിപ്ലോമ/ഡിപ്ലോമ/സർട്ടിഫിക്കറ്റ്/മറ്റ് കോഴ്സുകൾ) കേരളത്തിലെ സർവകലാശാലകൾ അംഗീകാരം നൽകിയിട്ടുണ്ടെന്ന് (റെഗുലർ / വിദൂരം) സർവകലാശാലയും കോഴ്സും വർഷവും തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത കോഴ്സുകൾക്ക് ഏത് തീയതി മുതലാണ് കേരളത്തിലെ സർവകലാശാലകൾ അംഗീകാരം നൽകിയിട്ടുള്ളതെന്ന് (റെഗുലർ/വിദൂരം) വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

**<u>സർവകലശാലകളിലെ നിയമപഠന കേന്ദ്രങ്ങൾ</u>**

3802 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിയമപഠന കേന്ദ്രങ്ങളുടെ വിവരങ്ങൾ സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ നിയമ വിദ്യാർത്ഥികൾക്ക് പരീക്ഷ മലയാളത്തിൽ എഴുതാനുള്ള ശിപാർശ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഗവേണിംഗ് യോഗം അംഗീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ശിപാർശ വിവിധ സർവകലാശാലകളിൽ എപ്പോൾ പ്രാബല്യത്തിൽ വരുമെന്ന് വിശദമാക്കാമോ?

## <u>നാലുവർഷ ബിരുദ കോഴ്സുകളിൽ രണ്ടാം വർഷം മേജർ വിഷയം, കോളേജ്, സർവകലാശാല എന്നിവ മാറുന്നതിനുള്ള അവസരം</u>

3803 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലുവർഷ ബിരുദ കോഴ്സുകളിൽ രണ്ടാം വർഷം മേജർ വിഷയം, കോളേജ്, സർവകലാശാല എന്നിവ മാറുന്നതിനുള്ള അവസരം വിദ്യാർത്ഥികൾക്കുണ്ടോ; എങ്കിൽ അതിന്റെ നടപടിക്രമം എങ്ങനെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കോഴ്സുകളിൽ രണ്ടാം വർഷം മേജർ വിഷയം, കോളേജ്, സർവകലാശാല എന്നിവ മറാതിരിക്കാനായി പ്രവേശന സമയത്ത് കോളേജുകൾ കോംപ്ലിമെന്ററി വിഷയങ്ങൾ തിരഞ്ഞെടുക്കണമെന്ന് വിദ്യാർത്ഥികളെ നിർബന്ധിക്കുന്നത് ഒഴിവാക്കാനായി നിർദേശമോ ഉത്തരവോ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(സി) ഈ കോഴ്സുകളിൽ രണ്ടാം വർഷം മേജർ വിഷയം, കോളേജ്, സർവകലാശാല എന്നിവ മാറുന്നതിന് പല സ്വാശ്രയ കോളേജുകളും അവസരം നിഷേധിക്കുന്നത് ഒഴിവാക്കുന്നതിനായി സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ള ഇടപെടലുകൾ എന്തൊക്കെയാണെന്നും ഭാവിയിൽ ഇപ്രകാരം വിലക്കുകൾ ഉണ്ടാകാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത മാറ്റത്തിലൂടെ കോളേജുകളിൽ ഉണ്ടാകുന്ന വിദ്യാർത്ഥികളുടെ കുറവ് അദ്ധ്യാപക തസ്തിക നഷ്ടപ്പെടുന്നതിന് കാരണമാകുമോയെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കോഴ്സുകൾ നിലവിൽ വന്ന സാഹചര്യത്തിൽ സർക്കാർ - എയ്ഡഡ് കോളേജുകളിൽ, ആഴ്ചയിൽ 16 പീരിയഡുകൾ താൽക്കാലിക അദ്ധ്യാപകരെ കൊണ്ട് ഏതെല്ലാം വിഷയങ്ങളിൽ ക്ലാസെടുപ്പിക്കുന്നുണ്ടെന്ന വിവരം കോളേജ് തിരിച്ച് വിഷയം തിരിച്ച് ലഭ്യമാക്കാമോ;

(എഫ്) നാലുവർഷ ബിരുദ കോഴ്സുകൾ നിലവിൽ വന്ന സാഹചര്യത്തിൽ വർദ്ധിച്ച പീരിയഡുകൾ കൂടി പരിഗണിച്ച് സ്റ്റാഫ് ഫിക്സേഷൻ നടത്തി സർക്കാർ/ എയ്ഡഡ് കോളേജുകളിൽ പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുമോയെന്ന് വ്യക്തമാക്കാമോ?

## വിളപ്പിൽശാല അബ്ദുൽകലാം ശാസ്ത്ര സാങ്കേതിക സർവകലാശാല നിർമ്മാണ പ്രവർത്തനങ്ങൾ

3804 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽശാലയിൽ ആരംഭിക്കുന്ന അബ്ദുൽകലാം ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സർവകലാശാലയുടെ നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

## കാലിക്കറ്റ് സർവകലാശാലയുടെ ഭൂമി

3805 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാല ആരംഭിക്കുമ്പോൾ ആകെ എത്ര ഏക്കർ ഭൂമിയാണ് യൂണിവേഴ്സിറ്റിയുടെ കൈവശം ഉണ്ടായിരുന്നത്; നിലവിൽ എത്ര ഏക്കർ ഭൂമിയാണ് കൈവശം ഉള്ളത്; വ്യക്തമാക്കാമോ;

(ബി) നാളിതുവരെ ആർക്കെല്ലാം, ഏതെല്ലാം ആവശ്യങ്ങൾക്കാണ് യൂണിവേഴ്സിറ്റി ഭൂമി വിട്ടുനല്കിയത് എന്നതിന്റെയും ആയതിന് സർവ്വകലാശാലയ്ക്ക് ലഭിച്ച പ്രതിഫലത്തിന്റെയും വിശദാംശം ലഭ്യമാക്കാമോ?

## കാലിക്കറ്റ് സർവകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിലെ നിയമനങ്ങൾ

3806 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാലയിലും അനുബന്ധ സ്ഥാപനങ്ങളിലും 2024 ജനുവരി 1 മുതൽ ഡിസംബർ 31 വരെ അസിസ്റ്റന്റ് തസ്തികയിൽ വന്ന ഒഴിവുകളുടെ എണ്ണം എത്രയാണ്; കാലിക്കറ്റ് സർവകലാശാലയിലും അനുബന്ധ സ്ഥാപനങ്ങളിലും 2025 ജനുവരി 1 മുതൽ ഡിസംബർ 31 വരെ അസിസ്റ്റന്റ് തസ്തികയിൽ വരുന്ന ഒഴിവുകളുടെ എണ്ണം മാസം തിരിച്ച് ലഭ്യമാക്കാമോ ;ഇവയിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളുടെ എണ്ണം , റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുണ്ടെങ്കിൽ അവയുടെ എണ്ണം , റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം എന്നിവ വ്യക്തമാക്കാമോ;

(ബി) 2025 ജനുവരി 1 മുതൽ ഡിസംബർ 31 വരെ കാലിക്കറ്റ് സർവകലാശാലയിലും അനുബന്ധ സ്ഥാപനങ്ങളിലും അസിസ്റ്റന്റ് തസ്തികയിലേക്ക് ബൈട്രാൻസ്ഫർ, കാറ്റഗറി ചേഞ്ച് എന്നീ വിഭാഗങ്ങളിൽ നിന്നും മാറ്റിവെക്കപ്പെട്ടിട്ടുള്ള ഒഴിവുകളുടെ എണ്ണം വ്യക്തമാക്കാമോ;

(സി) 2026 ജനുവരി 1 മുതൽ ഡിസംബർ 31 വരെ കാലിക്കറ്റ് സർവകലാശാലയിലും അനുബന്ധ സ്ഥാപനങ്ങളിലും അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ മാസം തിരിച്ച് ലഭ്യമാക്കാമോ; ഇവയിൽ ബൈ ട്രാൻസ്ഫർ, കാറ്റഗറി ചേഞ്ച്

എന്നിവയുമായി മാറ്റിവെക്കപ്പെടുന്ന ഒഴിവുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) കാലിക്കറ്റ് സർവകലാശാലയിലും അനുബന്ധ സ്ഥാപനങ്ങളിലും താഴ്ന്ന തസ്തികകളിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് അനുവദിച്ചിട്ടുള്ള ബൈട്രാൻസ്ഫർ നിയമനങ്ങളുടെ നിലവിലെ ശതമാനം എത്രയാണെന്ന് വ്യക്തമാക്കുമോ; ആയതിൽ മാറ്റം വരുത്താനുള്ള നടപടി സർവകലാശാല സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്രകാരം പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദീകരിക്കാമോ?

## ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് കെട്ടിടം നിർമ്മിക്കാൻ നടപടി

3807 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്കിലെ പേരാമ്പ്ര വില്ലേജിൽ കാലിക്കറ്റ് സർവകലാശാലയുടെ ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് കെട്ടിടം പണിയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(ബി) കെട്ടിടം പണിയുന്നതിനായി വിശദമായ പദ്ധതി അടങ്കൽ സർവകലാശാല തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) പുതിയ കെട്ടിടത്തിൽ ഒരുക്കിയിട്ടുള്ള സൗകര്യങ്ങളും ആയതിനായി എത്ര തുകയുടെ എസ്റ്റിമേറ്റിനാണ് സർവകലാശാല അംഗീകാരം നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(ഡി) കെട്ടിടനിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കാലിക്കറ്റ് സർവകലാശാലയിലെ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറുടെ സസ്പെൻഷൻ

3808 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാല എൻജിനീയറിങ് വകുപ്പിൽ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ ആയി ജോലി നോക്കി വന്ന ശ്രീ സഹീർ ബാബു കെ. ടി., എന്നയാളെ യൂണിവേഴ്സിറ്റി സസ്പെൻഡ് ചെയ്തത് ഏത് തീയതി മുതൽക്കാണ്;

(ബി) ടിയാനെ സസ്പെൻഡ് ചെയ്തതിനുശേഷം കുറ്റപത്രം നൽകിയത് എന്നാണ് ; കുറ്റപത്രം നൽകുന്നതിൽ എന്തെങ്കിലും കാലതാമസം ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) കുറ്റപത്രത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള രേഖകളുടെ പകർപ്പ് ടിയാന് നിയമപ്രകാരം നൽകേണ്ടതുണ്ടോ; കുറ്റപത്രത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള മുഴുവൻ രേഖകളുടെയും പകർപ്പ് യൂണിവേഴ്സിറ്റി ടിയാന് കുറ്റപത്രത്തോടൊപ്പം നൽകിയിട്ടുണ്ടായിരുന്നോ; വിശദമാക്കുമോ;

(ഡി) കുറ്റപത്രത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള മുഴുവൻ രേഖകളുടെയും പകർപ്പുകൾ ടിയാന് പിന്നീട് നൽകിയിട്ടുണ്ടോ; ഇല്ലായെങ്കിൽ ഇനി എത്ര രേഖകളാണ് നൽകാൻ ബാക്കിയുള്ളത്; കുറ്റപത്രത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള രേഖകളുടെ പകർപ്പുകൾ ടിയാന് നൽകുന്നതിൽ യൂണിവേഴ്സിറ്റിയുടെ ഭാഗത്ത് കാലതാമസം ഉണ്ടായിട്ടുണ്ടോ; കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ ; കുറ്റപത്രത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള രേഖകൾ ടിയാന് യൂണിവേഴ്സിറ്റി ഭാഗികമായി നൽകിയിട്ടുണ്ടെങ്കിൽ നൽകിയ തീയതികൾ വ്യക്തമാക്കാമോ;

(ഇ) ടിയാന്റെ സസ്പെൻഷനെ തുടർന്ന് ഔപചാരിക അന്വേഷണത്തിനു വേണ്ടി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; ആരെല്ലാമാണ് അന്വേഷണ കമ്മിറ്റിയിലെ അംഗങ്ങൾ; പ്രസ്തുത കമ്മിറ്റി 15/9/2025 വരെ എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ട്; അന്വേഷണ കമ്മിറ്റി യോഗങ്ങളുടെ മിനിട്സ് ലഭ്യമാക്കാമോ ;

(എഫ്) കാലിക്കറ്റ് സർവകലാശാല നിയമമനുസരിച്ച് ഒരു ജീവനക്കാരനെ സസ്പെൻഡ് ചെയ്താൽ മൂന്നുമാസത്തിനകം കുറ്റപത്രം നൽകേണ്ടതുണ്ടോ ; അച്ചടക്ക നടപടികൾ സസ്പെൻഷൻ കാലാവധി മുതൽ ആറു മാസത്തിനകം തീർക്കേണ്ടതുണ്ടോ; സർവകലാശാല നിയമമനുസരിച്ച് അച്ചടക്ക നടപടികൾ അനന്തമായി നീട്ടിക്കൊണ്ടു പോകുവാൻ സാധിക്കുമോ ;

(ജി) കാലിക്കറ്റ് സർവകലാശാല നിയമമനുസരിച്ച് കുറ്റപത്രവും അനുബന്ധരേഖകളും നൽകുന്നതിൽ യൂണിവേഴ്സിറ്റിയുടെ ഭാഗത്ത് കാലതാമസം ഉണ്ടായാൽ സസ്പെൻഷൻ എത്ര കാലം വരെ നീട്ടിക്കൊണ്ടുപോകാൻ സാധിക്കും ; വിശദമാക്കുമോ?

## കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ചാലിക്കര സബ്സെന്ററിലെ കോഴ്സുകൾ

3809 **ശ്രീ. ടി. പി .രാമകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ പേരാമ്പ്ര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ചാലിക്കര സബ്സെന്ററിൽ എത്ര കോഴ്സുകളിൽ പഠനം തുടരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ചാലിക്കര സബ്സെന്ററിന്റെ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## എൻ. സി. സി. ക്ക് ദേശീയ നിലവാരത്തിൽ പരിശീലന കേന്ദ്രങ്ങൾ

3810 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. എം.വിജിൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീമതി ദെലീമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ. സി. സി. യുടെ നേതൃത്വത്തിൽ നടന്നുവരുന്ന വിവിധ സാമൂഹിക പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് എൻ. സി. സി. ക്ക് ദേശീയ നിലവാരത്തിൽ പരിശീലന കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ;

(സി) പ്രസ്തുത പരിശീലന കേന്ദ്രങ്ങളിൽ എത്ര എൻ. സി. സി. കേഡറ്റുകൾക്ക് കൂടുതലായി പരിശീലന സൗകര്യങ്ങളൊരുക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് എൻ. സി. സി. ക്ക് പുതിയ ആസ്ഥാന കാര്യാലയവും ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ?

**<u>തിരൂരങ്ങാടി മണ്ഡലത്തിലെ അസാപ് സ്കിൽ പാർക്ക്</u>**

3811 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ വെന്നിയൂർ ജി. എം. യു. പി. സ്കൂളിൽ ആരംഭിക്കുന്നതിന് പ്രവൃത്തി ഉദ്ഘാടനം നടത്തിയതും പിന്നീട് ചില സാങ്കേതിക കാരണങ്ങളാൽ എടരിക്കോട് പഞ്ചായത്തിലെ ഗവ. വനിത പോളിടെക്നിക് കോളേജിലേക്ക് മാറ്റി പ്രവൃത്തി ആരംഭിക്കുന്നതിന് തിരൂരങ്ങാടി നിയോജകമണ്ഡലം എം. എൽ. എ. നിർദേശിച്ചതുമായ അസാപ് സ്കിൽ പാർക്കിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ ഏത് ഓഫീസിലാണ്; ഫയൽ നമ്പർ സഹിതം വിശദമാക്കാമോ?

**<u>മുതിർന്ന പൗരൻമാരുടെ ആരോഗ്യ സുരക്ഷ</u>**

3812 **ശ്രീ. എം. എം. മണി**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുതിർന്ന പൗരന്മാരുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദാംശം നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനായി പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) അനാഥരാക്കപ്പെടുന്ന മുതിർന്ന പൗരൻമാരുടെ പുനരധിവാസം സാധ്യമാക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

**<u>മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ</u>**

3813 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ക്ഷേമപ്രവർത്തനങ്ങൾക്കുമായി സാമൂഹ്യനീതി വകുപ്പ് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) മുതിർന്ന പൗരന്മാർക്ക് സർക്കാർ സംവിധാനങ്ങളിൽ നിന്ന് ഉൾപ്പെടെയുള്ള സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരി ച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ;

(സി) 65 വയസ്സ് കഴിഞ്ഞവർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളിൽ അംഗത്വം ലഭിക്കുന്നതിനും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും തടസ്സം നേരിടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇപ്രകാരം ആരോഗ്യ സേവനങ്ങൾ നിഷേധിക്കപ്പെടുന്നത് ഒഴിവാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

## സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയുള്ള സൗജന്യ ചികിത്സാ പദ്ധതി

3814 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 18 വയസിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം നൽകാമോ?

## വി-കെയർ പദ്ധതി

3815 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വി കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട് എന്നതിന്റെ വിവരം ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) വി കെയർ പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമവും എന്തെല്ലാമാണെന്ന് അറിയിക്കാമോ; വിശദവിവരം നൽകുമോ?

## ഓർമ്മത്തോണി പദ്ധതി

3816 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ വി ജോയി**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിമെൻഷ്യ സൗഹൃദ കേരളം പദ്ധതിയായ ഓർമ്മത്തോണി മുഖാന്തിരം എന്തെല്ലാം പ്രവർത്തനങ്ങളാണ് ഡിമെൻഷ്യ കെയറിംഗിനായി വിഭാവനം ചെയ്തിട്ടുള്ളത്; വിശദാംശം നൽകാമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഡിമെൻഷ്യ കെയറിംഗിനായി മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

## <u>സാമൂഹ്യ നീതി വകുപ്പ് ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

3817 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാമൂഹ്യ നീതി വകുപ്പ് ആലപ്പുഴ ജില്ലയിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ വിവിധ പദ്ധതികളുടെ വിശദവിവരം നിയോജക മണ്ഡല അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) സാമൂഹ്യ നീതി വകുപ്പ് പ്രസ്തുത കാലയളവിൽ ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ സാമൂഹ്യക്ഷേമപദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കാമോ?

## <u>വർക്കല മണ്ഡലത്തിലെ സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികൾ</u>

3818 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള വിവിധ പദ്ധതികളിലൂടെ എത്ര ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

## <u>ജീവൻരക്ഷാ ശസ്ത്രക്രിയകൾക്ക് ധനസഹായം</u>

3819 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷ മിഷൻ മുഖേന നിർധനരായ രോഗികൾക്ക് ജീവൻരക്ഷാ ശസ്ത്രക്രിയകൾക്ക് ധനസഹായം അനുവദിച്ചു വരുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) അപ്രകാരം ധനസഹായം അനുവദിക്കുന്നതിൽ വലിയ കാലതാമസമുണ്ടാകുന്നുവെന്നും സഹായം അനുവദിക്കുന്നില്ലെന്നുമുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കാലതാമസം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ;

(ഡി) ഇത്തരത്തിൽ ധനസഹായം അനുവദിക്കുന്നതിനായി 2025 ജനുവരി 1 മുതൽ 2025 ഓഗസ്റ്റ് 31 വരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര അപേക്ഷകളിന്മേൽ ധനസഹായം അനുവദിച്ചുവെന്നും ആകെ അനുവദിച്ച തുക എത്രയെന്നുമുള്ള വിശദാംശം നൽകാമോ?

## <u>സാമൂഹ്യനീതി വകുപ്പ് കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

3820 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പ് മുഖേന കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും വേണ്ടി ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ?

## ഭിന്നശേഷി പുനരധിവാസ ഗ്രാമം പദ്ധതി

3821 **ഡോ. എന്‍. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തില്‍ ഭിന്നശേഷി പുനരധിവാസ ഗ്രാമം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് മണിമല വില്ലേജില്‍ കണ്ടെത്തിയ സ്ഥലം അനുയോജ്യമല്ലെന്ന് റിപ്പോര്‍ട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പകരം വെള്ളാവൂര്‍ വില്ലേജിലുള്ള റവന്യൂ ഭൂമി പരിശോധിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ നടപടികള്‍ ത്വരിതപ്പെടുത്താന്‍ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

## സാമൂഹ്യ സുരക്ഷ മിഷന്‍ മുഖേന നടപ്പാക്കി വരുന്ന പദ്ധതികള്‍

3822 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സാമൂഹ്യ സുരക്ഷ മിഷന്‍ മുഖേന നടപ്പാക്കി വരുന്ന വിവിധ പദ്ധതികളെ സംബന്ധിച്ച വിശദാംശം നല്‍കാമോ;

(ബി) മിഠായി പദ്ധതിയില്‍ ഉള്‍പ്പെടുത്തി സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിലാണ് ടൈപ്പ് - 1 ഡയബറ്റിക് ക്ലിനിക്കുകള്‍ ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നെടുങ്കണ്ടം ജില്ലാ ആശുപത്രിയില്‍ ടൈപ്പ് - 1 ഡയബറ്റിക് ക്ലിനിക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## സാമൂഹ്യനീതി വകുപ്പ് മുഖേന പാറശാല മണ്ഡലത്തില്‍ നടപ്പാക്കിയ പദ്ധതികള്‍

3823 **ശ്രീ സി കെ ഹരീന്ദ്രന്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) 2016 മെയ് മുതല്‍ നാളിതുവരെ പാറശാല മണ്ഡലത്തില്‍ സാമൂഹ്യനീതി വകുപ്പ് മുഖേന നടത്തിയിട്ടുള്ളതും ഇനി നടത്താനുള്ളതുമായ പ്രവൃത്തികള്‍ ഏതെല്ലാമെന്ന് അനുവദിച്ചിട്ടുള്ള തുക സഹിതം വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള വിവിധ പദ്ധതികളിലൂടെ പാറശാല മണ്ഡലത്തില്‍ നല്‍കിയ ധനസഹായവിതരണം സംബന്ധിച്ച കണക്കുകള്‍ ഇനം തിരിച്ച് അറിയിക്കാമോ?

## സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികള്‍

3824 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികള്‍ ഓരോന്നിലും എന്തെല്ലാം തരത്തിലുള്ള കുടിശികകള്‍ ഉണ്ട്; ആകെ എത്ര ഗുണഭോക്താക്കള്‍ക്ക് ഓരോ പദ്ധതിയിലും കുടിശിക വിതരണം ചെയ്യാന്‍ ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാറിന്റെയും ഈ സർക്കാറിന്റെയും കാലത്ത് നിർത്തലാക്കിയ ഏതെങ്കിലും പദ്ധതികൾ ഉണ്ടോ; പ്രസ്തുത കാലയളവിൽ പുതിയതായി ആരംഭിച്ച പദ്ധതികൾ ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികൾക്കായി എടുത്തിട്ടുള്ള വിവിധ വായ്പകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികൾ കുടിശികയില്ലാതെ വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്ക് പ്രത്യേക തൊഴിൽ പരിശീലനം

3825 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബൗദ്ധിക വെല്ലുവിളി നേരിടുന്ന 18 വയസ്സ് കഴിഞ്ഞവർക്ക് പ്രത്യേകതൊഴിൽ പരിശീലന സംവിധാനങ്ങൾ ഒന്നും നിലവിലില്ലാത്ത സ്ഥിതിക്ക് ഇവർക്ക് മതിയായ തൊഴിൽ പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ;

(ബി) അതിതീവ്ര ഭിന്നശേഷിയുള്ള 18 വയസ്സിന് മുകളിലുള്ളവർക്ക് തൊഴിൽ പരിശീലനത്തിനും പുനരധിവാസത്തിനുമായി കഴിഞ്ഞ മൂന്ന് വർഷമായി പ്രതിവർഷം വകയിരുത്തുന്ന 10 കോടി രൂപ ചെലവഴിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതി നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇനി ഈ പദ്ധതി നടപ്പിലാക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ ;

(സി) ആശ്വാസകിരണം, പെൻഷൻ തുടങ്ങിയ സഹായങ്ങൾ യഥാസമയം ലഭിക്കാത്തതും കുടിശികയാകുന്നതും സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികളെയും രക്ഷിതാക്കളെയും കഠിനമായ പ്രതിസന്ധിയിലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പദ്ധതികളുടെ വിതരണം സാധാരണ നിലയിലാക്കാനും വർദ്ധിപ്പിക്കാനും സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെ യാണെന്ന് വിശദമാക്കാമോ;

(ഡി) അനാഥാലയങ്ങൾക്കും, വൃദ്ധസദനങ്ങൾക്കുമുള്ള രജിസ്ട്രേഷൻ പുതുക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദീകരിക്കാമോ?

## ഭിന്നശേഷിക്കാർക്കുള്ള യു.ഡി.ഐ.ഡി കാർഡ്

3826 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് നൽകുന്ന യു.ഡി.ഐ.ഡി കാർഡിന് വേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നാളിതുവരെ തീർപ്പാക്കാത്തവയുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(ബി) ഓരോ ജില്ലയിലും ഏത് തീയതിവരെ അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്കാണ് പ്രസ്തുത കാർഡ് ലഭ്യമാക്കിയതെന്ന് അറിയിക്കാമോ;

(സി) സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണവും ആയത് ത്വരിത ഗതിയിൽ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടി

സ്വീകരിക്കുമെന്നും വ്യക്തമാക്കാമോ;

(ഡി) യൂ.ഡി.ഐ.ഡി കാർഡ് ലഭ്യമായതിനുശേഷം ഭിന്നശേഷിക്കാർ അപേക്ഷിക്കേണ്ട ക്ഷേമപെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ കാർഡിന് അപേക്ഷിച്ച തീയതി മുതൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## സാമൂഹിക പെൻഷൻ

3827 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ സാമൂഹിക പെൻഷനും പോലെ മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സാമൂഹിക പെൻഷനും ഒരേ തുകയാണ് എന്നത്, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മറ്റ് പെൻഷൻ വാങ്ങുന്നവർക്ക് ജോലികൾക്ക് പോകാൻ കഴിയുന്ന സാഹചര്യമുള്ളപ്പോഴും, മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാർക്ക് ജോലിക്ക് പോകാൻ കഴിയാറില്ല എന്നതും, ഇവരെ നോക്കുന്ന മാതാപിതാക്കൾ ജോലി ഉപേക്ഷിച്ച് കൂട്ടുനിൽക്കുന്ന സാഹചര്യവും, പരിഗണിച്ച് ഇവർക്കുള്ള സാമൂഹിക പെൻഷൻ തുക ഉയർത്തുന്നതിന് നടപടിയെടുക്കുമോ; വിശദമാക്കുമോ?

## ട്രാൻസ്ജെൻഡറുകൾക്ക് സംവരണം അനുവദിക്കാൻ നടപടി

3828 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്ജെൻഡറുകൾ സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നോക്കാവസ്ഥയിൽ ഉള്ള സമൂഹമാണെന്ന് സുപ്രീംകോടതി വിലയിരുത്തുകയുണ്ടായോയെന്ന് വ്യക്തമാക്കുമോ;

(ബി) ആറുമാസത്തിനുള്ളിൽ ട്രാൻസ്ജെൻഡറുകൾക്ക് വിദ്യാഭ്യാസസ്ഥാപനങ്ങളിലും സർക്കാർ ജോലിയിലും സംവരണം ഏർപ്പെടുത്തണമെന്ന് ഹൈക്കോടതി നിർദേശിക്കുകയുണ്ടായോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് വിദ്യാഭ്യാസരംഗത്തും സർക്കാർ ജോലികളിലും ട്രാൻസ്ജെൻഡർ സമൂഹത്തിന് ഏതെങ്കിലും തരത്തിലുള്ള സംവരണം നിലവിലുണ്ടോ;

(ഡി) കർണാടക, മധ്യപ്രദേശ്, തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങളിൽ ട്രാൻസ്ജെൻഡർ സമൂഹത്തിൽ പെട്ടവർക്ക് ചില സംവരണ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ സംസ്ഥാനത്ത് ട്രാൻസ്ജെൻഡറുകൾക്ക് സംവരണം അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## ഉദുമ നിയോജക മണ്ഡലത്തിലെ സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ

3829 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജക മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഏതൊക്കെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള വിവിധ ഫണ്ടുകളുടെ വിശദാംശം നൽകാമോ?

## പരസ്യത്തിനായി ചെലവഴിച്ച തുക

3830 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, ഈ കാലയളവിൽ പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സഹിതം വ്യക്തമാക്കുമോ?

## ലൈബ്രറി കൗൺസിൽ പുസ്തകമേളകൾ

3831 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈബ്രറി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന പുസ്തകമേളകൾ കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മേളകളിൽ നിന്ന് മികച്ച നിലവാരമുള്ള പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിന് സാധിക്കുന്ന തരത്തിൽ നടപടികൾ കാലാനുസൃതമായി പരിഷ്കരിക്കാമോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിലായി നടത്തുന്ന പുസ്തകോത്സവങ്ങളിൽ പങ്കെടുക്കുന്നത് ലൈബ്രറികൾക്കും ചെറുകിട പ്രസാധകർക്കും വലിയ സാമ്പത്തിക ബുദ്ധിമുട്ട് വരുത്തുന്നത് കണക്കിലെടുത്ത് ലൈബ്രറി കൗൺസിൽ വെബ്സൈറ്റ് മുഖേന ലൈബ്രറികൾക്ക് പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിന് സംവിധാനം ഒരുക്കാമോ; വിശദമാക്കാമോ;

(ഡി) പൊതുവിദ്യാഭ്യാസ വകുപ്പ് വായനാവസന്തമെന്ന പേരിൽ നടത്തിയ പുസ്തകവിതരണത്തിന്റെ മാതൃകയിൽ ലൈബ്രറി കൗൺസിൽ മേളകൾ മാറ്റുന്നതിന് നടപടി സ്വീകരിക്കാമോ; അനുവദിക്കുന്ന തുകയുടെ ഒരു നിശ്ചിത ശതമാനത്തിൽ കൂടുതൽ തുകയ്ക്ക് ഒരേ പ്രസാധകനിൽ നിന്ന് പുസ്തകം വാങ്ങരുതെന്ന വ്യവസ്ഥ വായനാവസന്തം പരിപാടിയിൽ നടപ്പിലാക്കിയതുപോലെ ലൈബ്രറി കൗൺസിൽ മേളകളിലും നടപ്പാക്കാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ;

(ഇ) ലൈബ്രറി കൗൺസിൽ പുസ്തകോത്സവം തമിഴ്നാട്ടിൽ നടപ്പാക്കിവരുന്നപോലെ ഇവിടെയും ഓൺലൈനായി പുസ്തകങ്ങൾ മാർക്ക് ചെയ്യാനുള്ള സൗകര്യം ഒരുക്കാനുള്ള നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ?

## ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട പരസ്യങ്ങളുടെ വിശദാംശങ്ങൾ

3832 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ ഗതാഗത വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശങ്ങൾ, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത് എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ബി) ഇക്കാലയളവിൽ പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക വ്യക്തമാക്കാമോ?

## നിലമ്പൂരിൽ നിന്നും വിനോദസഞ്ചാരകേന്ദ്രങ്ങളിലേക്ക് കെ. എസ്. ആർ. ടി. സി. സർവീസുകൾ ആരംഭിക്കുന്നത്

3833 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. പുതിയതായി നിരത്തിലിറക്കുന്ന ആധുനിക സാങ്കേതികവിദ്യയും സൗകര്യങ്ങളുമുള്ള ബസ്സുകൾ ഉപയോഗപ്പെടുത്തി മലബാറിലെ പ്രധാന വിനോദസഞ്ചാരകേന്ദ്രമായ നിലമ്പൂരിൽ നിന്നും സംസ്ഥാന, അന്തർസംസ്ഥാന വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് ടൂർ പാക്കേജ് സർവീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് മാതാപിതാക്കളുടെ പേരിൽ വാഹനം എടുക്കുന്നതിന് റോഡ് ടാക്സ് ഇളവ്

3834 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായവരുടെ പേരിൽ വാഹനം രജിസ്റ്റർ ചെയ്യുമ്പോൾ റോഡ് ടാക്സ് ഒഴിവാക്കുന്ന ഉത്തരവ് നിലവിലുണ്ടെങ്കിലും മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ബാങ്കിലോ ആർ.ടി.ഒ. ഓഫീസിലോ നേരിട്ടെത്തി ബന്ധപ്പെട്ട രേഖകളിൽ ഒപ്പിടുന്നതിനോ രേഖാമൂലം അപേക്ഷ നൽകുന്നതിനോ കഴിയാത്ത സാഹചര്യത്തിൽ ഇവരുടെ മാതാപിതാക്കളുടെ പേരിൽ വാഹനം എടുക്കുന്നതിന് പ്രസ്തുത ഇളവ് ബാധകമാക്കാമോ; വിശദമാക്കാമോ;

(സി) മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പൊതുഗതാഗത സംവിധാനത്തിൽ സഞ്ചരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഇവരുടെ മാതാപിതാക്കളുടെ പേരിൽ വാഹനം എടുക്കേണ്ടിവരുന്ന ഈ വിഷയത്തിൽ എന്തു നടപടി എടുക്കാനാകുമെന്ന് വിശദമാക്കാമോ?

## കെ. എസ്. ആർ. ടി. സി. കൊറിയർ/പാഴ്സൽ സർവീസിന്റെ വരുമാനം

3835 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. കൊറിയർ/പാഴ്സൽ സർവീസ് മുഖേന എത്ര രൂപയുടെ വരുമാനം നാളിതുവരെ നേടിയിട്ടുണ്ട്; വ്യക്തമാക്കാമോ?

## പട്ടാമ്പി മണ്ഡലത്തിലെ ഗതാഗത പ്രശ്നങ്ങൾ

3836 **ശ്രീ . മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചേർന്ന ജനകീയ സദസ്സിൽ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ജനകീയ സദസ്സിൽ വന്ന എത്ര പരാതികൾ തീർപ്പാക്കിയിട്ടുണ്ട്; ഏതൊക്കെ റൂട്ടിലെ ഗതാഗത പ്രശ്നങ്ങൾ ഇത്തരത്തിൽ പരിഹരിക്കപ്പെട്ടിട്ടുണ്ട്; വിശദമാക്കാമോ;

(സി) പട്ടാമ്പി മണ്ഡലത്തിൽ പട്ടാമ്പി കേന്ദ്രമാക്കി ബസ് വെയിറ്റിംഗ് സ്റ്റേഷനും സ്റ്റേഷൻ മാസ്റ്റർ നിയമനവും നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം അറിയിക്കാമോ?

## കുട്ടനാട്ടിലെ പ്രകൃതി ഭംഗി ആസ്വദിക്കുന്നതിനു കെ. എസ്. ആർ. ടി. സി. യുടെ ടൂർ പാക്കേജ്

3837 **ശ്രീ തോമസ് കെ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പ്രകൃതി ഭംഗി ആസ്വദിക്കുന്നതിന് കെ. എസ്. ആർ. ടി. സി. യുടെ ടൂർ പാക്കേജ് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) എടത്വ, ആലപ്പുഴ, ചങ്ങനാശ്ശേരി, തിരുവല്ല, ചെങ്ങന്നൂർ, മാവേലിക്കര, കായംകുളം, ഹരിപ്പാട്, എറണാകുളം, കോട്ടയം, പത്തനംതിട്ട, അടൂർ, കൊല്ലം തുടങ്ങിയ ഡിപ്പോകളിൽ നിന്നും ഡബിൾ ഡെക്കർ സർവീസ് കുട്ടനാടിന്റെ ഗ്രാമീണ പാതകളിലൂടെ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പരീക്ഷണാടിസ്ഥാനത്തിൽ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഇത്തരം സർവീസ് ആരംഭിക്കാൻ നടപടിയുണ്ടാകുമോയെന്ന് അറിയിക്കാമോ?

## കെ. എസ്. ആർ. ടി. സി. ബസ്സുകളുടെ ഇൻഷുറൻസ്

3838 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഇപ്പോൾ നിരത്തിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ ബസ്സുകൾക്ക് ഇൻഷുറൻസ് ഉണ്ടോ എന്നും ഉണ്ടെങ്കിൽ ഫസ്റ്റ് ക്ലാസ് ഇൻഷുറൻസ് ആണോ എന്നും വ്യക്തമാക്കാമോ;

(സി) ഇൻഷുറൻസ് ഇല്ലാത്ത ബസ്സുകൾ സർവീസ് നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; വിശദാംശം ജില്ല തിരിച്ച് നൽകാമോ;

(ഡി) ഇൻഷുറൻസ് ഇല്ലാത്ത ബസ്സുകൾ അപകടത്തിൽപ്പെട്ടാൽ ഇൻഷുറൻസ് ക്ലെയിം വരികയാണെങ്കിൽ എന്താണ് ചെയ്യാറുള്ളതെന്ന് വ്യക്തമാക്കാമോ?

## <u>വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി</u>

3839 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടക്കുന്ന വാഹന അപകടങ്ങളെക്കുറിച്ച് പഠിക്കാൻ ഈ സർക്കാരിന്റെ കാലയളവിൽ ഏതെങ്കിലും കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കമ്മീഷൻ റിപോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും ശിപാർശകളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) വാഹന അപകടങ്ങളെക്കുറിച്ച് പഠിക്കാൻ 2011-2016 കാലയളവിലെ സർക്കാർ നിയോഗിച്ച ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷന്റെ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ഇത് മൂലം വാഹന അപകടങ്ങൾ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദവിവരം നൽകാമോ?

## <u>റോഡപകടങ്ങൾ കുറയ്ക്കുവാൻ മാസ്റ്റർ പ്ലാൻ</u>

3840 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ 2030-ഓടെ പകുതിയായി കുറയ്ക്കുന്നതിന് റോഡ് സുരക്ഷാ അതോറിറ്റി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരുന്നോ; വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി പഠിച്ച് നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ;

(സി) പ്രസ്തുത മാസ്റ്റർ പ്ലാനിലെ നിർദേശങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അവ എത്രത്തോളം നടപ്പിലാക്കാൻ കഴിഞ്ഞുവെന്നും വിശദമാക്കാമോ?

## <u>വാഹന അപകടങ്ങൾ ഒഴിവാക്കുന്നതിനായുള്ള ബോധവത്ക്കരണ പരിപാടികൾ</u>

3841 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹന അപകടങ്ങൾ ഒഴിവാക്കുന്നതിനായി എന്തെല്ലാം ബോധവത്ക്കരണ പരിപാടികളാണ് സർക്കാർ നടപ്പിലാക്കുന്നതെന്ന്

വിശദമാക്കുമോ;

(ബി) അലക്ഷ്യമായി വാഹനമോടിക്കുന്നവർക്കും അപകടം വരുത്തിവെക്കുന്നവർക്കുമെതിരെ എന്തെല്ലാം കർശന നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

## വാഹനങ്ങളുടെ അമിത വേഗത തടയാൻ നടപടി

3842 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. എ. കെ. എം. അഷ്‌റഫ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ അമിത വേഗത തടയുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; അമിത വേഗത തടയാൻ നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) കാതടപ്പിക്കുന്ന ശബ്ദമുള്ള ഹോണുകളും പല നിറത്തിലുള്ള ആഡംബര ലൈറ്റുകളും ഉപയോഗിച്ച് സർവീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ; വ്യക്തമാക്കുമോ;

(സി) നിയമ വിരുദ്ധമായി പ്രവർത്തിക്കുന്ന വാഹന ഉടമകൾക്കെതിരെയും ഡ്രൈവർമാർക്കെതിരെയും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## കെ.എസ്.ആർ.ടി.സി.ജീവനക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നടപടി

3843 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾക്കും ജീവിതശൈലീ രോഗങ്ങൾക്കും പരിഹാരം കാണുന്നതിലേക്കായി പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിനായി രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ സഹകരണം ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിവിധ രോഗനിർണ്ണയ പരിശോധനകളുടെ മെഡിക്കൽ കളക്ഷൻ സെന്റർ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനെ ലബോറട്ടറി ഡയഗ്നോസ്റ്റിക് കേന്ദ്രമായി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

## കെ. എസ്. ആർ. ടി. സി. യുടെ ലാഭ /നഷ്ടസ്ഥിതി

3844 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് കെ. എസ്. ആർ. ടി. സി. യ്ക്കുണ്ടായ ലാഭ /നഷ്ട കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ; കെ. എസ്. ആർ. ടി. സി. യുടെ നിലവിലുള്ള ആകെ ലാഭം/നഷ്ടം എത്രയാണെന്ന് അറിയിക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ഓരോ വർഷവും സർക്കാർ സഹായമായി കെ. എസ്. ആർ. ടി. സി. യ്ക്ക് നൽകിയ തുക എത്രയെന്നും ഈ കാലയളവിൽ വിവിധ ഏജൻസികളിൽ നിന്നും കെ. എസ്. ആർ. ടി. സി. നേരിട്ടോ സർക്കാർ കെ. എസ്. ആർ. ടി. സി. യ്ക്ക് വേണ്ടിയോ എടുത്തിട്ടുള്ള വായ്പ തുക എത്രയാണെന്നും വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) കെ. എസ്. ആർ. ടി. സി. യിൽ നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ എണ്ണം എത്രയെന്നും താൽക്കാലിക/കരാർ ജീവനക്കാരുടെ എണ്ണം എത്രയെന്നും ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവ് വീതം നിലവിലുണ്ടെന്നും ഈ കാലയളവിൽ പി. എസ്. സി. മുഖാന്തിരം ജോലിയിൽ പ്രവേശിച്ചവരുടെ എണ്ണം എത്രയെന്നും തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) കെ. എസ്. ആർ. ടി. സി. യിൽ ആകെ സർവീസ് നടത്തുന്ന ബസുകൾ, സർവ്വീസിന് യോഗ്യമല്ലാത്ത ബസുകൾ, കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് പൊളിച്ചുമാറ്റിയ ബസുകൾ, ഈ കാലയളവിൽ പുതിയതായി വാങ്ങിയ ബസുകൾ എന്നിവയുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കുമോ?

## <u>ഇന്ധനചലവ് കുറയ്ക്കുന്നതിന് കെ. എസ്. ആർ. ടി. സി. സ്വീകരിച്ചുവരുന്ന നടപടികൾ</u>

3845 **ശ്രീ. കെ. ജെ. മാക്സി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ധന ചെലവ് കുറയ്ക്കുന്നതിനായി കെ. എസ്. ആർ. ടി. സി. സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ വിശദമാക്കാമോ;

(ബി) ഇന്ധന ചെലവും മലിനീകരണ തോതും കുറഞ്ഞ ഇലക്ട്രിക് ബസുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) ഡീസൽ ബസുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇലക്ട്രിക് ബസുകൾ സർവീസ് നടത്തിയാൽ ലഭിക്കുന്ന സാമ്പത്തിക ലാഭം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ. എസ്. ആർ. ടി. സി. വാങ്ങിയ ഇലക്ട്രിക്, ഡീസൽ ബസുകളുടെ എണ്ണം എത്രയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## <u>കൊടിയത്തൂർ - കോഴിക്കോട് ട്രിപ്പ്</u>

3846 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുണ്ടായിരുന്ന കൊടിയത്തൂർ - സിവിൽ സ്റ്റേഷൻ - കോഴിക്കോട് കെ. എസ്. ആർ. ടി. സി. സർവ്വീസ് നിർത്താനിടയായ സാഹചര്യം വിശദമാക്കുമോ;

(ബി) പ്രസ്തുത സർവീസ് പുനഃസ്ഥാപിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ, അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത സർവ്വീസ് പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കെ. എസ്. ആർ. ടി. സി. യുടെ ബജറ്റ് ടൂറിസം പദ്ധതി

3847 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുന്ന കെ. എസ്. ആർ. ടി. സി. യുടെ ബജറ്റ് ടൂറിസം പദ്ധതിയുടെ വിവരങ്ങൾ വിശദമാക്കാമോ;

(ബി) ഏതൊക്കെ ഡിപ്പോകളിലാണ് പ്രസ്തുത ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) സ്വകാര്യ ടൂർ യാത്രകൾക്കും മറ്റ് ആവശ്യങ്ങൾക്കുമായി കെ. എസ്. ആർ. ടി. സി. ബസ് അനുവദിക്കുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

## കെ. എസ്. ആർ. ടി. സി. യിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ

3848 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ആർ. ടി. സി. യിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കെ. എസ്. ആർ. ടി. സി. യിൽ വിദ്യാർത്ഥികൾക്കുള്ള കൺസഷൻ ചാർജ്ജ് എല്ലാ ജില്ലകളിലുമുണ്ടോ; ഇല്ലെങ്കിൽ എല്ലാ ജില്ലകളിലും നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

## പുതിയ ബസ്സുകളും സർവ്വീസുകളും

3849 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ 2023 ജനവരി 1 മുതൽ വാങ്ങിയതും ഇനി വാങ്ങാൻ തീരുമാനിച്ചതുമായ ബസ്സുകൾ എത്രയാണെന്നും ഏതൊക്കെ തരത്തിലുള്ളതാണെന്നും വിശദമാക്കുമോ;

(ബി) ഇത്തരം പുതിയ ബസ്സുകൾ ഏതൊക്കെ മേഖലയിൽ സർവീസ് നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കെ. എസ്. ആർ. ടി. സി. യിലെ പുതിയ ബസ്സുകൾ

3850 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2016 വരെയുള്ള സർക്കാരിന്റെ കാലയളവിൽ കെ. എസ്. ആർ. ടി. സി. എത്ര ബസ്സുകൾ വാങ്ങിയിട്ടുണ്ട്; ബസ്സുകളുടെ വിശദാംശം ഇനം തിരിച്ച്

വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കെ. എസ്. ആർ. ടി. സി. എത്ര പുതിയ ബസ്സുകൾ വാങ്ങിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ബസ്സുകളുടെ വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) നടപ്പ് സാമ്പത്തിക വർഷം കെ. എസ്. ആർ. ടി. സി. പുതുതായി വാങ്ങിയ ബസുകളിൽ എത്രയെണ്ണം മലബാർ മേഖലയ്ക്ക് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## മലബാർ മേഖലയിലേക്ക് ദീർഘദൂര ബസ്സുകൾ

3851 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലസ്ഥാനത്തുനിന്നും മലബാർ മേഖലയിലേക്ക് ദീർഘദൂര ബസ്സുകൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) മലബാർ മേഖലയിലെ ജനങ്ങളെ തലസ്ഥാന ജില്ലയുമായി ബന്ധിപ്പിക്കുന്നതിന് കൂടുതൽ ദീർഘദൂര ബസ്സുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കെ.എസ്.ആർ.ടി.സി. സർവീസുകളിൽ മുൻകൂർ ബുക്കിങ് സംവിധാനം

3852 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. മിന്നൽ ഉൾപ്പെടെയുള്ള സർവീസുകളിൽ മുൻകൂർ ബുക്ക് ചെയ്യുന്നതിനായി ഫുൾ ജേർണി ടിക്കറ്റ് ബുക്ക് ചെയ്യുമ്പോൾ പിക്ക് അപ്പ്, ഡ്രോപ്പ് ഓഫ് പോയിന്റുകൾ മാറ്റി നിശ്ചയിക്കാൻ സാധിക്കാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; യാത്രക്ക് ഇടയിലുള്ള വിവിധ സ്റ്റോപ്പുകൾ പിക്ക് അപ്പ്, ഡ്രോപ്പ് ഓഫ് പോയിന്റുകൾ ആയി നിശ്ചയിക്കാൻ സാധിക്കുന്ന വിധം ആവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കെ. എസ്. ആർ. ടി. സി. കൊറിയർ സർവീസ്

3853 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. കൊറിയർ സർവീസിൽ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദവിവരം നൽകാമോ?

## ട്രാൻസ്പോ എക്സ്പോ

3854 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യും മോട്ടോർ വാഹനവകുപ്പും സംയുക്തമായി കനകക്കുന്നിൽ നടത്തിയ ട്രാൻസ്പോ എക്സ്പോയിൽ എത്ര സ്റ്റാളുകൾ

ഉണ്ടായിരുന്നുവെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്റ്റാളുകളിൽ നിന്നും കെ. എസ്. ആർ .ടി .സി. ക്ക് എത്ര തുക വരുമാനമായി ലഭിച്ചിട്ടുണ്ട്; തുക ലഭിക്കാത്ത സ്റ്റാളുകൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ;

(സി) എക്സ്പോയ്ക്കായി കെ. എസ്. ആർ. ടി. സി. ചെലവാക്കിയ തുക എത്രയെന്ന് അറിയിക്കാമോ; ആയതിൽ എത്ര തുക സ്വന്തം വരുമാനത്തിൽ നിന്നും ചെലവാക്കിയിട്ടുണ്ട്; ബാക്കി തുക സമാഹരിച്ചത് ഏതു വിധേനയാണ്; സമാഹരിച്ച തുക ഇനം തിരിച്ച് വിവരം ലഭ്യമാക്കാമോ?

## കെ. എസ്. ആർ. ടി. സി. ചലോ ആപ്പ്

3855 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ് ട്രാക്കിങ്ങിനായി ഏർപ്പെടുത്തിയ ചലോ ആപ്പിൽ ബസ് ട്രാക്ക് ചെയ്യുന്നതിൽ ഉപഭോക്താക്കൾ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ആപ്പ് കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ?

## കെ. എസ്. ആർ. ടി. സി. ഡിപ്പോകളിലെ കെട്ടിടങ്ങളും സ്റ്റാളുകളും വാടകയ്ക്ക് നൽകുന്നതിന് നടപടി

3856 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ഡിപ്പോകളിൽ വാണിജ്യാവശ്യങ്ങൾക്കായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ, സ്റ്റാളുകൾ എന്നിവ എവിടെയെല്ലാം ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങളും സ്റ്റാളുകളും വാടകയ്ക്ക് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇത്തരം വാണിജ്യാവശ്യങ്ങൾക്കായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ, സ്റ്റാളുകൾ എന്നിവയിൽ നിന്നും പ്രതിമാസം ശരാശരി എത്ര തുകയുടെ വരുമാനമാണ് കെ. എസ്. ആർ. ടി. സി.-ക്ക് ലഭിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

## കെ. എസ്. ആർ. ടി. സി. യുടെ ഗ്രാമവണ്ടി പദ്ധതി

3857 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യുടെ ഗ്രാമവണ്ടി പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ലാഭകരമായി ഓടാൻ കഴിയുന്ന ഗ്രാമവണ്ടി റൂട്ടുകളിൽ ഡീസൽ തുക പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനം നൽകണം എന്ന നിബന്ധനയിൽ മാറ്റം വരുത്താൻ കഴിയുമോ; വിശദമാക്കാമോ;

(സി) ഗ്രാമവണ്ടി പദ്ധതിയിൽ കെ. എസ്. ആർ. ടി. സി. ക്ക് നഷ്ടമില്ലാതെ ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് യാത്രക്കാർക്ക് ഏറെ പ്രയോജനം ചെയ്യുന്ന

ഗ്രാമീണ റൂട്ടുകൾ ആരംഭിക്കാൻ തയ്യാറാവുമോ; വിശദമാക്കാമോ?

**<u>കെ. എസ്. ആർ. ടി. സി. പെൻഷൻകാർക്ക് ഉത്സവബത്ത</u>**

3858 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. പെൻഷൻകാർക്ക് ഉത്സവബത്തയ്ക്ക് അർഹതയുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഏത് വർഷമാണ് കെ. എസ്. ആർ. ടി. സി. പെൻഷൻകാർക്ക് അവസാനമായി ഉത്സവബത്ത നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) 2025 ലെ ഓണസമയത്ത് വിവിധ ജനവിഭാഗങ്ങൾക്ക് സർക്കാർ നൽകിയ സഹായധനം കെ. എസ്. ആർ. ടി. സി. പെൻഷൻകാർക്കും നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കെ. എസ്. ആർ. ടി. സി. പെൻഷൻകാർക്ക് സഹായത്തിന് അർഹതയുണ്ടെങ്കിൽ എന്നത്തേക്ക് സഹായധനം നൽകുമെന്ന് വ്യക്തമാക്കാമോ?

**<u>കെ. എസ്. ആർ. ടി. സി. യിലെ നിയമനം</u>**

3859 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ നിലവിൽ ജൂനിയർ അസിസ്റ്റന്റ്, അസിസ്റ്റന്റ് ഗ്രേഡ് 2, എൽ. ഡി. ക്ലർക്ക് എന്നീ തസ്തികകളുടെ സാങ്ഷൻഡ് സ്ട്രെങ്ത് എത്രയാണെന്ന് വ്യക്തമാക്കുമോ; 2017 ജനുവരി മുതൽ 2025 മെയ് 5 വരെ മേൽപ്പറഞ്ഞ തസ്തികകളിൽ നിന്നും വിരമിച്ചവരുടെ പേരും വിരമിച്ച തീയതിയും വ്യക്തമാക്കുമോ; മേൽപ്പറഞ്ഞ തസ്തികകളിലെ 2025 - 2026 വർഷത്തെ റിട്ടയർമെന്റ് ചാർട്ട് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ നിലവിൽ പി. എസ്. സി. മുഖേന നിയമനം നേടിയ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഈ തസ്തികകളിൽ നിലവിൽ താൽക്കാലിക/ദിവസവേതന ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ ഓരോരുത്തരും ജോലി ചെയ്യുന്ന ഓഫീസും ജോലിയിൽ പ്രവേശിച്ച തീയതിയും വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ട് ; ഈ ഒഴിവുകൾ പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) കെ. എസ്. ആർ. ടി. സി. യിൽ അസിസ്റ്റന്റ്, എൽ. ഡി. ക്ലർക്ക് റാങ്ക് ലിസ്റ്റുകൾ നിലനിൽക്കുമ്പോൾ പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ; മേൽപ്പറഞ്ഞ ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടതില്ല എന്ന് ചൂണ്ടിക്കാണിച്ച് ഏതെങ്കിലും സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) മേൽപ്പറഞ്ഞ തസ്തികകളിലെ നിയമനത്തിന് കെ. എസ്. ആർ. ടി. സി. യിൽ നിലവിൽ എന്തെങ്കിലും വിലക്കുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ?

## കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർ

3860 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വിഫ്റ്റ് കമ്പനി മുഖേന നാളിതുവരെ എത്രപേർക്ക് കെ.എസ്.ആർ.ടി.സി.യിൽ ജോലി നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിയമനം നടത്തുമ്പോൾ സംവരണതത്വം പാലിക്കാറുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ എത്ര സ്ഥിരം ജീവനക്കാരുണ്ട്; എത്ര താത്കാലിക ജീവനക്കാരുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ?

## മലബാർ മേഖലയിലേക്ക് പുതിയ ബസ്സുകൾ അനുവദിക്കാൻ നടപടി

3861 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കെ. എസ്. ആർ. ടി. സി. പുതിയ ബസ്സുകൾ നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഗതാഗത വകുപ്പ് ഈ വർഷം എത്ര പുതിയ ബസ്സുകൾ കെ. എസ്. ആർ. ടി. സി.ക്കുവേണ്ടി വാങ്ങിയെന്ന് വ്യക്തമാക്കാമോ;

(സി) ഗതാഗത വകുപ്പ് വാങ്ങിയ പുതിയ ബസ്സുകൾ ഏതൊക്കെ ജില്ലയിലേക്ക്, എത്ര വീതം, ഏതൊക്കെ ഡിപ്പോകൾക്ക്, ഏതൊക്കെ റൂട്ടിലേക്ക് ഉപയോഗിക്കാനായി നൽകിയെന്ന് വിശദമാക്കാമോ;

(ഡി) പുതിയ ബസ്സുകൾക്കായി ഓർഡർ നൽകിയതിൽ എത്ര ബസ്സുകൾ ഇനി ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഓർഡർ നൽകിയതിൽ ഇനിയും ലഭിക്കാനുള്ള പുതിയ ബസ്സുകൾ ഏതൊക്ക ഡിപ്പോകളിൽ, ഏതൊക്കെ റൂട്ടുകളിൽ ഉപയോഗിക്കുന്നതിന് നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(എഫ്) മലബാർ മേഖലയിലെ ഡിപ്പോകളിലേക്ക് പുതുതായി കൂടുതൽ ബസ്സുകൾ അനുവദിക്കുമോ; വിശദമാക്കാമോ?

## ചേർത്തല അരൂക്കുട്ടി റോഡ് വഴിയുള്ള കെ. എസ്. ആർ. ടി. സി. സർവീസുകൾ

3862 **ശ്രീമതി ദെലീമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ ചേർത്തല അരൂക്കുട്ടി റോഡ് വഴി സർവീസ് നടത്തുന്ന കെ. എസ്. ആർ. ടി. സി. സർവീസുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കോവിഡിന് ശേഷം നിർത്തലാക്കിയ സർവീസുകൾ ഏതെല്ലാമാണെന്നും അതിൽ ഏതെല്ലാം സർവീസ് പുനരാരംഭിച്ചുവെന്നും വിശദമാക്കാമോ?

## കെ. എസ്. ആർ. ടി. സി. യുടെ വാർഷിക വരുമാനം

3863 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപയുടെ സ്പെയർപാർട്സുകൾ വാങ്ങിയിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ; കെ. എസ്. ആർ. ടി. സി. സ്പെയർപാർട്സുകൾ വാങ്ങുന്നതിന്റെ മാനദണ്ഡം എന്താണ്; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും കെ. എസ്. ആർ. ടി. സി. എത്ര സർവീസുകൾ നടത്തിയിട്ടുണ്ട്; ഓരോ സാമ്പത്തിക വർഷവും കെ. എസ്. ആർ. ടി. സി. യുടെ വാർഷിക വരുമാനം എത്രയാണ്; ചെലവ് എത്രയാണ്; ലാഭം എത്രയാണ്; വ്യക്തമാക്കുമോ?

## കോതമംഗലം കെ. എസ്. ആർ. ടി. സി യൂണിറ്റിലേക്ക് പുതിയ ബസുകൾ അനുവദിക്കുന്നതിനുള്ള നടപടി

3864 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം കെ. എസ്. ആർ. ടി. സി യൂണിറ്റിന് പുതിയ ബസുകളും പുതിയ സർവീസുകളും അനുവദിക്കുമോ; വ്യക്തമാക്കാമോ?

## കെ. എസ്. ആർ. ടി. സി. പയ്യന്നൂർ യൂണിറ്റിൽ ഓഫീസ് കെട്ടിടം പണിയുന്നതിനുള്ള നടപടികൾ

3865 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. പയ്യന്നൂർ യൂണിറ്റിലെ പഴയ ഓഫീസ് കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പയ്യന്നൂർ ഡിപ്പോ കോമ്പൗണ്ടിൽ റിഫ്രഷ്മെന്റ് സെന്റർ തുടങ്ങുന്നതിനായി സ്ഥലം അനുവദിച്ച് നൽകുന്നതിന് പയ്യന്നൂർ നഗരസഭ അപേക്ഷ നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) എങ്കിൽ അതിന്മേൽ സ്വീകരിച്ച മേൽനടപടികൾ എന്തൊക്കെ ; വിശദമാക്കാമോ?

## രാത്രി കാലങ്ങളിൽ യാത്ര ചെയ്യാൻ ബസ് സർവീസ്

3866 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പ്രധാനപ്പെട്ട 2 റെയിൽവേ സ്റ്റേഷനുകളായ ഒറ്റപ്പാലം, ഷൊർണ്ണൂർ എന്നിവിടങ്ങളിൽ നിന്നുമുള്ള യാത്രക്കാർക്ക് രാത്രി 9.30 ന് ശേഷം പാലക്കാട് ഭാഗത്തേക്ക് യാത്ര ചെയ്യാൻ ബസ്സ് സർവീസ് ഇല്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുവഴി രാത്രി സമയങ്ങളിൽ കൂടുതൽ ബസ്സ്

സർവീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**<u>ആലപ്പുഴ കെ. എസ്. ആർ.ടി. സി. മൊബിലിറ്റി ഹബ് നിർമ്മാണം</u>**

3867 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കെ. എസ്. ആർ. ടി. സി. മൊബിലിറ്റി ഹബ് നിർമ്മാണത്തിനായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ആലപ്പുഴ കെ. എസ്. ആർ. ടി. സി. മൊബിലിറ്റി ഹബ് നിർമ്മാണം എന്ന് ആരംഭിക്കാനാകും; വിശദമാക്കാമോ;

(സി) നിർമ്മാണം ആരംഭിക്കുന്നതിലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഗതാഗത വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**<u>മൂന്നാർ കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽനിന്ന് പുതിയ ദീർഘദൂര സർവീസുകൾ</u>**

3868 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നും പുതിയ ദീർഘദൂര സർവീസുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ദീർഘദൂര സർവീസുകൾ നടത്തുന്നതിന് ആധുനിക നിലവാരത്തിലുള്ള ബസുകൾ പ്രസ്തുത ഡിപ്പോയ്ക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കാമോ?

**<u>വർക്കല ശിവഗിരി-പിറവം കെ. എസ്. ആർ. ടി. സി. ബസ്സ് സർവീസ്</u>**

3869 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ശിവഗിരി-പിറവം കെ. എസ്. ആർ. ടി. സി. ബസ്സ് സർവീസ് പുനരാരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണം</u>**

3870 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് തുക ഉപയോഗിച്ചുള്ള മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ;

(ബി) പ്രസ്തുത നവീകരണത്തിനോടനുബന്ധിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്ന വികസന പ്രവൃത്തികളെക്കുറിച്ച് വിശദമാക്കാമോ?

**<u>ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് നിർത്തലാക്കിയ സർവീസുകൾ</u>**

3871 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് ഓപ്പറേറ്റ് ചെയ്തിരുന്ന ഏതെല്ലാം സർവീസുകളാണ് നിർത്തലാക്കിയിട്ടുള്ളത്; ആയതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) ചങ്ങനാശ്ശേരി ഡിപ്പോയിൽ നിന്ന് അമൃത ആശുപത്രിയിലേക്കുള്ള സർവീസ്, ചങ്ങനാശ്ശേരി - ഗുരുവായൂർ സർവീസ് എന്നിവ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ബസ് സർവീസുകൾ നിർത്തലാക്കിയ റൂട്ടുകളിലെ യാത്രക്കാർക്ക് യാത്രചെയ്യുന്നതിനായി എന്തെല്ലാം ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

**<u>തിരുവമ്പാടി മലയോര മേഖലയിൽ അധിക കെ. എസ്. ആർ. ടി. സി. സർവ്വീസ്</u>**

3872 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. പുതിയ ബസ്സുകൾ വാങ്ങുന്ന സാഹചര്യത്തിൽ യാത്രാക്ലേശം രൂക്ഷമായ തിരുവമ്പാടി മണ്ഡലത്തിലെ മലയോര മേഖലകളെ ഉൾപ്പെടുത്തി പുതിയ സർവ്വീസുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) തിരുവമ്പാടി മണ്ഡലത്തിലെ മലയോര മേഖലകളെ ഉൾപ്പെടുത്തി പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

**<u>പാറശാല മണ്ഡലത്തിലെ പുതിയ ബസുകൾ</u>**

3873 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പാറശാല മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ സർവീസ് നടത്തുന്നതിനായി എത്ര പുതിയ കെ. എസ്. ആർ. ടി. സി. ബസുകൾ അനുവദിച്ചിട്ടുണ്ട്; അവ ഓരോന്നിന്റേയും സമയവും റൂട്ടും അറിയിക്കാമോ;

(ബി) പാറശാലയിലേക്കുള്ള രാത്രികാല യാത്രാക്ലേശം പരിഹരിക്കുന്നതിനായി പുതിയ ബസുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; മണ്ഡലത്തിലെ വിവിധ ഡിപ്പോകളിൽ നിന്നും പുതിയതായി ആരംഭിക്കാനുദ്ദേശിക്കുന്ന ബസ് സർവീസുകളുടെ വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത നിയോജക മണ്ഡലത്തിലെ കെ. എസ്. ആർ. ടി. സി. ഡ്രൈവിംഗ് സ്കൂളിന്റെ നാളിതുവരെയുള്ള പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ നൽകുമോ;

(ഡി) കെ. എസ്. ആർ. ടി. സി. പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഡ്രൈവിംഗ് സ്കൂളുകൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ?

**<u>നെയ്യാറ്റിൻകര ഡിപ്പോയിൽ അനുവദിച്ച ഇലക്ട്രിക് ബസുകൾ</u>**

3874 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. നെയ്യാറ്റിൻകര ഡിപ്പോയ്ക്ക് പുതിയതായി അനുവദിച്ച ഇലക്ട്രിക് ബസുകൾ ഏതൊക്കെ റൂട്ടിലാണ് സർവീസ് നടത്തുന്നതെന്ന് വിശദമാക്കാമോ?

**<u>കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സർവീസുകൾക്ക് വളാഞ്ചേരിയിൽ സ്റ്റോപ്പ്</u>**

3875 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബൈപ്പാസ് റൈഡർ, മിന്നൽ, ഡീലക്സ് ശ്രേണിയിൽപ്പെട്ട ദീർഘദൂര സർവീസുകൾക്ക് കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരിയിൽ ഫെയർ സ്റ്റേജ്, ബുക്കിംഗ് പോയിന്റ് എന്നിവ ഇല്ലാത്തതിനാൽ ദീർഘദൂര യാത്ര പോയി വരുന്നവർ എറണാകുളത്തും കുറ്റിപ്പുറത്തും മറ്റും ഇറങ്ങി മറ്റ് ബസുകളെ ആശ്രയിക്കേണ്ട സ്ഥിതിയാണെന്നും ഇത് രാത്രി കാലങ്ങളിൽ രോഗികളടക്കമുള്ള യാത്രികർക്ക് ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ടെന്നുമുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് നിവേദനം ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ദീർഘദൂര യാത്രികർക്ക് പ്രയോജനപ്പെടുംവിധം കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ സർവീസുകൾക്കും വളാഞ്ചേരിയിൽ സ്റ്റോപ്പും ബുക്കിംഗ് പോയിന്റും ഫെയർ സ്റ്റേജും അനുവദിച്ച് നിലവിലുള്ള യാത്രാക്ലേശം പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

**<u>കുറ്റ്യാടി മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ വഴിയുള്ള കെ.എസ്.ആർ.ടി.സി. സർവീസ്</u>**

3876 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഗതാഗത സംവിധാനത്തിന്റെ അപര്യാപ്തത മൂലം പ്രയാസം നേരിടുന്ന കുറ്റ്യാടി നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങൾ ബന്ധിപ്പിച്ചുകൊണ്ട് കെ. എസ്. ആർ. ടി. സി. ബസ്സുകൾ അനുവദിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിയോജക മണ്ഡലത്തിലെ ഗതാഗത പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് സമർപ്പിച്ച അപേക്ഷകൾ പരിഗണിച്ച് പുതുതായി കെ. എസ്. ആർ. ടി. സി. ബസ് സർവീസ് അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>തിരുവമ്പാടി കെ. എസ്. ആർ. ടി. സി. ഡിപ്പോ നിർമ്മാണം</u>**

3877 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി കെ. എസ്. ആർ. ടി. സി. ഡിപ്പോ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## ഗതാഗത വകുപ്പ് മുഖേന ഒറ്റപ്പാലം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

3878 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗതാഗത വകുപ്പ് മുഖേന ഒറ്റപ്പാലം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; ആയതിനായി ചെലവഴിച്ച തുകകൾ എത്രയെന്നും വിശദമാക്കാമോ?

## കാസർഗോഡ് കുമ്പള എ. ഐ. ക്യാമറ നീതിവേദി സമർപ്പിച്ച അപേക്ഷ

3879 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കുമ്പള – ബദിയഡുക്ക അനിൽ കുംബ്ലെ റോഡിൽ 2022-ൽ സ്ഥാപിച്ച എ. ഐ. ക്യാമറയിൽ പതിഞ്ഞ നിയമ ലംഘനത്തിനുള്ള നോട്ടീസുകൾ 2025 മുതൽ ലഭിച്ചു തുടങ്ങിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയത്തിൽ പിഴ ഒഴിവാക്കണമെന്ന് കാണിച്ച് കുമ്പള എ. ഐ. ക്യാമറ നീതിവേദി എന്ന സംഘടന സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

## പാലക്കാട് ജില്ലയിൽ മോട്ടോർ വാഹന നിയമലംഘനത്തിന് രജിസ്റ്റർ ചെയ്ത കേസുകൾ

3880 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷക്കാലയളവിൽ പാലക്കാട് ജില്ലയിൽ മോട്ടോർ വാഹന നിയമലംഘനത്തിന് എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാലയളവിൽ പാലക്കാട് ജില്ലയിൽ എത്ര രൂപയാണ് പിഴയായി ഈടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഏറ്റവും കൂടുതൽ നിയമലംഘനം നടത്തിയിട്ടുള്ളത് ഏതുതരം വാഹനങ്ങളാണെന്ന് വ്യക്തമാക്കാമോ?

## ട്രാഫിക് നിയമങ്ങൾ കർശനമായി പാലിക്കുന്നതിനുള്ള നടപടി

3881 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിൽ വാഹനങ്ങളുടെ അമിതവേഗം മൂലം ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിന് സർക്കാർ ഒരുക്കിയിട്ടുള്ള നിരീക്ഷണ സംവിധാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ലൈസൻസ് റദ്ദാക്കപ്പെട്ടവരും പ്രായപൂർത്തിയാകാത്ത കുട്ടികളും വാഹനങ്ങൾ ഓടിക്കുന്നത് കർശനമായി നിരീക്ഷിക്കുന്നതിനും തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ഇറക്കുമതി ചെയ്ത വിദേശനിർമ്മിത വാഹനങ്ങൾ ഇൻഷൂറൻസ്, ഫിറ്റ്നസ് തുടങ്ങിയ സർട്ടിഫിക്കറ്റുകൾ ഇല്ലാതെ ഉപയോഗിക്കപ്പെടുന്നുവെന്നത് ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ഗതാഗത നിയമങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് പ്രസ്തുത നിരീക്ഷണ സംവിധാനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>അന്യസംസ്ഥാനങ്ങളിൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന പ്രവണത</u>

3882 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാഹനങ്ങൾ പോണ്ടിച്ചേരി അടക്കമുള്ള കേന്ദ്രഭരണ പ്രദേശങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ നികുതി വെട്ടിക്കാൻ വേണ്ടി ഇതര സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും രജിസ്റ്റർ ചെയ്ത വാഹനങ്ങളെ കണ്ടെത്താൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ?

## <u>ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണം</u>

3883 **ശ്രീ. പി. ടി. എ. റഹീം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡ്രൈവിംഗ് ടെസ്റ്റുകൾ പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പുതുതായി എന്തൊക്കെ മാറ്റങ്ങളാണ് കൊണ്ടുവന്നതെന്ന് വിശദമാക്കുമോ;

(ബി) ഒരു ദിവസം നടത്താവുന്ന ഡ്രൈവിംഗ് ടെസ്റ്റുകൾക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പഠനം, ജോലി തുടങ്ങിയ ആവശ്യങ്ങൾക്ക് ഇതര പ്രദേശങ്ങളിലേക്ക് പോകേണ്ടി വരുന്നവർക്ക് ലേണിംഗ് ടെസ്റ്റ്, ഡ്രൈവിംഗ് ടെസ്റ്റ് എന്നിവ സൗകര്യപ്രദമായ തീയതികളിൽ നടത്താൻ വ്യവസ്ഥയുണ്ടോ; വിശദമാക്കുമോ?

## <u>വാഹനം റീ രജിസ്റ്റർ ചെയ്തതിലെ പ്രശ്നങ്ങൾ</u>

3884 **ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ ആർ. ടി. ഓഫീസിൽ 2018-ൽ KL 25 L 0012 എന്ന നമ്പറിൽ രജിസ്റ്റർ ചെയ്ത വാഹനത്തിന്റെ ഉടമ ആരാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത രജിസ്ട്രേഷൻ നമ്പർ നൽകിയത് റീ രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായിട്ടാണോ; അതോ പുതിയ വാഹനം എന്ന നിലക്കാണോ എന്ന് വ്യക്തമാക്കാമോ;

(സി) റീ രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായിരുന്നെങ്കിൽ മുൻപ് ഈ വാഹനം ഏതൊക്കെ സംസ്ഥാനങ്ങളിൽ ആരുടെയൊക്കെ പേരിലും വിലാസത്തിലുമായിരുന്നു രജിസ്റ്റർ ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതേ വാഹനം മുൻപ് പോണ്ടിച്ചേരിയിലും തുടർന്ന് പുനലൂരും റീ രജിസ്റ്റർ ചെയ്തത് ഒരേ ആളിന്റെ പേരിലാണോ; എങ്കിൽ അയാളുടെ പോണ്ടിച്ചേരിയിലെ അഡ്രസ് വ്യാജമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) നികുതി വെട്ടിപ്പിനായാണോ ഇപ്രകാരം പോണ്ടിച്ചേരിയിലെ വ്യാജവിലാസത്തിൽ റീ രജിസ്ട്രേഷൻ നടത്തിയത്; വ്യക്തമാക്കുമോ;

(എഫ്) മുൻപ് പോണ്ടിച്ചേരിയിലെ വ്യാജവിലാസത്തിൽ ആഡംബര വാഹനങ്ങൾ രജിസ്റ്റർ ചെയ്ത വിഷയത്തിൽ സ്വീകരിച്ച നടപടി ഈ വിഷയത്തിലും സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ജി) KL 25 L 0012 എന്ന വാഹനത്തിന്റെ രജിസ്ട്രേഷൻ രേഖയിൽ രജിസ്ട്രേഷൻ ടൈപ്പ് ന്യൂ എന്നും ഓണർഷിപ്പ് സീരിയൽ 1 എന്നും രേഖപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിവരം രേഖപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേരുവിവരം ലഭ്യമാക്കാമോ; ഇത് ആരുടെയെങ്കിലും സമ്മർദത്തിന് വഴങ്ങിയാണോ നടപ്പാക്കിയത്; വിശദമാക്കാമോ?

## <u>വിദേശ രാജ്യത്തു നിന്നും അനധികൃതമായി ഇറക്കുമതി ചെയ്ത വാഹനങ്ങൾ</u>

3885 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യത്തുനിന്നും അനധികൃതമായി ഇറക്കുമതി ചെയ്ത വാഹനങ്ങൾ സംസ്ഥാനത്ത് റീ രജിസ്റ്റർ ചെയ്യുന്ന സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) നികുതി വെട്ടിക്കാനായി നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇത്തരം തട്ടിപ്പുകൾക്കായി വ്യാജരേഖ ഉണ്ടാക്കുന്നതും പരിവാഹൻ സൈറ്റിൽ അടക്കം തിരുത്തലുകൾ വരുത്തുന്നതും തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## <u>മോട്ടോർ വാഹന വകുപ്പിലെ സ്ഥലംമാറ്റം</u>

3886 **ശ്രീ. എൻ. ഷംസുദ്ദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിനും നിയമനത്തിനുമായുള്ള പൊതു മാനദണ്ഡങ്ങളും, മാർഗ്ഗനിർദേശങ്ങളും പ്രതിപാദിക്കുന്ന ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 25.02.2017-ലെ സ. ഉ. (പി) നം. 3/2017/ഉഭപവ പ്രകാരമുള്ള ഉത്തരവിന് അനുസൃതമായാണോ മോട്ടോർ വാഹന വകുപ്പിലെ പൊതു സ്ഥലംമാറ്റം നടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സ്പാർക്കിലെ സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണോ എം.വി.ഡി. മാരുടെ സ്ഥലംമാറ്റം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സ്പാർക്കിൽ പ്രോഗ്രാം ഹാക്ക് ചെയ്താണ് ട്രാൻസ്ഫർ നടത്തിയിട്ടുള്ളത് എന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഹാക്ക് ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ എത്ര കേസുകൾ നിലവിലുണ്ട്; വിശദാംശം നൽകുമോ?

**മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഒഴിവുകൾ നികത്താൻ നടപടി**

3887 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പിൽ നിലവിൽ എ.എം.വി.ഐ. മുതൽ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ വരെയുള്ള തസ്തികകളിലെ ഒഴിവുകൾ തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

**സബ്-ആർ. ടി. ഓഫീസുകളിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി**

3888 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവസാനം രൂപീകരിച്ച 13 സബ്-ആർ. ടി. ഓഫീസുകളിൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറുടെയും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറുടെയും എണ്ണം മറ്റുള്ള ഓഫീസുകളെക്കാളും കുറവാണെന്നുള്ളതും അത് ഓഫീസുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ടെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ഓരോ സബ്-ആർ. ടി. ഓഫീസുകളിലുമുള്ള മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും അംഗബലം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ അവസാനം രൂപീകരിച്ച സബ് ആർ. ടി. ഓഫീസുകളിൽ കുറവുള്ള പ്രസ്തുത തസ്തികകൾ സൃഷ്ടിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

**ഫാക്ടറി പരിസരത്തുമാത്രം ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് വാഹന നികുതി**

3889 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗിക്കാത്തതും അല്ലെങ്കിൽ ഫാക്ടറിയിൽ മാത്രം ഉപയോഗിക്കുന്നതുമായ വാഹനങ്ങൾക്ക് വാഹന നികുതി അടക്കേണ്ടതില്ല എന്ന സുപ്രീം കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ വിധി നടപ്പാക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ?

**<u>കർണ്ണാടക ട്രാൻസ്പോർട്ട് ബസുകളുടെ അമിതവേഗം</u>**

3890 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർണ്ണാടക ട്രാൻസ്പോർട്ട് ബസുകളുടെ അമിതവേഗം യാത്രക്കാരുടെ ജീവന് വലിയ ഭീഷണിയായി മാറുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ദിവസങ്ങൾക്ക് മുമ്പ് കേരളാ അതിർത്തിയിൽ കർണ്ണാടക ട്രാൻസ്പോർട്ട് ബസ് ഓട്ടോയിലിടിച്ച് 6 യാത്രക്കാർക്ക് ജീവഹാനി ഉണ്ടായ സംഭവത്തിൽ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) വാഹനപരിശോധനകളിൽ കർണ്ണാടക ബസുകൾ കൂടി പരിശോധിക്കുന്നതിൽ മോട്ടോർ വാഹന വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ?

**<u>വാഹന നികുതി കുടിശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി</u>**

3891 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ വാഹന നികുതി കുടിശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുമോ; നടപ്പാക്കുമെങ്കിൽ എന്നുമുതൽ എന്ന് വ്യക്തമാക്കാമോ;

(ബി) തങ്ങളുടെ പേരിലുള്ള വാഹന നികുതി കുടിശികയെ പറ്റി അജ്ഞരായ നിരവധി ആളുകളുടെ ഭൂമി ജപ്തി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട താലൂക്ക്, വില്ലേജ് ഓഫീസുകളിൽ നിർദ്ദേശമെത്തിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരത്തിൽ ജപ്തി ഭീഷണി നേരിടുന്ന പലരും വർഷങ്ങൾക്കു മുൻപ് വാഹനങ്ങൾ മറ്റുള്ളവർക്ക് വില്പന നടത്തിയവരോ അല്ലെങ്കിൽ വാഹനങ്ങൾ ഉപയോഗശൂന്യമായതിനാൽ ഒഴിവാക്കിയവരോ വാഹനങ്ങൾ നശിച്ചു പോയവരോ ആണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഇത്തരത്തിൽ നികുതി കുടിശിക വന്ന് ജപ്തി ഭീഷണി നേരിടുന്നവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിശിക തീർക്കുന്നതിന് അവസരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) ഇത്തരത്തിൽ വാഹന നികുതി കുടിശികയുടെ പേരിൽ ജപ്തി നടപടി വന്നിട്ടുള്ളവരുടെ വിവരം തുകകളും ജില്ലകളും തിരിച്ച് വിശദമാക്കാമോ;

(എഫ്) ഇത്തരത്തിൽ വാഹന നികുതി കുടിശിക ഒടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി മുൻവർഷങ്ങളിൽ നടപ്പാക്കിയിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ജി) ഉപയോഗശൂന്യമായതിനാൽ പൊളിച്ചു മാറ്റുന്നതിനുള്ള അനുമതിക്കായി ബന്ധപ്പെട്ട ഓഫീസുകളിൽ അപേക്ഷ നൽകിയ വാഹനങ്ങളുടെ ഉടമസ്ഥർക്കും വാഹനം വില്പന നടത്തിയപ്പോൾ വാങ്ങിയ ആളിന്റെ പേരിലേക്ക് രേഖകൾ രജിസ്റ്റർ ചെയ്യുന്നതിന് എൻ.ഒ.സി. ലഭിച്ചവർക്കും കുടിശിക ജപ്തി നോട്ടീസുകൾ ലഭിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ?

## ഫെയ്സ്‌ലെസ് അപേക്ഷാ സംവിധാനം കാര്യക്ഷമമാക്കാൻ നടപടി

3892 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെ സേവനം വേഗത്തിലാക്കുന്നതിനായി കൊണ്ടുവന്ന ഫെയ്സ്‌ലെസ് അപേക്ഷാ സംവിധാനത്തിന്റെ പ്രധാനലക്ഷ്യം എന്താണ്; വ്യക്തമാക്കാമോ;

(ബി) ഡ്യൂപ്ലിക്കേറ്റ് ആർ.സി. ഉൾപ്പെടെയുള്ള അപേക്ഷ നൽകുന്ന അപേക്ഷകരെ ഉദ്യോഗസ്ഥർ വീണ്ടും വിളിച്ചുവരുത്തുന്നത് എന്തു കാരണം ചൂണ്ടിക്കാട്ടിയാണ്; വ്യക്തമാക്കാമോ;

(സി) പഴയ സംവിധാനത്തിലെന്നപോലെ അപേക്ഷകർ നേരിട്ട് ഹാജരാകേണ്ടി വരുന്ന സാഹചര്യം തുടരുന്നതുമൂലമുണ്ടാകുന്ന അഴിമതി സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) അപേക്ഷകൾ സോഫ്റ്റ്‌വെയർ വഴി മറ്റു ജില്ലകളിലേക്ക് കൈമാറുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## ബസുകളുടെ പെർമിറ്റ് സംബന്ധിച്ച്

3893 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ബസുകളുടെ നഗരപ്രവേശനത്തിന് അനുമതി ലഭിച്ചശേഷം പെർമിറ്റിനായി എത്ര അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടെന്നും എത്ര ബസുകൾക്ക് പെർമിറ്റ് അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം റൂട്ടുകളിലെന്നും വിശദമാക്കാമോ;

(ബി) പെർമിറ്റ് അനുവദിച്ച എത്ര ബസുകൾക്ക് ടൈം ഷെഡ്യൂൾ ലഭ്യമായിട്ടുണ്ടെന്നും മറ്റ് ബസുകൾക്ക് ടൈം ഷെഡ്യൂൾ നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം എന്തെല്ലാമെന്നും വിശദമാക്കാമോ;

(സി) പെർമിറ്റ് അനുവദിച്ചിട്ടും ടൈം ഷെഡ്യൂൾ ലഭ്യമാകാത്തതിനാൽ ബസുടമകൾ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ടൈം ഷെഡ്യൂൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; ഇത് എപ്പോൾ ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## മത്സ്യസംഘങ്ങൾക്ക് ധനസഹായം

3894 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ വട്ടിപ്പലിശക്കാരിൽ നിന്നും പണം കടമെടുക്കുന്നതുമൂലം കഷ്ടത അനുഭവിക്കുന്നത് തടയാൻ മത്സ്യസംഘങ്ങൾക്ക് കൂടുതൽ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) മത്സ്യസംഘങ്ങൾ വഴി പലിശരഹിത ഹ്രസ്വകാല വായ്പ അനുവദിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യ സംഘങ്ങളെ ശക്തിപ്പെടുത്തി മത്സ്യ തൊഴിലാളികളുടെ ആവശ്യങ്ങൾ നിറവേറ്റാൻ പുതിയ പദ്ധതികൾ ഈ സംഘങ്ങൾ മുഖേന നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

### മത്സ്യത്തൊഴിലാളികളുടെ പഠന പുരോഗതിയും ഉന്നമനവും

3895 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ പഠന പുരോഗതിക്കും ഉന്നമനത്തിനുമായി പദ്ധതികളുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) എങ്കിൽ കോഴിക്കോട് ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

### പാലക്കോട് ഫിഷ് ലാൻഡിങ് സെന്റർ നവീകരിക്കുന്ന നടപടി

3896 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പാലക്കോട് ഫിഷ് ലാൻഡിങ് സെന്റർ നവീകരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പാലക്കോട് ഫിഷ് ലാൻഡിങ് സെന്റർ നവീകരിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ?

### കുളങ്ങളിലെ മത്സ്യകൃഷി

3897 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു/സ്വകാര്യ കുളങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക വഴി കുളങ്ങൾ നികത്തപ്പെടുന്നതും മലിനീകരിക്കപ്പെടുന്നതും ഒഴിവാകുന്നതിനോടൊപ്പം വരുമാനദായകവുമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ പൊതു കുളങ്ങളിലും സ്വകാര്യ കുളങ്ങളിലും സൗജന്യമായി വളർത്തു മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

**കാസർഗോഡ് മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾ**

3898 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിൽ എത്ര മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളും ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവരിൽ സ്ഥിരമായി വീടില്ലാത്തതും റേഷൻ കാർഡ് ഇല്ലാത്തതും വൈദ്യുതി, ശൗചാലയം തുടങ്ങിയ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതുമായ എത്ര കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) റേഷൻ കാർഡ് ഉള്ള പ്രസ്തുത തൊഴിലാളികളിൽ ബി. പി. എൽ. റേഷൻ കാർഡിന് അർഹത ഉണ്ടായിട്ടും എ. പി. എൽ. വിഭാഗത്തിൽ ഉൾപ്പെട്ടവർ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രതികൂല സാഹചര്യങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത ദിനങ്ങളിൽ ജീവിക്കാനുള്ള വരുമാനമില്ലാതെ പ്രയാസപ്പെടുമ്പോൾ എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത തൊഴിലാളികൾക്കായി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പിന്റെ പ്രവൃത്തികൾ**

3899 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ മത്സ്യബന്ധന വകുപ്പ് എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പേരും അതിന് അനുവദിച്ച ഫണ്ടും സംബന്ധിച്ച വിവരം വിശദമാക്കാമോ;

(സി) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

**ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ**

3900 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പ് മുഖേന മത്സ്യത്തൊഴിലാളികൾക്കും അവരുടെ കുടുംബത്തിനുമായി നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ എന്തെല്ലാമാണ്; വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് നോർത്ത്

മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; എത്ര തുക ഏതെല്ലാം പദ്ധതികൾക്ക് വിനിയോഗിച്ചു; വിശദമാക്കാമോ;

(ഡി) ഭാവിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്?

## <u>മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി</u>

3901 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമായിട്ടുള്ള കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ എണ്ണം മണ്ഡലം തിരിച്ച് അറിയിക്കാമോ;

(ബി) മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയിലെ സംസ്ഥാന സർക്കാർ വിഹിതവും കേന്ദ്രസർക്കാർ വിഹിതവും എത്രയാണെന്നതിന്റെ വിശദവിവരവും 2021 മുതൽ നാളിതുവരെ സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും ലഭ്യമാക്കിയിട്ടുള്ള വിഹിതം എത്രയാണെന്നും പ്രത്യേകം അറിയിക്കാമോ;

(ഡി) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് തുക വകയിരുത്തുന്നത് എപ്രകാരമാണെന്ന് വിശദമാക്കാമോ;

(ഇ) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്ന് ആനുകൂല്യം ലഭ്യമായിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ എണ്ണം മണ്ഡലം തിരിച്ച് അറിയിക്കാമോ;

(എഫ്) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങൾ ആയിട്ടുള്ള ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ എണ്ണവും അവർക്ക് പ്രതിമാസം നൽകുന്ന തുകയും എത്രയാണെന്ന് മണ്ഡലം തിരിച്ചു ലഭ്യമാക്കാമോ;

(ജി) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മത്സ്യ ത്തൊഴിലാളി കടാശ്വാസ പദ്ധതിയിൽ നിന്നും മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യവും വിഹിതവും 2021 മുതൽ നാളിതുവരേക്കും ഏതെല്ലാം മാസങ്ങളിൽ മുടങ്ങിയിട്ടുണ്ടെന്നും അതിനുള്ള കാരണം എന്താണെന്നും പ്രത്യേകം അറിയിക്കാമോ?

## <u>മാലിപ്പുറം, ഞാറയ്ക്കൽ ഫിഷ് ഫാമുകളുടെ പുനരുദ്ധാരണം</u>

3902 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മണ്ഡലമായ വൈപ്പിൻകരയിൽ വർഷങ്ങളായി പ്രവർത്തിക്കുന്ന മാലിപ്പുറം, ഞാറയ്ക്കൽ ഫിഷ് ഫാമുകളുടെ പുനരുദ്ധാരണത്തിനായി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഫാമുകളിൽ നിന്നും ഫിഷറീസ് വകുപ്പിന് 2021 മുതൽ ലഭിച്ചിട്ടുള്ള വരുമാനവും, ചെലവും എത്രയെന്ന് വിശദമാക്കാമോ;

(സി) മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ദ്വീപ് മണ്ഡലമായ വൈപ്പിൻ കരയിൽ പ്രവർത്തിക്കുന്ന പ്രസ്തുത ഫിഷ് ഫാമുകളുടെ സാധ്യതകൾ കണക്കിലെടുത്ത് അവയുടെ പുനരുദ്ധാരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## നല്ലോണം മീനോണം പദ്ധതി

3903 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നല്ലോണം മീനോണം പദ്ധതിയുടെ ഭാഗമായി എത്ര കേന്ദ്രങ്ങളിൽ മത്സ്യ വിളവെടുപ്പ് നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്; എത്രത്തോളം മത്സ്യം ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) മത്സ്യ കൃഷിയുടെ വ്യാപനത്തിനും ആയതിലെ അറിവ് വർദ്ധിപ്പിക്കുന്നതിനുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്; വിശദാംശം നൽകാമോ;

(സി) പൊതു ജലാശയങ്ങളിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## പയ്യന്നൂരിലെ ഫിഷറീസ് കോളജിന് പുതിയ കെട്ടിടം

3904 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിലെ ഫിഷറീസ് കോളജിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണ്; ആയതിന്റെ തുടർനടപടികൾ ഏത് ഘട്ടത്തിലാണ് എന്നും വിശദമാക്കാമോ;

(ബി) പുതിയ കെട്ടിടത്തിന്റെ ഡി. പി. ആർ. തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയത് എന്ന് അറിയിക്കാമോ;

(സി) പുതിയ കെട്ടിട നിർമ്മാണം വേഗത്തിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

3905 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. ടി.ഐ.മധുസൂദനൻ**

**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുവാൻ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

**മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ**

3906 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാവിഭാഗം മത്സ്യത്തൊഴിലാളികളുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ നാടൻ മത്സ്യക്കുഞ്ഞുങ്ങളുടെ ഉൾപ്പെടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനും കൂടുതൽ പദ്ധതികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**പുനർഗേഹം പദ്ധതിയുടെ വൈപ്പിൻ മണ്ഡലത്തിലെ നിലവിലെ സ്ഥിതി**

3907 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതിയുടെ വൈപ്പിൻ മണ്ഡലത്തിലെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർ കടൽത്തീരത്ത് നിന്നും മാറി താമസിച്ചിട്ടുണ്ടെന്നും എത്ര പേർ മാറി താമസിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) കടൽത്തീരത്ത് നിന്നും അൻപത് മീറ്ററിനപ്പുറം താമസിക്കുന്നവരെ കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന നിർദേശത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വിശദമാക്കാമോ?

**കല്ല്യാശ്ശേരി മണ്ഡലത്തിൽ മത്സ്യബന്ധന, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകൾ നടപ്പിലാക്കിയ പദ്ധതികൾ**

3908 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ മത്സ്യബന്ധന, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകൾ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിലെ മാട്ടൂൽ മാതൃകാ മത്സ്യഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

## <u>ആലപ്പുഴ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന അനുവദിച്ച പ്രവൃത്തികൾ</u>

3909 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ ആലപ്പുഴ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന അനുവദിച്ച പ്രവൃത്തികൾ, അനുവദിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവ വിശദമാക്കാമോ;

(ബി) ആലപ്പുഴ മണ്ഡലത്തിൽ തീരദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുള്ള റോഡുകൾ ഏതൊക്കെയെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതിയെന്താണെന്നുമുള്ള വിശദവിവരം നല്കാമോ;

(സി) തീരദേശ വികസന കോർപ്പറേഷന്റെ നിർവഹണ ചുമതലയിൽ ആലപ്പുഴ മണ്ഡലത്തിൽ നടന്നുവരുന്ന മത്സ്യ മാർക്കറ്റുകൾ, ഹാർബർ നിർമ്മാണം എന്നിവയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

## <u>മാവേലിക്കര മണ്ഡലത്തിലെ മത്സ്യബന്ധനവകുപ്പ് പ്രവൃത്തികൾ</u>

3910 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ മാവേലിക്കര മണ്ഡലത്തിൽ മത്സ്യബന്ധനവകുപ്പ് മുഖാന്തിരം അനുവദിച്ചതും നടപ്പിലാക്കിയതുമായ വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങളും അവയുടെ തൽസ്ഥിതി വിവരവും ലഭ്യമാക്കാമോ?

## <u>ഉൾനാടൻ മത്സ്യകൃഷി</u>

3911 **ശ്രീമതി സി. കെ. ആശ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മത്സ്യത്തിന്റെയും ഭക്ഷ്യയോഗ്യമായ മറ്റ് ജലജീവികളുടെയും കൃഷിയിലുണ്ടായിട്ടുള്ള പുരോഗതി എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രകൃതിക്ഷോഭം, രോഗബാധ എന്നിവ മൂലം മത്സ്യകർഷകർ നേരിടുന്ന പ്രതിസന്ധികളെ അതിജീവിക്കുന്നതിന് ലഭ്യമാക്കിയ സഹായങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) മത്സ്യം, ഭക്ഷ്യയോഗ്യമായ മറ്റ് ജലജീവികൾ എന്നിവയുടെ കൃഷിക്ക് അനുവദിച്ചിട്ടുള്ള സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കർഷകർക്ക് മത്സ്യവിത്തുകൾ ഉൾപ്പെടെയുള്ള ഉല്പാദന ഉപാധികൾ ലഭ്യമാക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഞാറക്കൽ ഫിഷ്ഫാം**

3912 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കൽ ഫിഷ്ഫാമിന്റെ മൊത്തം വിസ്തീർണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഞാറക്കൽ ഫിഷ്ഫാമിൽ നിന്നും മത്സ്യഫെഡിന് പാട്ടത്തിന് നൽകിയ സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയെന്നും എന്നാണ് പാട്ടത്തിന് നൽകിയതെന്നും എത്ര വർഷത്തേക്കാണ് പാട്ടത്തിന് നൽകിയതെന്നും പാട്ടക്കാലാവധി എന്നാണ് അവസാനിക്കുന്നതെന്നും വിശദമാക്കാമോ;

(സി) ഞാറക്കൽ ഫാമിലെ ഉപയോഗിക്കാത്ത 5.8 ഹെക്ടർ സ്ഥലം 22.12.2020-ാം തീയതിയിലെ സ.ഉ.(സാധാ) നം.740/2020/മ.തു.വ പ്രകാരം 5 വർഷത്തേക്ക് അക്വാകൾച്ചർ ഡെവലപ്മെന്റിനായി അഡാക്കിന് (ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള) പാട്ടത്തിനു നൽകുന്നതിന് ഉത്തരവായിട്ടും പ്രസ്തുത സ്ഥലം മത്സ്യഫെഡിൽ നിന്നും അഡാക്കിന് കൈമാറാതിരുന്നതിന്റെ കാരണം വിശദമാക്കാമോ;

(ഡി) മേൽ നമ്പർ ഉത്തരവ് പുതുക്കി ഞാറക്കൽ ഫാമിലെ ഉപയോഗിക്കാതെ കിടക്കുന്ന 5.8 ഹെക്ടർ സ്ഥലം അക്വാകൾച്ചർ ഡെവലപ്മെന്റിനായി വിനിയോഗിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

**പൂഞ്ഞാർ മണ്ഡലത്തിലെ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹന പദ്ധതികൾ**

3913 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പൂഞ്ഞാർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ ?

**ഫിഷറീസ് വകുപ്പിന്റെ പരസ്യത്തിനായി ചെലവഴിച്ച തുക**

3914 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം;

പരസ്യം നൽകിയ സ്ഥാപനം; പരസ്യത്തിനായി ചെലവഴിച്ച തുക; ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്; പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം; ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്; ഈ കാലയളവിൽ പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക; എന്നിവ വ്യക്തമാക്കാമോ?

## പനച്ചമൂട് മത്സ്യമാർക്കറ്റ് നവീകരണം

3915 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പാറശ്ശാല മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കാമോ;

(ബി) കിഫ്ബിയുടെ ധനസഹായത്തോടെ തീരദേശ വികസന കോർപ്പറേഷൻ നിർവഹണ ഏജൻസിയായുള്ള പനച്ചമൂട് മത്സ്യമാർക്കറ്റ് നവീകരണം എന്ന പ്രവൃത്തിയുടെ തൽസ്ഥിതി അറിയിക്കാമോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തിയാക്കാനുള്ളത് എന്ന് ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് സാങ്കേതിക അനുമതി ലഭ്യമായപ്പോൾ ഉള്ള എസ്റ്റിമേറ്റിൽ എന്തൊക്കെ പ്രവൃത്തികളാണ് നിർവഹണത്തിന്റെ സമയത്ത് ഒഴിവാക്കിയത്; ആയതിന്റെ കാര്യകാരണങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ പ്ലാൻ അപ്രൂവൽ, ഫയർ എൻ. ഒ. സി. എന്നിവ ലഭ്യമായിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; പദ്ധതിയുടെ ഭാഗമായുള്ള കോൾഡ് സ്റ്റോറേജ്, എഫ്ലുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; വിവരം അറിയിക്കാമോ?

## വാമനപുരം മണ്ഡലത്തിലെ ആധുനിക ഫിഷ് മാർക്കറ്റ് നിർമ്മാണം

3916 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരം നിർമ്മിക്കുന്ന ആധുനിക ഫിഷ് മാർക്കറ്റിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി എന്താണെന്നും പ്രവൃത്തി എന്ന് പൂർത്തിയാക്കാനാകുമെന്നും വിശദമാക്കാമോ?

## കുറ്റ്യാടി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കിയ പദ്ധതികൾ

3917 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 വർഷം മുതൽ ഇതുവരെയായി കുറ്റ്യാടി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

ഏതൊക്കെയാണെന്ന് പദ്ധതിയുടെ പേരും അടങ്കൽ തുകയും വിശദാംശവും സഹിതം പ്രദേശം തിരിച്ച് വിശദമാക്കാമോ;

(ബി) 2021 വർഷം മുതൽ ഇതുവരെയായി കുറ്റ്യാടി മണ്ഡലത്തിൽ മത്സ്യ കൃഷിക്കായി ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് പദ്ധതിയുടെ പ്രത്യേകതകൾ, നടപ്പിലാക്കിയ സ്ഥലം എന്നിവ സഹിതം വിശദമാക്കാമോ; ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കിയത് വഴി മത്സ്യ ഉല്പാദനം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ തീരദേശ പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ**

3918 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ 2021-22 മുതൽ 2025-26 വരെ തീരദേശ പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) മേൽ പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലെ പുരോഗതി എന്തെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

3919 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാനുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(സി) പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) തീരദേശ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളിൽ എഗ്രിമെന്റ് വെച്ചതിനുശേഷം കരാറുകാരന്റെ അനാസ്ഥ കാരണം നടപ്പിലാകാത്ത പദ്ധതികൾ ഉണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**പരസ്യത്തിനായി ചെലവഴിച്ച തുക**

3920 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശങ്ങൾ, പരസ്യം നൽകിയ സ്ഥാപനം പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ

തെരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, ഈ കാലയളവിൽ പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സഹിതം വ്യക്തമാക്കുമോ?

## എറണാകുളം മണ്ഡലത്തിൽ സാംസ്കാരിക കാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ നടക്കുന്ന പദ്ധതികൾ

3921 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എറണാകുളം മണ്ഡലത്തിൽ സാംസ്കാരിക കാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ നടക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകാമോ?

## ഹേമാ കമ്മിറ്റി റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ പരാതികൾ പരിശോധിക്കാൻ നടപടി

3922 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹേമാ കമ്മിറ്റി റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ തൊഴിലിടങ്ങളിലെ ലൈംഗിക പീഡന പരാതികൾ പരിശോധിക്കാൻ സർക്കാർ പുതുതായി എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സിനിമാ മേഖലയിൽ സ്വതന്ത്രമായ അഭിപ്രായ പ്രകടനം നടത്തുന്ന സ്ത്രീകൾക്ക് അവഗണനയും അവസരനിഷേധവും നേരിടുന്നുവെന്നുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## കണ്ണപുരം കലാഗ്രാമം

3923 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ ഫോക്ക് ലോർ അക്കാഡമിക്ക് കീഴിൽ കണ്ണപുരം കലാഗ്രാമം എന്ന സ്ഥാപനം സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിന് സാംസ്കാരിക കാര്യ വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## അബ്ദുറഹ്മാൻ സാഹിബ് സാംസ്കാരിക സമുച്ചയത്തിനുള്ള സ്ഥലം

3924 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ ഏറനാട് താലൂക്കിൽ നവോത്ഥാന നായകൻ അബ്ദുറഹ്മാൻ സാഹിബിന്റെ നാമധേയത്തിൽ 39.67 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിനായി സ്ഥലം കണ്ടെത്തിയിട്ടുള്ളത് എവിടെയാണെന്നും പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ; വിശദമാക്കുമോ;

(ബി) സാംസ്കാരിക കാര്യ വകുപ്പിന് കൈമാറി നൽകിയ ഏറനാട് താലൂക്ക് മലപ്പുറം വില്ലേജിലെ ഭൂമിയിൽ മണ്ണിടിച്ചിലിന് സാധ്യതയുള്ളതിനാൽ പ്രസ്തുത ഭൂമിക്ക്

പകരമായി ഭൂമി കണ്ടെത്തുന്നതിന് നൽകിയ നിർദേശപ്രകാരം മലപ്പുറം ജില്ലാ കളക്ടർ ഭൂമി സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണം എന്താണെന്ന് വിശദമാക്കുമോ?

**കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ പയ്യന്നൂർ തിയേറ്റർ കോംപ്ലക്സ് നിർമ്മാണം**

3925 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ പയ്യന്നൂർ തിയേറ്റർ കോംപ്ലക്സ് നിർമ്മാണ പദ്ധതിയുടെ നിലവിലെ പുരോഗതി എന്താണെന്ന് വിശദമാക്കാമോ;

(ബി) തിയേറ്റർ കോംപ്ലക്സ് നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാകാതിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; അറിയിക്കാമോ;

(സി) നിലവിൽ തിയേറ്ററിന്റെ എത്ര ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഇനിയും പൂർത്തിയാകാത്ത പ്രവൃത്തികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; പണി നിർത്തി വയ്ക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ ;

(ഡി) പ്രവൃത്തികൾ പൂർത്തീകരിച്ച് തിയേറ്റർ കോംപ്ലക്സിന്റെ ഉദ്ഘാടനം എന്ന് നടത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**യുവജനക്ഷേമ പ്രവർത്തനങ്ങൾ**

3926 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനങ്ങളുടെ ക്ഷേമത്തിനായി നിലവിൽ പ്രവർത്തിക്കുന്ന സർക്കാർ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) യുവജനങ്ങൾക്കിടയിലെ ലഹരി ഉപയോഗം, അക്രമവാസന എന്നിവ വർദ്ധിച്ചതിനുള്ള കാരണങ്ങൾ കണ്ടെത്താനായി സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പഠനത്തിന്റെ നിഗമനങ്ങളും നിർദേശങ്ങളും എന്തെല്ലാമാണ്;

(സി) യുവജനങ്ങൾക്കിടയിലെ ലഹരി ഉപയോഗവും അക്രമവാസനയും നിയന്ത്രിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

**യുവജനങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

3927 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ഓരോ പദ്ധതിക്കുമായി എത്ര തുക ചെലവഴിച്ചുവെന്നും ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) യുവജനക്ഷേമ വകുപ്പ് ജില്ലകളിൽ പ്രത്യേക സിറ്റിംഗുകൾ നടത്തിയിരുന്നോ; എങ്കിൽ പ്രസ്തുത സിറ്റിങ്ങുകളിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(സി) ഏറനാട് മണ്ഡലത്തിൽ ഈ കാലയളവിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ; പ്രസ്തുത മണ്ഡലത്തിൽ പുതിയ എന്തെല്ലാം പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകാമോ?

## യുവജനകാര്യവകുപ്പ് പദ്ധതികൾ

3928 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതരായ യുവജനങ്ങളെ സഹായിക്കുന്നതിനായി യുവജനകാര്യവകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) മത്സരപരീക്ഷകൾ നേരിടുന്നതിനുവേണ്ടി യുവജനങ്ങളെ പ്രാപ്തമാക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

## പശുക്കളുടെ അകിടുവീക്കം നിയന്ത്രിക്കുന്ന സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ

3929 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പശുക്കൾക്കിടയിൽ വർദ്ധിച്ചുവരുന്ന അകിടുവീക്കം നിയന്ത്രിക്കുന്നതിന് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

## വ്യവസായിക ഫാമുകൾക്കുള്ള ആനുകൂല്യങ്ങൾ

3930 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം, പത്തനംതിട്ട ജില്ലകളിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയ സവിശേഷ പദ്ധതികൾ അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് വ്യാവസായികമായി ഫാമുകൾ നടത്തുന്നവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ വിശദമാക്കാമോ; പ്രസ്തുത ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) മൃഗസംരക്ഷണത്തിന്റെ ഭാഗമായി ആട്, കോഴി, പശു, എരുമ എന്നിവയുടെ വിവിധ തദ്ദേശീയ ഇനങ്ങളെ പരിപാലിക്കുന്ന സ്വകാര്യ സംരംഭകർക്ക് എന്തൊക്കെ

സവിശേഷ ആനുകൂല്യങ്ങളാണ് നല്കി വരുന്നത്; ഇല്ലെങ്കിൽ പ്രത്യേക ആനുകൂല്യം പുതുതായി ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ?

**പൂഞ്ഞാർ മണ്ഡലത്തിലെ മൃഗസംരക്ഷണ-ക്ഷീരവികസന പദ്ധതികൾ**

3931 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് വഴി പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ**

3932 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് അനുവദിച്ച പദ്ധതികളുടെയും പുതുതായി ആരംഭിച്ച കർമ്മപരിപാടികളുടെയും അനുവദിച്ച തുകയടക്കമുള്ള വിശദാംശം അറിയിക്കാമോ?

**വളർത്തു മൃഗങ്ങളുടെ വിപണനത്തിന് ഓൺലൈൻ പ്ലാറ്റ്ഫോം**

3933 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതലമുറയിലെ കർഷകരെയും കർഷകസംരംഭകരെയും മൃഗസംരക്ഷണമേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് വാണിജ്യാടിസ്ഥാനത്തിൽ അരുമ മൃഗങ്ങളെ വളർത്തുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വാണിജ്യാടിസ്ഥാനത്തിലുള്ള വളർത്തുമൃഗങ്ങളുടെയും അരുമ മൃഗങ്ങളുടെയും പരിപാലനം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നത് പരിഗണിച്ച് പ്രസ്തുത മേഖലയ്ക്ക് ഉത്തേജനം നൽകുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) അരുമ മൃഗങ്ങളുടെയും വളർത്തു മൃഗങ്ങളുടെയും വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി ഡിജിറ്റൽ ഓൺലൈൻ പ്ലാറ്റ്ഫോം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) അരുമ മൃഗങ്ങളുടെയും വളർത്തു മൃഗങ്ങളുടെയും നിയമ വിരുദ്ധമായ വിപണനം, വളർത്തു മൃഗങ്ങളെ തെരുവിൽ ഉപേക്ഷിക്കൽ, ഇടനിലക്കാരുടെ ചൂഷണം എന്നിവ നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പരസ്യങ്ങൾ**

3934 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശങ്ങൾ, പരസ്യം നൽകിയ സ്ഥാപനം പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, ഈ കാലയളവിൽ പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

## ജന്തുക്ഷേമ ബോർഡ്

3935 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജന്തുക്ഷേമ ബോർഡ് പുനഃസംഘടിപ്പിച്ച് ഏപ്രിൽ മാസം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ആരെല്ലാമാണ് അംഗങ്ങൾ; ബോർഡിന്റെ ഘടന വിശദമാക്കാമോ; ഏതെങ്കിലും അംഗങ്ങളെ ഇനിയും ബോർഡിൽ നോമിനേറ്റ് ചെയ്യാനുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) കേന്ദ്ര ബോർഡിനും സംസ്ഥാന ബോർഡിനും ചുമതലകൾ വിഭജിച്ചു നൽകിയിട്ടുണ്ടോ; എത്ര നാളാണ് ഒരു ബോർഡിന്റെ കാലാവധി; കഴിഞ്ഞ ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു; വ്യക്തമാക്കാമോ;

(സി) സംസ്ഥാന ബോർഡ് പുനഃസംഘടിപ്പിച്ച ശേഷം എത്ര യോഗങ്ങൾ ചേർന്നു; എന്തെല്ലാം കാര്യങ്ങളാണ് ചർച്ച ചെയ്തത്; സംസ്ഥാനത്തെ തെരുവുനായശല്യം, തെരുവുനായ്ക്കളുടെ സംരക്ഷണം തുടങ്ങിയ വിഷയങ്ങൾ ബോർഡ് ചർച്ച ചെയ്തോ; മുൻപ് ചർച്ച ചെയ്തിട്ടുണ്ടോ; എന്തെല്ലാം നടപടികളാണ് ഈ വിഷയത്തിൽ ബോർഡ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## കുറ്റ്യാടി മണ്ഡലത്തിലെ മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പുകൾ നടത്തിയ പ്രവർത്തനങ്ങൾ

3936 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിലായി മുട്ട, പാൽ, ഇറച്ചി എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി ഉണ്ടായ നേട്ടങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

3937 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൃഗസംരക്ഷണ വകുപ്പ് വഴി കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പദ്ധതിയ്ക്കുമായി ചെലവഴിച്ച തുക എത്ര വീതമാണെന്ന് വിശദമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

## <u>ഗോട്ട് സാറ്റലൈറ്റ് പദ്ധതി</u>

3938 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒൻപത് വർഷങ്ങളിൽ സംസ്ഥാനത്ത് ഗോട്ട് സാറ്റലൈറ്റ് പദ്ധതിയിലൂടെ എത്ര രൂപയുടെ ധനസഹായം കർഷകർക്ക് നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

## <u>കന്നുകുട്ടി പരിപാലനം, ഗോവർധിനി പദ്ധതികൾ</u>

3939 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർധിനി പദ്ധതി എന്നീ പദ്ധതികളിലൂടെ ഇതിനോടകം എത്ര പശുക്കുട്ടികളെ വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഏറ്റെടുക്കുന്ന പശുക്കുട്ടികളെ പരിപാലിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിൽ ഉള്ളത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; വ്യക്തമാക്കാമോ;

(ഡി) എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതികൾ വ്യാപിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## <u>കിടാരികൾക്കും കറവപ്പശുക്കളുടേയും ആരോഗ്യ നിലവാരം</u>

3940 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ പദ്ധതികൾ പ്രയോജനപ്പെടുത്തി അന്യസംസ്ഥാനങ്ങളിൽ നിന്നും കിടാരികളെയും കറവപ്പശുക്കളെയും വാങ്ങുന്ന സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് വാങ്ങുന്നതിനു മുൻപ് അവയുടെ ആരോഗ്യ നിലവാരം ഉറപ്പു വരുത്തുന്നതിനുള്ള സംവിധാനം നിലവിലില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി ക്ഷീരകർഷകർക്ക് നല്ലയിനം കിടാരികളെയും കറവപ്പശുക്കളെയും വാങ്ങിക്കൊടുക്കുന്നതിന് സർക്കാർ തലത്തിൽ ഒരു വിദഗ്ധ സമിതി രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) ഉടമസ്ഥാവകാശം ഒരു വ്യക്തിയിൽ നിന്നും മറ്റൊരു വ്യക്തിയിലേക്ക് മാറിയാൽ മാടുകളുടെ ഇൻഷുറൻസ് പരിരക്ഷ റദ്ദായി പോകുന്ന നിലവിലെ അവസ്ഥ

ഒഴിവാക്കി ഉടമസ്ഥൻ മാറിയാലും ഇൻഷുറൻസ് പരിരക്ഷ നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) കയ്പമംഗലം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കയ്പമംഗലം ലൈവ്സ്റ്റോക്ക് പ്രൊഡ്യൂസേഴ്സ് കമ്പനിയെ വളർത്തു മൃഗങ്ങളുടെ വിതരണം നടത്തുന്ന സർക്കാർ ഏജൻസിയായി ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്?

**മൃഗക്ഷേമ പ്രവർത്തനങ്ങൾ**

3941 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഏതെല്ലാം സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്; ആരാണ് ഇത്തരം സംഘടനകൾക്ക് അംഗീകാരം നൽകുന്നത്; പ്രസ്തുത സംഘടനകൾ രജിസ്ട്രേഷൻ നടത്തി പ്രവർത്തിക്കുന്നവയാണോ; വ്യക്തമാക്കുമോ;

(ബി) സർക്കാരിന്റെ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളിൽ ഈ സംഘടനകൾ സഹകരിക്കാറുണ്ടോ; എങ്കിൽ നിലവിൽ ഇങ്ങനെ സഹകരിക്കുന്ന എത്ര സംഘടനകൾ ഉണ്ടെന്ന് അറിയിക്കുമോ;

(സി) തെരുവുനായ്ക്കളുടെ സംരക്ഷണം, എ.ബി.സി (അനിമൽ ബെർത്ത് കൺട്രോൾ), തെരുവുനായ്ക്കളിൽ നിന്നു പൊതുജനങ്ങൾക്കു കടിയേൽക്കുന്ന സംഭവങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ഇത്തരം മൃഗക്ഷേമ സംഘടനകൾ എന്തെല്ലാം പരിഹാര മാർഗനിർദേശങ്ങളാണ് രേഖാമൂലം സമർപ്പിച്ചിട്ടുള്ളത്; ഇത്തരം നിർദേശങ്ങളിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത സംഘടനകൾ തെരുവുനായ്ക്കളുടെ വന്ധ്യംകരണം, സംരക്ഷണം, പൊതുജനങ്ങൾക്കു കടിയേൽക്കുന്ന സംഭവങ്ങൾ ചെറുക്കൽ എന്നീ കാര്യങ്ങളിൽ എന്തെല്ലാം ബോധവൽക്കരണ, പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന് സർക്കാർ അനുമതിയുണ്ടോ; ഇതിനു സംഘടനകൾ പണം മുടക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

**മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പാറശാല മണ്ഡലത്തിലെ പദ്ധതികൾ**

3942 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മുതൽ 2025 വരെ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പാറശാല മണ്ഡലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ പേര്, ഫണ്ട് വിവരം, അവയുടെ നിലവിലെ സ്ഥിതി തുടങ്ങിയ വിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ?

**കൊഴിഞ്ഞാമ്പാറ മൃഗാശുപത്രി**

3943 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-2, വാല്യം-2 ക്രമനമ്പർ 133 ആയി 20% ഫണ്ട് വകയിരുത്തിയിട്ടുള്ള കൊഴിഞ്ഞാമ്പാറ മൃഗാശുപത്രി ഹൈടെക് ലൈഫ് സ്റ്റോക്ക് പ്രൊഡക്ഷൻ ഫസിലിറ്റേഷൻ സെന്റർ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## കേരള ചിക്കൻ പദ്ധതി

3944 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ചിക്കൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര ഔട്ട്‌ലെറ്റുകൾ ആരംഭിച്ചിരുന്നുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) നിലവിൽ പ്രവർത്തിക്കുന്ന ഔട്ട്‌ലെറ്റുകളുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം കൂടുതൽ ഔട്ട്‌ലെറ്റുകൾ ഇനി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കേരള ചിക്കൻ ഔട്ട്‌ലെറ്റുകൾ ലാഭകരമായാണോ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ;

(ഇ) പെരിന്തൽമണ്ണ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കേരള ചിക്കൻ ഔട്ട്‌ലെറ്റുകളുടെ വിശദാംശം ലഭ്യമാക്കുമോ?

## ഉടുമ്പൻചോല മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിൽനടപ്പിലാക്കി വരുന്ന പദ്ധതികൾ

3945 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഉടുമ്പൻചോല മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ നടപ്പാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളെ സംബന്ധിച്ച വിശദാംശം നൽകാമോ?

## മൃഗസംരക്ഷണ-ക്ഷീരവികസന മേഖലയിൽ ആലത്തൂർ മണ്ഡലത്തിലെ വിവിധ പദ്ധതികൾ

3946 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണ-ക്ഷീരവികസന മേഖലയിൽ ആലത്തൂർ മണ്ഡലത്തിൽ വിവിധ പദ്ധതികൾക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദാംശം നൽകുമോ?

## മൊബൈൽ വെറ്ററിനറി യൂണിറ്റ്

3947 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഏതെല്ലാം ബ്ലോക്ക് പഞ്ചായത്തുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കോതമംഗലം ബ്ലോക്ക് പഞ്ചായത്തിൽ മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ സേവനം ഉറപ്പുവരുത്തുമോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത യൂണിറ്റുകൾ വഴി എന്തെല്ലാം സേവനങ്ങളാണ് ക്ഷീര കർഷകർക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## പശുക്കളിലെ കുളമ്പുരോഗം

3948 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പശുക്കളുടെ കുളമ്പുരോഗം ക്ഷീര കർഷകർക്ക് ഉണ്ടാക്കുന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

## കുണ്ടറ മണ്ഡലത്തിമൃഗാശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം

3949 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന മൃഗാശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## വെറ്ററിനറി ആംബുലൻസുകൾ

3950 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം ബ്ലോക്കുകൾക്കാണ് ആധുനിക സൗകര്യങ്ങളോടു കൂടിയ വെറ്ററിനറി ആംബുലൻസുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകൾക്കും പ്രസ്തുത ആംബുലൻസുകൾ അനുവദിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## മൃഗങ്ങളുടെ സെൻസസ്

3951 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗങ്ങളുടെ സെൻസസ് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; എങ്കിൽ എന്നാണ് പൂർത്തിയാക്കിയത്; കന്നുകാലി സെൻസസ് സംബന്ധിച്ച വിവരങ്ങൾ നേരത്തേ പ്രസിദ്ധീകരിച്ചിരുന്നോ; വിശദമാക്കുമോ;

(ബി) മൃഗങ്ങളുടെ സെൻസസിന്റെ ഭാഗമായി വളർത്തുനായ്ക്കളുടെയും തെരുവുനായ്ക്കളുടെയും എണ്ണം ശേഖരിച്ചിരുന്നോ; എത്ര വളർത്തുനായ്ക്കളും തെരുവുനായ്ക്കളുമാണ് സംസ്ഥാനത്തുള്ളത്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) സെൻസസ് പ്രവർത്തനങ്ങൾക്ക് ഏതൊക്കെ തസ്തികയിലുള്ള ജീവനക്കാരെയാണ് നിയോഗിച്ചത്; എത്ര പേരെ വീതമാണ് സംസ്ഥാന, ജില്ലാ തലങ്ങളിൽ നിയോഗിച്ചത്; തെരുവുനായ്ക്കളുടെ കണക്കെടുപ്പ് നടത്തുന്ന രീതി എങ്ങനെയാണ്; ഇതിന് രാജ്യവ്യാപകമായി അംഗീകരിച്ച മാനദണ്ഡം ഉണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനു മുൻപ് കന്നുകാലികളുടെയും തെരുവ്/വളർത്തു നായ്ക്കളുടെയും സെൻസസ് നടത്തിയത് എന്നാണ്; അത് പ്രകാരമുള്ള കണക്കുകൾ ലഭ്യമാക്കാമോ?

**ക്ഷീരവികസന മേഖലയെ പരിപോഷിപ്പിക്കാൻ സ്വീകരിച്ച നടപടികൾ**

3952 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന മേഖലയെ പരിപോഷിപ്പിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും എന്തെല്ലാം നേട്ടങ്ങളാണ് പ്രസ്തുത മേഖലയിൽ ഉണ്ടായിട്ടുള്ളതെന്നും വിശദമാക്കാമോ?

**ക്ഷീരവികസന വകുപ്പിന്റെ തീറ്റപ്പുൽകൃഷി വികസന പദ്ധതി**

3953 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുൽപ്പാദനത്തിലെ വരുമാനത്തിന്റെ 80 ശതമാനവും കാലികളുടെ തീറ്റയിനത്തിൽ ചെലവാകുന്നതു മൂലം ക്ഷീരകർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്ഷീരവികസന വകുപ്പിന്റെ തീറ്റപ്പുൽക്കൃഷി വികസന പദ്ധതിയുടെ ഭാഗമായി 'സുസ്ഥിര' ഉൾപ്പെടെയുള്ള തീറ്റപ്പുൽ വിഭാഗങ്ങൾ 505 ഹെക്ടർ വിസ്തൃതിയുള്ള മുണ്ടേരി സീഡ് ഫാമിന്റെ കൃഷി ചെയ്യാതെ കിടക്കുന്ന പ്രദേശത്ത് കൃഷി ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാമോ?

**ക്ഷീര വികസന വകുപ്പ് കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ**

3954 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ക്ഷീര വികസന വകുപ്പ് കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പദ്ധതിയ്ക്കുമായി ചെലവഴിച്ച തുക എത്ര വീതമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**പയ്യന്നൂർ മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി**

3955 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ഏതെങ്കിലും ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) 2025-26 സാമ്പത്തിക വർഷത്തെ ക്ഷീര ഗ്രാമ പദ്ധതിയിൽ പയ്യന്നൂർ മണ്ഡലത്തിലെ ഏതെങ്കിലും ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ ക്ഷീര വികസന പദ്ധതികൾ

3956 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ ക്ഷീര വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## ഒറ്റപ്പാലം മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി

3957 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി എവിടെയെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഒറ്റപ്പാലം മണ്ഡലത്തിൽ പുതുതായി ക്ഷീരഗ്രാമം പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## ക്ഷീര ഗ്രാമം പദ്ധതി

3958 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ വി ജോയി**
**ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷീരകർഷകരെ സഹായിക്കുന്നതിനുമായി ക്ഷീരഗ്രാമം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖാന്തിരം ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ പുതിയ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും കാലിത്തൊഴുത്ത് നിർമ്മാണത്തിനും സാമ്പത്തിക സഹായം ലഭ്യമാക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) നിലവിലുള്ള കർഷകർക്ക് പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ഫാമുകൾ ആധുനികീകരിക്കുന്നതിനും പ്രസ്തുത പദ്ധതി സഹായകമാണോ; വ്യക്തമാക്കാമോ;

(ഡി) ക്ഷീരമേഖല സ്വയം പര്യാപ്തത നേടി ക്ഷീരകർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രസ്തുത പദ്ധതി എത്രത്തോളം സഹായകരമാണ്; വിശദമാക്കാമോ?

## ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പഞ്ചായത്തുകൾ

3959 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ?

**എ-ഹെൽപ്പ് പദ്ധതി**

3960 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരകർഷകർക്ക് ഉദ്യോഗസ്ഥ സംവിധാനത്തോട് അടുത്ത ബന്ധം സ്ഥാപിക്കുവാനും പരമാവധി സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുമായി എ-ഹെൽപ്പ് എന്ന പേരിൽ പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോ; മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ഇത് എത്രത്തോളം സഹായകമായിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പ്രത്യേക കർമ്മസേനയ്ക്ക് രൂപം കൊടുത്തിട്ടുണ്ടോ; ഇവർക്ക് പരിശീലനം ലഭ്യമാക്കിയിട്ടുണ്ടോ; ഏതൊക്കെ വിഷയങ്ങളിലാണ് പരിശീലനം നൽകുന്നത്; വിശദമാക്കാമോ;

(സി) കർഷകർക്ക് പ്രസ്തുത കർമ്മസേനാംഗങ്ങളുടെ സേവനം ഏതെല്ലാം തരത്തിലാണ് പ്രയോജനപ്പെടുന്നത്; വിശദമാക്കാമോ?

**ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

3961 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലുല്പാദനത്തിന് ആനുപാതികമായി ക്ഷീരകർഷകർക്ക് വില ലഭിക്കാത്തതിനാൽ അവർ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പാലുല്പാദനത്തിൽ സ്വയംപര്യാപ്തമാകുവാൻ പ്രസ്തുത മേഖലയിലെ കർഷകർക്കായി എന്തെല്ലാം പുതിയ പദ്ധതികൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) കാലിത്തീറ്റ ഉൾപ്പെടെയുള്ള സാധനങ്ങൾ കൂടുതൽ സബ്സിഡി നിരക്കിൽ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**നെയ്യാറ്റിൻകര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങൾ**

3962 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ നെയ്യാറ്റിൻകര നഗരസഭയിലും അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലുമായി എത്ര ക്ഷീരസംഘങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ; ഓരോ സംഘങ്ങളുടെയും പേരു വിവരം വ്യക്തമാക്കാമോ?

**ക്ഷീരവികസന വകുപ്പിനു കീഴിലെ പരസ്യങ്ങളുടെ വിശദാംശം**

3963 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, ഈ കാലയളവിൽ പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ വ്യക്തമാക്കാമോ?

**സംസ്ഥാനത്ത് പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ**

3964 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) അയൽസംസ്ഥാനത്ത് നിന്ന് കൊണ്ടുവരുന്ന പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**മാവേലിക്കര മണ്ഡലത്തിലെ ക്ഷീരവികസന പദ്ധതികൾ**

3965 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരമേറ്റതു മുതൽ നാളിതുവരെ ക്ഷീരവികസന വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

**കേരള മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ ചോക്ലേറ്റ് നിർമ്മാണം**

3966 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ വിപണിയിൽ ഇറക്കിയ ചോക്ലേറ്റ് നിർമ്മിച്ചത് ഏത് സംസ്ഥാനത്താണ്; പ്രസ്തുത ചോക്ലേറ്റ് ഉൽപ്പന്നങ്ങളുടെ വ്യാപാരത്തിൽ മിൽമയ്ക്ക് നഷ്ടമുണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ചോക്ലേറ്റ് ഉൽപ്പന്നങ്ങൾക്ക് വില്പന കുറവായത് മൂലം തിരിച്ചെടുക്കേണ്ടി വന്നിട്ടുണ്ടോ; ഈ ഇനത്തിൽ വന്ന നഷ്ടം എത്രയാണ് എന്ന് വ്യക്തമാക്കാമോ;

(സി) കേരള മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ വിപണിയിൽ ഇറക്കിയ ചോക്ലേറ്റ് നിർമ്മിച്ചതുമായി ബന്ധപ്പെട്ട് കരാർ നൽകിയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## മിൽമ ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തൽ

3967 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ ബ്രാൻഡിങ്ങിൽ സർക്കാർ പുറത്തിറക്കുന്ന ഉൽപ്പന്നങ്ങൾ ഏതൊക്കെയാണ്; മിൽമ നേരിട്ട് ഉൽപ്പാദനവും വിപണനവും നടത്തുന്നവയും മറ്റു നിർമ്മാതാക്കളിൽ നിന്ന് സംഭരിച്ച് മിൽമ ബ്രാൻഡിങ്ങിൽ വിൽപ്പന നടത്തുന്നവയും തരം തിരിച്ച് അറിയിക്കുമോ;

(ബി) മറ്റുള്ള ഉൽപ്പാദകരിൽ നിന്നും സംഭരിച്ച് വിപണനം നടത്തുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ;

(സി) ജനങ്ങളുടെ വിശ്വാസ്യത ആർജ്ജിച്ച മിൽമ പോലൊരു ബ്രാൻഡ് നെയിം ഉണ്ടായിട്ടും മറ്റു പാൽ പാലുൽപ്പന്ന ബ്രാൻഡുകൾ വിപണിയിൽ വൻ വില്പന മൂല്യം നേടുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും മിൽമയുടെ മുഴുവൻ ഉൽപ്പന്നങ്ങളും ലഭ്യമല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വ്യാപാരി സൗഹൃദമല്ലാത്ത കച്ചവട രീതികളും പരുക്കൻ വിപണന ഇടപെടലുകളും മിൽമ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിൽ നിന്ന് വ്യാപാരികളെ പിന്തിരിപ്പിക്കുന്നു എന്ന ആരോപണം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(എഫ്) എങ്കിൽ വിപണന വിതരണ രംഗത്തെ ജീവനക്കാർക്ക് മതിയായ പരിശീലനം നൽകിയും ആധുനിക വിപണന വിതരണ സങ്കേതങ്ങൾ ഉപയോഗിച്ച് വിപണന വിതരണ രംഗം കൂടുതൽ വ്യാപാരി സൗഹൃദമാക്കിയും മുഴുവൻ മിൽമ ഉൽപ്പന്നങ്ങളും സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും വിതരണം ചെയ്യുന്നു എന്ന് ഉറപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

## ക്ഷീരവികസന വകുപ്പ് ബാലുശ്ശേരി മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ

3968 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരവികസന വകുപ്പ് ബാലുശ്ശേരി മണ്ഡലത്തിൽ നടത്തിയ പ്രധാന വികസന പ്രവർത്തനങ്ങൾ ഏതെല്ലാമാണ്; വിശദമാക്കാമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ എത്ര മിൽമ സൊസൈറ്റികൾ പ്രവർത്തിച്ചുവരുന്നുണ്ട്; പ്രസ്തുത സൊസൈറ്റികൾ ലാഭകരമായിട്ടാണോ പ്രവർത്തിച്ചുവരുന്നത്;

വിശദമാക്കാമോ?

**മിൽമ സംഭരിക്കുന്ന പാലിന് നൽകുന്ന വില**

3969 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ സംഭരിക്കുന്ന പാലിന് ലിറ്ററിന് എത്ര രൂപ വീതമാണ് കർഷകർക്ക് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പാൽ വിലയ്ക്ക് പുറമെ ക്ഷീരകർഷകർക്ക് മറ്റ് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്;

(സി) തീറ്റ ഉൾപ്പെടെയുള്ള സാധനങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കാമോ?

**ഉരുക്കളുടെ വേനൽക്കാല ഇൻഷുറൻസ് പദ്ധതി**

3970 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉരുക്കളുടെ വേനൽക്കാല സംരക്ഷണാർത്ഥം മിൽമയുടെ സഹായത്തോടെ നടപ്പിലാക്കുന്ന ഉരുക്കളുടെ വേനൽക്കാല ഇൻഷുറൻസ് പദ്ധതിയിലൂടെ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര രൂപയുടെ നഷ്ടപരിഹാരം ഉരുക്കളെ നഷ്ടമായ ക്ഷീര കർഷകർക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**നെയ്യാറ്റിൻകര മണ്ഡലത്തിൽ ക്ഷീര കർഷകർക്കായി നടപ്പിലാക്കിയ പദ്ധതികൾ**

3971 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ നെയ്യാറ്റിൻകര നഗരസഭയിലെയും അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലെയും ക്ഷീര കർഷകർക്കായി 2021-22, 2022-23, 2023-24, 2024-25, 2025-26 എന്നീ സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയ്ക്കും വിനിയോഗിച്ച തുക എത്ര എന്ന് വ്യക്തമാക്കാമോ?

**അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന പാലിന്റെ ഗുണനിലവാരം**

3972 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദൈനംദിന ഉപയോഗത്തിനായി അന്യ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന പാലിന്റെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ; ഒരു ദിവസം എത്ര ലിറ്റർ പാൽ വാങ്ങുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

**ഷൊർണ്ണൂർ മണ്ഡലത്തിലെ ക്ഷീര സഹകരണ സംഘങ്ങൾ**

3973 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ ആകെ എത്ര ക്ഷീര സഹകരണ സംഘങ്ങൾ ഉണ്ട്; അവയിൽ സജീവമായി പ്രവർത്തിക്കുന്നവ ഏതൊക്കെയാണ്; വിശദമാക്കാമോ?

**<u>മൃഗചികിത്സയുമായി ബന്ധപ്പെട്ട് ഇരുപത്തിനാല് മണിക്കൂറും ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് സംവിധാനം</u>**

3974 **ശ്രീ. ആന്റണി ജോൺ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് തങ്ങളുടെ പക്ഷിമൃഗാദികളെ ബാധിക്കുന്ന രോഗങ്ങളെ പ്രതിരോധിക്കുന്നതിനും യഥാസമയം ചികിത്സ ലഭിക്കുന്നതിനുമായി ഇരുപത്തിനാല് മണിക്കൂറും ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) മൃഗചികിത്സയുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി പ്രത്യേക കോൾ സെന്റർ സംവിധാനത്തിന് രൂപം കൊടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
01-10-2025

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].